കെ വേലപ്പൻ

# അഞ്ചു ലേഖനങ്ങൾ

(മലയാളം: ലേഖനങ്ങൾ)

2014
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Anchu Lekhanangal**
Malayalam essays
by **K Velappan**

Copyright ©2014 Smt Rosamma

EPUB/PDF version published: 2014

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2013. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . iii

കെ വേലപ്പൻ . . . v

1 കോലംകെട്ടുന്ന കേരള തലസ്ഥാനം . . . 1

2 ഒരു സിതാർ ഒരു മനസ്സ് . . . 9

3 ഏങ്ങലടിക്കുന്ന ഇന്ത്യയിലൂടെ . . . 17

4 ഓണമെന്നാൽ... . . . 23

5 ഇവിടെ ഒരു മഹാരാജാവ് നിശ്ശബ്ദനായി ജീവിക്കുന്നു . . . 27

# കെ വേലപ്പൻ

കെ വേലപ്പൻ ഒരു പത്രപ്രവർത്തകനും സിനിമാനിരൂപകനുമായിരുന്നു.

തിരുവനന്തപുരത്തിനടുത്തുള്ള ഉച്ചക്കടയിൽ ഓമന–കൃഷ്ണൻ നായർ ദമ്പതിമാരുടെ സീമന്തപുത്രനായി വേലപ്പൻ ജനിച്ചു. ഭാഷാശാസ്ത്രത്തിൽ എം.എ. ബിരുദം നേടിയ ശേഷം ഒരു ചെറിയ കാലം കേരള സർവ്വകലാശാല ഓഫീസിൽ ഉദ്യോഗസ്ഥനായി ജോലി നോക്കി. കലാകൗമുദി വാരികയിൽ ലേഖനങ്ങളെഴുതിയാണ് പത്രപ്രവർത്തനരംഗത്ത് പ്രവേശിക്കുന്നത്. 1984-ൽ കലാകൗമുദി വാരികയിൽ സ്ഥിരം ജീവക്കാരനായി ചേർന്നു. 1985-ൽ റോസമ്മയെ വിവാഹം കഴിച്ചു. വേലപ്പന്റെ ഗാർഹിക–സാമൂഹ്യാന്തരീക്ഷത്തിൽ ചെറിയതോതിലെങ്കിലും ഈ വിവാഹം ഒച്ചപ്പാടുണ്ടാക്കി. വിഭിന്ന മതസ്ഥരായിരുന്നുവെന്നത് കൂടാതെ, ശിരോവസ്ത്രം ഉപേക്ഷിച്ച കന്യാസ്ത്രീ ആയിരുന്നു, റോസമ്മ. റോസമ്മ–വേലപ്പൻ ദമ്പതിമാർക്ക് ഒരു മകനുണ്ട്, അപു. സത്യജിത് റേയുടെ അപു സിനിമാത്രയത്തിലെ പ്രധാനകഥാപാത്രത്തിന്റെ ഓർമ്മയ്ക്കാണ് മകന് അപുവെന്ന് പേരിട്ടത്. ആസ്ത്മാ രോഗിയായിരുന്ന വേലപ്പൻ 1992 ജൂലൈ 15-ന് ഹൃദയാഘാതം മൂലം മരണമടഞ്ഞു.

മരണാനന്തരം വേലപ്പന്റെ ചലച്ചിത്രലേഖനങ്ങളെല്ലാം സമാഹരിച്ച് സിനിമയും സമൂഹവും എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഈ പുസ്തകത്തിന് 1994-ലെ മികച്ച ചലച്ചിത്രകൃതിക്കുള്ള കേരളസംസ്ഥാന ഫിലിം അവാർഡും ഫിലിം ക്രിട്ടിക് അവാർഡും കിട്ടുകയുണ്ടായി. വയനാട്ടിലെ ഗോത്രവർഗ്ഗങ്ങൾ സംസാരിക്കുന്ന ഭാഷയെക്കുറിച്ച് എഴുതിയ ആദിവാസികളും ആദിവാസി ഭാഷകളും എന്ന പുസ്തകത്തിന് 1994-ൽ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

# 1

## കോലംകെട്ടുന്ന കേരള തലസ്ഥാനം

പത്തിരുപതു കൊല്ലം മുമ്പുവരെ തിരുവനന്തപുരം നഗരത്തിന് ഇന്ത്യയിൽ പ്രത്യേകമായൊരു സ്ഥാനമുണ്ടായിരുന്നു. ഈ രാജ്യത്തെ ഏറ്റവും ശുചിയും ഏറ്റവും മനോഹരവുമായ തലസ്ഥാന നഗരം, വെടിപ്പാർന്ന റോഡുകൾ, ഇരുവശത്തും പച്ചമരപ്പടർപ്പുകൾക്കിടയിൽ നിന്ന് ശാലീനമായി ഒളിഞ്ഞു നോക്കുന്ന കെട്ടിടങ്ങൾ, നഗരമാണെങ്കിലും ഗ്രാമഭംഗികൾ, ചരിത്രകാലവും വർതമാനകാലവും ചേർന്നിരുന്ന് സ്വച്ഛന്ദം സല്ലപിക്കുന്ന അന്തരീക്ഷം...

അതൊക്കെ എങ്ങോ പോയി. തിരുവനന്തപുരം ഇന്ന് വലിയൊരു നഗരത്തിന്റെ വേഷം കെട്ടിക്കഴിഞ്ഞു. പഴയ തിരുവനന്തപുരം എല്ലാ പിടിയുംവിട്ട് എങ്ങോ പറന്നു തുടങ്ങിക്കഴിഞ്ഞു. എല്ലാ വൻകരകളിലും, എല്ലാ നഗരങ്ങളിലും തീക്കാറ്റുപോലെ വീശി നിൽക്കുകയും ഗ്രാമങ്ങളെക്കൂടി കീഴ്പ്പെടുത്തിതുടങ്ങുത്തുടങ്ങുകയും ചെയ്തിട്ടുള്ള കോൺക്രീറ്റ്-കോൺട്രാക്ടർ സംസ്കാരം തിരുവനന്തപുരത്തെ അതിന്റെ മൗലികമായ ചന്തങ്ങളിൽ നിന്ന് അപഹരിച്ചു കഴിഞ്ഞിരുന്നു. തിരുവനന്തപുരം ഇനി ലോകത്തെ ഏതു കോൺക്രീറ്റ് വനത്തിന്റെയും ഒരു കുട്ടിപതിപ്പായെ അറിയപ്പെടു.

ഇത് തിരുവനന്തപുരത്തോട് സ്നേഹമുള്ളവരുടെ ദുഃഖമാണ്.

എന്നാൽ ഈ പേജുകളിൽ ഇത് ഒരു വാസ്തുശില്പിയുടെ ദുഃഖമാണ്. തിരുവനന്തപുരം എന്ന ഈ നഗരത്തിന്റെ ഹൃദയത്തുടിപ്പുകൾക്ക് ഒരു വ്യാഴവട്ടക്കാലമായി കാതോർത്തുകഴിയുന്ന ഒരു വിദേശിയുടെ ദുഃഖം. നിങ്ങളിൽ പലർക്കുമറിയാം ആ മനുഷ്യനെ. ലോകപ്രശസ്തനായ ലാറി ബേക്കർ. തിരുവനന്തപുരം കോലം കെട്ടുന്നതിൽ, അഥവാ വീണ്ടെടുക്കാനാവാക്കവിധം കോലം കെട്ടുപോയതിൽ ആത്മസങ്കടം കൊണ്ടു കഴിയുകയാണ് ലാറി ബേക്കർ.

ഓ, ലാറിബേക്കർ, അല്ലേ, അദ്ദേഹം അങ്ങനെയൊക്കെപ്പറയും എന്നു ഹാസ്യം പുരണ്ട വാക്കുകളിൽ ഇതിനെ തള്ളിപ്പറയാൻ ആളുണ്ടെന്നത് ഈ ലേഖകനറിയാം. പക്ഷെ

ലാറി ബേക്കർ ആൾക്കൂട്ടങ്ങളുടെ ആളല്ല.

തിരുവനന്തപുരവും ബേക്കറും തമ്മിലുള്ള ബന്ധം ഹൃദയഹാരിയായ ഒരു സൗഹൃദസംവാദമാണ്. പതിനാലു വർഷത്തെ സുദീർഘമായ കൊള്ളൽ കൊടുക്കലുകളിലൂടെ വളർന്ന സാന്ദ്രമായ ആത്മബന്ധം. ഈ ബന്ധത്തിന്റെ തുടക്കം ബേക്കർ ഇങ്ങനെ അനുസ്മരിക്കുന്നു. ഈ നഗരത്തെ സംബന്ധിച്ചിടത്തോളം എന്റെ ആദ്യത്തെ ഓർമ്മ കിഴക്കെകോട്ടയുമായി ബന്ധപ്പെട്ടതാണ്. അവിടുത്തെ പുരാതന മന്ദിരങ്ങളുടെ ഓടിട്ട കൂരകൾ എന്നെ മണിക്കൂറുകളോളം പിടിച്ചുനിറുത്തിയിട്ടുണ്ട്. പൂപ്പൽ പച്ചച്ചായം പിടിപ്പിച്ച കൊച്ചോടുകൾ പൂണ്ടു നിൽക്കുന്ന ആ കൂരകൾ പോയ കാലത്തിന്റെ ജീവിതഗന്ധം അനുസ്മരിച്ചുനിന്നിരുന്നു. ഇന്നോ, അറപ്പുളവാക്കുന്ന വാൾപോസ്റ്ററുകളും പിഞ്ഞിക്കീറി കാറ്റത്തു പാറുന്ന കൊടിക്കൂറകളും ബാനറുകളുമെല്ലാം നഗരത്തിന്റെ ആ മുഖകാന്തിയെ മറച്ച് വികലമാക്കുന്നു. കിഴക്കെക്കോട്ടയിലെ കെട്ടിടങ്ങളിൽ പലതിനും തമിഴ്ചുവയുള്ള ചുവരുകളുണ്ടെങ്കിലും അവയുടെ കൂരകൾ തനികേരളീയം തന്നെ. തിരുവിതാംകൂറിലേയ്ക്ക് കുടിയേറിപ്പാർത്ത തമിഴർ അവരുടെ വാസ്തുവിദ്യയും കൂടെകൊണ്ടുവന്നു. വിഭിന്ന വാസ്തുവിദ്യകളുടെ സങ്കലനം വളരെപ്പണ്ടുതന്നെ കിഴക്കെക്കോട്ട ഭാഗത്തു നടന്നിരുന്നു. തിരുവിതാംകൂറിന്റെ വാസ്തുശില്പകലാപാരമ്പര്യത്തിൽനിന്ന് ലാറി ബേക്കർ എന്ന ആർക്കിറ്റെക്ട് വളരെയേറെ ഉൾക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരത്തിന്റെ നഷ്ടസൗഭാഗ്യങ്ങളെയോർത്ത് ദുഃഖിക്കുന്ന ആ കലാകാരൻ നഗരത്തിന്റെ പ്രാന്തങ്ങളിലായി ആയിരത്തിതൊന്നൂറിലേറെ കെട്ടിടങ്ങൾ പണിത് തിരുവിതാംകൂറിന്റെ വാസ്തുശില്പകലാപാരമ്പര്യത്തിന് മുതൽക്കൂട്ടിയ ആളാണ്. ഒരർത്ഥത്തിൽ മഹത്തായ ഒരു പാരമ്പര്യത്തിന്റെ നഷ്ടസുഗന്ധങ്ങൾ സ്വയം ആവാഹിച്ചുനില്ക്കുന്ന ഓജസ്സുറ്റ കലാരൂപങ്ങളാണവ. നാലാഞ്ചിറയിലെ കുന്നിൻചെരിവിലുള്ള ബേക്കറുടെ സ്വന്തം വീടുതന്നെ അതിനു നല്ല മാതൃകയാണ്. പന്ത്രണ്ടുകൊല്ലമായി നിരന്തരം വളരുന്ന ഒരു ജൈവരൂപമാണ് ആ ഗൃഹം.

ജന്മം കൊണ്ട് ഇംഗ്ലീഷ്കാരനാണെങ്കിലും ലാറിബേക്കർ തന്റെ ജിവിതത്തിന്റെ മുക്കാൽ പങ്കും നൽകിയത് ഇന്ത്യയ്ക്കാണ്. കേരളവുമായി അദ്ദേഹത്തിന് അടുത്ത ഹൃദയബന്ധമാണുള്ളത്. കോട്ടയം സ്വദേശിനി ഡോക്ടർ എലിസബത്ത് ആണ് ആദ്ദേഹത്തിന്റെ ജിവിതസഖി. ജിവിതംകൊണ്ടും മനസ്സുകൊണ്ടും കേരളീയനാണ് ബേക്കർ ഇപ്പോൾ.

ബേക്കർ പറയുന്നു, നമ്മുടെ സ്വന്തമാണ് കേരളീയ വാസ്തുശില്പകല. ഇതിനെ പരിരക്ഷിക്കാൻ നമ്മൾ ശ്രമിക്കുന്നില്ല എന്നത് വേദനാജനകരമാണ്. ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നെ നമ്മുക്കൊരിക്കലും അതൊന്നും പുനഃസൃഷ്ടിക്കാൻ കഴിയുകയില്ല. പഴയതിനെയെല്ലാം ഇടിച്ചുനിരത്തിയിട്ട് പുതിയവ കെട്ടിപ്പോക്കാനുള്ള വാസനയാണ് നമുക്ക്. യൂറോപ്പിലാകട്ടെ പഴയ ശൈലിയും പുതിയ ശൈലിയും തമ്മിലിണക്കാനാണ് ശ്രമം. പഴമയും പുതുമയും ചേർച്ചയോടെ തൊട്ടുരുമ്മി നിൽക്കുന്നു. ഇവിടെ, നമ്മളോ? ചരിത്രാവശിഷ്ടങ്ങളെ തകർക്കാനും തുടച്ചുനീക്കാനുമാണ് നാം മുതിരുന്നത്. യൂറോപ്പിലെ പാലസുകളോടും മേനർഹൗസുകളോടും കിടനിൽക്കാൻ പോന്ന അതിമനോഹരമായ വാസ്തുവിദ്യമാതൃകകൾ നമുക്കുണ്ട്. പത്മനാഭപുരം കൊട്ടാരവും കിഴക്കേക്കോട്ടയുമെല്ലാം ഉദാഹരണങ്ങൾ.

പഴമയുടെ ആ ചേതോഹാരിതകളെ നമ്മളെന്തിനു നശിപ്പിക്കാൻ മുതിരുന്നു?

തിരുവനന്തപുരത്തിന് അതിന്റെ പ്രാക്തനഭംഗികൾ വൻതോതിൽ നഷ്ടമായത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിലാണ്. ഇനിയൊരിക്കലും തിരിച്ചുകിട്ടാത്തവിധം നഗരത്തിനു നഷ്ടമായ ഒരു വാസ്തുശില്പമാതൃകയെക്കുറിച്ചോർത്ത് ബേക്കർ പലപ്പോഴും നൊമ്പരപ്പെടാറുണ്ട്. കേരളീയ വാസ്തുവിദ്യയുടെ മനോഹരവും വളരെ സവിശേഷതയാർന്നതുമായ ഒരു കമാനം (Gateway) കിഴക്കെക്കോട്ടയ്ക്കടുത്ത് എയർപ്പോർട്ട് റോഡിനു കുറുകെ പണ്ടുണ്ടായിരുന്നു. ഒരു ആനക്കൊട്ടിലിന്റെ കവാടമായിരുന്നു, അത്. പന്ത്രണ്ടുകൊല്ലം മുമ്പ് ഒരു വാരാന്ത്യത്തിൽ പൊടുന്നനെ അത് "അപ്രത്യക്ഷമായി" – റോഡ് വീതി കൂട്ടിയപ്പോൾ പിഡബ്ളിയൂഡിക്കാർ ഇടിച്ചുനിരത്തി. റോഡ് തിരിച്ചുവിടാവുന്നതേയുണ്ടായിരുന്നുള്ളൂ. നമ്മുടെ വാസ്തുവിദ്യാപാരമ്പര്യത്തിന്റെ അമൂല്യങ്ങളായ ഇത്തരം മുത്തുകളെ കാത്തുസൂക്ഷിക്കുന്നതിനെക്കാളേറെ നമ്മൾ പരിഗണിക്കുന്നത് ഒരുപിടിയാളുകളുടെ സൗകര്യത്തെയും ആധുനികതയുടെ കാര്യക്ഷമതയേയുമാണ്. അനിഷ്ടത്തെച്ചൊല്ലിയുള്ള ദുഖഃത്തിന്റെ പൂർണ്ണമായ അഭാവം അതാണ് സൂചിപ്പിക്കുന്നത്. ഈ മനോഹരദൃശ്യത്തോട് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട, പേരിൽ മാത്രം "ആധുനിക"മായ കെട്ടിടങ്ങൾ, "ദുശ്ശീലം" തിരഞ്ഞെടുക്കൽ നമ്മുടെ സ്വഭാവമാണെന്നത് വ്യക്തമാകുന്നു. ആ തീരാനഷ്ടത്തിനെതിരെ ഓരോറ്റ മനുഷ്യനും ശബ്ദമുയർത്തിയില്ല; അതൊരു വലിയ നഷ്ടമായി ആരും കരുതിയതുമില്ല. ഗുരുവായൂരിൽ മാത്രമല്ലാതെ കേരളത്തിൽ മറ്റൊരിടത്തും അത്തരമൊരു കമാനം ഉള്ളതായി അറിയില്ല. ജിപിഒ ബിൽഡിംഗ് ഇന്നില്ല. അതിനെതിർവശത്ത് റോഡിനപ്പുറം പണ്ടൊരു ഇരുനിലക്കെട്ടിടമുണ്ടായിരുന്നു. കേരളീയവാസ്തുവിദ്യയ്ക്ക് ഒരുത്തമമാതൃക. തടിയിൽ കടഞ്ഞെടുത്ത ഒരു കൊച്ചുമന്ദിരം. താഴത്തെ നിലയിൽ കടമുറികളായിരുന്നു. അതും ഇന്നില്ല. ആ കെട്ടിടത്തിന്റെ മട്ടുപ്പാവിൽനിന്നും ഒരു സ്ത്രീ ചപ്പുചവറുകൾ വാരി താഴോട്ടിടുന്നത് റോഡരികിലൂടെ നടന്നുപൊകുന്നവരുടെ മേൽ വീഴും. പലപ്പോഴും ആ ദൃശ്യം കണ്ട് തമാശ തോന്നിയ സന്ദർഭങ്ങൾ ബേക്കർ ഇന്നും ഓർക്കുന്നുണ്ട്. ചിലപ്പോഴൊക്കെ ബേക്കറുടെ തലയിലും വന്നുവീണിട്ടുണ്ട് ചപ്പുചവറുകൾ. ആ കെട്ടിടം അവിടെ ഇപ്പോഴില്ല.

ഈ നഷ്ടങ്ങളെക്കാളും ഭയങ്കരമാണ് ലക്ഷണംകെട്ട നഗരവികസനം. സെക്രട്ടറിയറ്റ് മന്ദിരം അതിന്റേതായ ശൈലിയിൽ മനോഹരമാണ്. ഭാരതീയമോ കേരളീയമോ ആയി അതിലെന്തെങ്കിലും ഉണ്ടെന്ന് പറയുക വയ്യ. എങ്കിലും നഗരത്തിന് അതൊരഭിമാനമാണ്.

## ഇവിടെ ഒരു നിമിഷം നിൽക്കു

തിരുവനന്തപുരത്തിന് തനതായുള്ള ചന്തങ്ങളെ നിലനിറുത്തിക്കൊണ്ടുതന്നെ ഈ നഗരത്തിന്റെ വികസനം സാദ്ധ്യമാക്കാവുന്നതെയുള്ളുവെന്ന് ബേക്കർ വാദിക്കുന്നു. തന്റെ സങ്കൽപ്പത്തിലുള്ള നഗരവികസനത്തിന് ഉദാഹരണം അദ്ദേഹം വിശദീകരിക്കുന്നതിങ്ങനെയാണ്: ഇന്ത്യൻ കോഫി ഹൗസിന് മുന്നിൽ റോഡിനപ്പുറം നിന്നു നോക്കുമ്പോൾ കോഡർ ബിൽഡിംഗ്സ് ഉൾപ്പെടെ കേരളീയ ശൈലിയിലുള്ള ഏതാനും കെട്ടിടങ്ങൾ ഇപ്പോഴും തലയുയർത്തി നിൽക്കുന്നതു കാണാൻ കഴിയും. അവയ്ക്കു മുന്നിലെ ഇടുങ്ങിയ

മെയിൻ റോഡിനെ നടപ്പാത മാത്രമായി മാറ്റുകയാവും ഞാനാണെങ്കിൽ ചെയ്യുക. ഈ പഴയ കെട്ടിടങ്ങളുടെ ചുറ്റുമുള്ള തുറസ്സായ സ്ഥലങ്ങളും നമുക്കുപയോഗപ്രദമാക്കാം. അവയ്ക്കു പിറകിലെ മരങ്ങളുടെ പശ്ചാത്തലവും ആഹ്ലാദപ്രദമാക്കാം. അവയ്ക്കെല്ലാം പിറകിലാക്കാം വാഹന ഗതാഗതത്തിനുള്ള റോഡ്. പാർക്കിംഗ്, സ്ഥാപനങ്ങൾ, മാനം മുട്ടുന്ന മോഡേൺ ഷോപ്പുകൾ, ഓഫീസുകൾ തുടങ്ങിയവയൊക്കെ. ഇപ്പോഴത്തെ മെയിൻറോഡിനും നൂറുമീറ്റർ പിറകിലാക്കും വാഹനഗതാഗതത്തെ. മെയിൻ റോഡിന്റെ സ്ഥാനത്ത് തണൽ മരങ്ങളും പൂമരങ്ങളും നടും. കാൽനടയാത്രക്കാർക്ക് മാത്രം സഞ്ചാരയോഗ്യമാക്കും അതിനെ. ഏജീസ് ഓഫീസിന്റെ പൊക്കമുള്ള മതിലിനെ തള്ളിയിട്ട് പകരം ഗ്രില്ലിടും. അപ്പോൾ പൂന്തോട്ടത്തിന്റെ പശ്ചാത്തലത്തിൽ ഏജീസ് ഓഫീസ് വളപ്പിലെ അതിമനോഹരമായ ആ പഴയ കെട്ടിടത്തെയും കേരളീയമായ പ്രൗഢിയെല്ലാം ഒത്തുചേർന്ന അതിന്റെ കൂരയെയും കൺകളിർക്കെ കാണാൻ വഴിയാത്രക്കാർക്ക് സാധിക്കുകയും ചെയ്യും.

പക്ഷെ, അതിനിരുവശത്തും ഈയിടെ കെട്ടിപ്പൊക്കിയ കോൺക്രീറ്റ് ചിറകുകൾ ഭീകരമാണ്; അറപ്പുളവാക്കുന്ന വൈകൃതത്തൊങ്ങലുകളാണ്. ഏജീസ് ഓഫീസ് വളപ്പിലെ പഴയ കെട്ടിടം കേരളഭംഗികൾ നിറഞ്ഞതവയാണ്. തൊട്ടടുത്ത പുതിയ കെട്ടിടത്തിന് കേരളവാസ്തുശില്പശൈലിയുമായി ഒരു ബന്ധവുമില്ല. ഇന്ത്യൻ കോഫിഹൗസ്, പുത്തൻ കോൺക്രീറ്റ് കെട്ടിടങ്ങളുടെയിടയിൽ കുടുങ്ങിയാണെങ്കിലും, ഇപ്പോഴും നിലനിൽക്കുന്നു. അതിനെ ഇടിച്ചുനിരത്താനുള്ള നീക്കങ്ങളെ കോഫീഹൗസ് തൊഴിലാളികൾ എതിർത്തുകൊണ്ടിരിക്കുകയാണ്. സുന്ദരമായ ഈ കൊച്ചുകെട്ടിടത്തിന് നേരെയും ഭിഷണി നിലനിൽക്കുന്നു. റോഡിനപ്പുറമിപ്പുറം ഇണകളെപ്പോലെ രണ്ടു കെട്ടിടം ഉണ്ടായിരുന്നു. ഈ അടുത്തകാലത്താണ് അപ്പുറത്തെ കെട്ടിടം നശിപ്പിക്കപ്പെട്ടത്. അതിന്റെ സ്ഥാനത്ത് ഒരു മാനംമുത്തി ഉയരുന്നു. അനുയോജ്യമായ 'ലാന്റ്സ്കേപ്പിങ്ങി'ലൂടെ ആ ഇരട്ടക്കെട്ടിടങ്ങളെ പുതിയൊരു 'പെഡസ്ട്രിയൻ ഏരിയ'യുടെ നടുക്ക് വാസ്തുശില്പകലയുടെ ചെറിയൊരു മുത്താക്കാമായിരുന്നു. പൂക്കളും മരങ്ങളും കൊണ്ട് മനോഹരമാക്കാവുന്ന ഒരു പ്രദേശം. യൂണിവേഴ്സിറ്റി കോളേജിനെതിരെ കേരളാ ട്രാവൽസ് പ്രവർത്തിച്ചിരുന്ന കെട്ടിടമിരുന്ന സ്ഥലത്ത് ഇപ്പോളുയരുന്ന കോൺക്രീറ്റ് ഭീകരരൂപം ആ പ്രദേശത്തിന്റെ ഭംഗിയെ ആകെ അലങ്കോലപ്പെടുത്തുന്നു. വി.ജെ.റ്റി.ഹാളിനു പിറകിൽ ഉയർന്നു കൊണ്ടിരിക്കുന്ന മാനംമുത്തിയും അസന്തുലിതമായ നഗരവികസനം ഉണ്ടാക്കിവയ്ക്കുന്ന ലക്ഷണക്കേടാവുന്നു. മ്യൂസിയം കവാടത്തിനു മുന്നിൽ എൽ.എം.എസ്.വളപ്പിൽ പണിഉയുർത്തിക്കൊണ്ടിരിക്കുന്ന ബഹുനില കൊൺക്രീറ്റ് ഭീമൻ, ഭാവാനാശൂന്യമായ നഗരസംവിധാനത്തിന്റെ ക്രൂരമായ ഉദാഹരണമാണ്. ഇതിനടുത്തു തന്നെയുള്ള കോർപ്പറേഷൻ മന്ദിരവും തൊട്ടടുത്ത് ഈയിടെ പൊങ്ങിയ കൂറ്റൻ കണ്ണാടിക്കൂട്ടം ഈ പ്രദേശത്തിന്റെ സൗന്ദര്യത്തെ നശിപ്പിച്ചിരിക്കുന്നു. പഴയ എൻജിനീയറിംഗ് കോളേജിന്റെ മനോഹാരിതകളെ വിഴുങ്ങിക്കൊണ്ട് അതിനു പിറകിലും ഭീകരരൂപങ്ങൾ ഉയർന്നുകൊണ്ടിരുന്നു. തിരുവനന്തപുരം ഒരു കോൺക്രീറ്റ് വനമായിമാറാൻ ഇനി അധികകാലം വേണ്ടിവരില്ലെന്ന് ബേക്കർ ഭയപ്പെടുന്നു. പുതിയത് നിർമ്മിക്കരുതെന്നല്ല അദ്ദേഹം പറയുന്നത്. അത് നമ്മുടെ പാരമ്പര്യത്തെ പാടെ ഇല്ലാതാക്കിക്കൊണ്ടോ മുച്ചൂടും അലങ്കോലപ്പെടുത്തിക്കൊണ്ടോ ആകരുതെന്ന് മാത്രം.

കാരണം കെട്ടിടം കാണാനുംകൂടിയുള്ളതാണ്. ജനങ്ങൾക്ക് സ്വാസ്ഥ്യത്തോടെ സുരക്ഷിതത്വബോധത്തോടെ നോക്കാനൊരിടവും ഇല്ലാതെ പോകരുത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ജനങ്ങൾക്ക് അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശമുണ്ട്.

കെട്ടിടങ്ങൾ മനുഷ്യസ്വഭാവത്തെ സ്വാധീനിക്കും. കോൺക്രീറ്റ് പെട്ടകങ്ങളിൽ കുടുങ്ങികിടക്കുന്ന മനുഷ്യർക്ക് അയൽപക്കസൗഹൃദങ്ങൾ പാടെ നഷ്ടമാവും. സാമൂഹികമായ ഒരുമ അവർക്കിടയിൽ വളരില്ല. വികസനം അസന്തുലിതവും അനിയന്ത്രിതവുമാകുമ്പോൾ നഗരം തിന്മകളുടെ കാന്തകേന്ദ്രമാവും. കോൺക്രീറ്റ് ഭീകരത പടർത്തുന്ന അരക്ഷിതബോധം ആത്മഹത്യകൾക്കും കൊലപാതകങ്ങൾക്കും പ്രേരണയാവും. നഗരവികസനത്തിന്റെ ഭ്രാന്തമായ വഴിയേ ചരിച്ചാൽ തിരുവനന്തപുരത്തിന് അതിന്റെ മുഖം നഷ്ടപ്പെടും. മറ്റേതൊരു "ആധുനിക" നഗരത്തെയുംപോലെ സ്റ്റീലിന്റെയും കോൺക്രീറ്റിന്റെയും പടുകുറ്റൻ കൂനകളായിരിത്തീരും ഈ നഗരവും. തിരുവനന്തപുരത്തിന് നാശത്തിന്റെ വഴിയേ പോകേണ്ട യാതൊരാവശ്യവും ഇല്ലതന്നെ. പരിരക്ഷിക്കുന്നതിൽ നമ്മൾ ദത്തശ്രദ്ധരാകേണ്ടതുണ്ട്. അതിനായി ഒരു ജനകീയപ്രസ്ഥാനം തന്നെ രൂപംകൊള്ളേണ്ടിയിരിക്കുന്നു. മരങ്ങളെ സംരക്ഷിക്കാൻ എല്ലാവരുമുണ്ട്. എന്നാൽ, പഴയ കെട്ടിടങ്ങളുടെ പരിരക്ഷയിൽ ആരും തല്പരരല്ല. ഓരോന്നായി അവയെ ഇടിച്ചുനിരത്തിക്കൊണ്ടിരിക്കുന്നു. പകരം പണിയുന്നവയ്ക്കോ കേരളീയ വാസ്തുവിദ്യയുമായി ഒരു ബന്ധവുമില്ല. ഇക്കാര്യങ്ങളിലൊക്കെ ഇടപെടാൻ ഒരു സിവിക് കമ്മിറ്റി ഉണ്ടാകുന്നത് നന്നായിരിക്കും ബാംഗ്ളൂരിലും ഡെൽഹിയിലും അർബൻ ആർട്ട്സ് കമ്മീഷൻ ഉണ്ട്. നഗരവികസനത്തെ അസന്തുലിതമാക്കുന്നതോ കാഴ്ചക്കാർക്ക് അലോസരമുണ്ടാക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടനിർമ്മാണം നടക്കുകയാണെങ്കിൽ അർബൻ ആർട്സ് കമ്മീഷൻ അതിൽ ഇടപെടും. സ്വകാര്യവ്യക്തികളുടെ വീട്ടുവളപ്പിൽ നിൽക്കുന്ന മരംമുറിക്കാൻ പോലും ആ നഗരത്തിൽ പ്രത്യേക അനുമതി തേടേണ്ടതുണ്ട്.

തിരുവനന്തപുരം നഗരത്തിലെ അതിപ്രധാനമായ ഒരു പ്രാചീനമന്ദിരത്തെ രക്ഷിക്കാൻ ലാറിബേക്കർ ഒറ്റയ്ക്ക് ദീർഘകാലമായി പൊരുതിക്കൊണ്ടിരിക്കുകയാണ്. പതിവുപോലെ പിഡബ്ല്യൂഡി. തന്നെയാണ് ഇവിടെയും വില്ലൻ. പഴയ എൻജിനീയറിംഗ് കോളേജ് കെട്ടിടം (പി.എം.ജി.ബിൽഡിംഗ്) ഇടിച്ചുനിരത്തിയാലെ സമാധാനമാകൂ എന്ന വാശിയിലാണ് പോതുമരാമത്തുവകുപ്പ് മേധാവികൾ. "പി.എം.ജി.മന്ദിരത്തിന്" പലകുറി വധശിക്ഷ വിധിക്കപ്പെട്ടതാണ്. ഒന്നുരണ്ട് പിഎംജിമാർ അതിന്റെ ആയുസ്സിനുവേണ്ടി അഭ്യർത്ഥനകൾ നടത്തുകയും പൊരുതുകയും ചെയ്തിട്ടുണ്ട്. അതിന്റെയൊക്കെ ഫലമായി ആ കെട്ടിടം ഇപ്പോഴും ഉയർന്നു നിൽക്കുന്നു. പക്ഷെ അതിന്റെ നിലനിൽപ്പ് സദാ അപകടത്തിലാണ്. പി.എം.ജി.മന്ദിരം മഹത്തായ വാസ്തുവിദ്യ അല്ല. എങ്കിലും അതിന് ചുറ്റുമായി കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ പൊങ്ങിവന്ന മോഡേൺ അയൽക്കാരെയപേക്ഷിച്ച് നൂറുമടങ്ങ് സ്വഭാവമഹിമയും ശോഭയും പി.എം.ജി.മന്ദിരത്തിനുണ്ട്. അതിനെ നശിപ്പിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. അതിന്റെ ഒരു ഭാഗത്തു ഉണ്ടായിരിക്കുന്ന വെടിച്ചുകീറൽ ഗുരുതരമായാതൊന്നുമില്ല. അതു ശരിയാക്കാവുന്നതേയുള്ളൂ. റോഡു വീതികൂട്ടണമെങ്കിൽ ഈ അപൂർവ്വസുന്ദരമായി മന്ദിരത്തെ ഇടിച്ചുകളയ

ണമെന്നില്ലല്ലോ. മറുവശത്തെയ്ക്കും റോഡിനു നീളാമല്ലോ. പക്ഷെ, അവിടെ പുതുതായി ഒരു പന്ത്രണ്ട് നില മാളിക പൊങ്ങുന്നു. തിരുവനന്തപുരത്തിനു അതിന്റേതായ ഭംഗിയും പ്രൗഡിയും പകരുന്ന അപൂർവ്വം ചില കെട്ടിടങ്ങളിലൊന്നാണ് പി.എം.ജി.മന്ദിരം. അതിനു നേരെയും ഭീഷണി ഉയർത്താൻ മടിക്കാത്ത സംസ്കാരശൂന്യത നഗരത്തെയാകെ ഗ്രസിക്കാനിരിക്കുന്ന വൻവിപത്തിന്റ മുന്നറിയിപ്പാണ്.

നമുക്കു സ്വന്തമായുള്ള നന്മകളെല്ലാം നശിപ്പിച്ചേ അടങ്ങൂ എന്ന ഈ ആത്മഹത്യാപരമായ വാശി നമുക്ക് എങ്ങനെയുണ്ടാകുന്നു എന്ന് ബേക്കർ അത്ഭുതപ്പെടുന്നു. കൊളോണിയൽ കാലത്തുപോലും ഇത്രമാത്രം ആത്മനാശം സംഭവിച്ചിട്ടില്ല. ഇന്ത്യയിലെ മിക്ക സംസ്ഥാന തലസ്ഥാനങ്ങളിലും കൊളോണിയൽ കെട്ടിടങ്ങൾ കാണാനാവും. അവയാകട്ടെ പ്രാദേശികമായ വാസ്തുശില്പകലാപാരമ്പര്യവുമായി പ്രകടമായ ചേർച്ചക്കേടിലല്ല. പലപ്പോഴും പ്രാദേശിക വാസ്തുവിദ്യയുടെ മാതൃകയനുവർത്തിച്ചാണ് അവർ പണിതതു തന്നെ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിനു മുന്നിലായുണ്ടായിരുന്ന ബ്രിട്ടീഷ് കുതിരലായം പണിയാൻ കേരളീയശൈലിയാണ് ഉപയോഗിച്ചത്. കൊളോണിയൽ മുദ്രകൾ പതിഞ്ഞതാണെങ്കിലും അതിൽ കേരളീയത തുടിച്ചുനിന്നിരുന്നു. ഒരുകൊല്ലം മുമ്പ് അതിനെയും ഇടിച്ചു കളഞ്ഞു.

നഗരത്തിന് സ്വന്തം ചരിത്രത്തെ ഓർമ്മിച്ചോമനിക്കാൻ പ്രേരണ നൽകിക്കൊണ്ട് ഇനിയും കുറെ പ്രാചീന മന്ദിരങ്ങൾ ബാക്കി നിൽക്കുന്നുണ്ടന്നതിനാൽ നമുക്കാശ്വസിക്കാം. ഒരു ഇരുനില ബസ്സിൽ കയറി തിരവനന്തപുരം നഗരത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ചാൽ തനിക്കേരളീയവും അർദ്ധകേരളീയവുമായ ശൈലികളിലുള്ള ഇരുപതോ മുപ്പതോ കെട്ടിടങ്ങൾ കാണാനാവും. പത്മനാഭപുരം കൊട്ടാരത്തിലുള്ളതുപോലെ കൂടം ശൈലിയിലുള്ള കൂരകളും തടിയിലുള്ള കമനീയമായ കൊത്തുപണികളും ഈ കെട്ടിടങ്ങളെ പ്രൗഢസുന്ദരങ്ങളാക്കുന്നു. പഴയ കൊട്ടാരങ്ങളിൽ ചിലത് അതിമനോഹരങ്ങളാണ്. ആദ്യം ഓർമമയിലെത്തുന്നത് പൂജപ്പുരയിലെ ഒന്നുരണ്ടു കൊട്ടാരങ്ങളാണ്. ആകർഷകരായ ഗൃഹാങ്കണങ്ങൽ പലതും കിഴക്കെകോട്ട–വള്ളക്കടവ് റോഡിനിരുവശത്തും ഇനിയും ബാക്കിനില്പുണ്ട്. ഈ പ്രദേശത്തുയരുന്ന പൂത്തൻ കോൺക്രീറ്റ് ധൂർത്തുകൾ ഇവിടെ ഇനിയും തങ്ങിനിൽക്കുന്ന പ്രാചീന പ്രൗഢികളോട് ഒട്ടും നിരക്കുന്നതല്ല.

വി. ജെ. ടി. ഹാളിനടുത്തുള്ള ഒരു മന്ദിരം (യൂണിവേഴ്സിറ്റി കോളേജിന്റെ മലയാള വിഭാഗം പ്രവർത്തിക്കുന്നു) വലിയ മതിലും നിരന്തരമായി വാഹന-ജനപ്രവാഹവും കാരണം ഈ ചാരുമന്ദിരം ആരും ശ്രദ്ധിക്കാറില്ല. വലിയൊരു മരത്തിനു പിന്നിൽ അതാ ഒളിച്ചുനിൽക്കുകയാണ്. കേരള വാസ്തുകലയുടെ ഒരോന്നാന്തരം സൃഷ്ടി.

കവടിയാർ കൊട്ടാരം കണ്ണിനൊരു കുളിർമയാണ്. 1920-കളിൽ ഒരു ജർമ്മൻ വാസ്തുശില്പി രൂപകല്പന ചെയ്ത ആ കൊട്ടാരം കേരളീയ വാസ്തുവിദ്യയുടെയും ഇന്തോനേഷ്യൻ വാസ്തുവിദ്യയുടെയും ചേതോഹരമായ ഒരു ചേരുവയാണ്. കനകക്കുന്നു കൊട്ടാരത്തിന് കേരളീയമെന്ന് പ്രത്യേകമെടുത്തു കാട്ടാനുള്ള സവിശേഷതകളൊന്നുമില്ല. അതിന്റെ മുൻഭാഗം നല്ല ഭംഗിയുള്ളതാണ്. മ്യൂസിയം മന്ദിരത്തിനുമുണ്ട് അതിന്റേതായ ചാരുതകൾ. പാളയത്ത് വി.ജി.റ്റി.ഹാളിനു സമീപം നിന്നു നോക്കുമ്പോൾ റോഡിനപ്പുറം

കേരളത്തനിമ ആവാഹിച്ചുനിൽക്കുന്ന ഒരു കെട്ടിടമുണ്ട്. ഉയർന്നൊരു മതിൽ അതിനെ കാൽനടയാത്രക്കാരുടെ കണ്ണുകളിൽപ്പെടാതെ മറച്ചുനിർത്തുന്നു. റോഡിലെ ആൾത്തിരക്കും ഗതാഗതച്ചൊരുക്കുമൊക്കെ വഴിയാത്രക്കാരന്റെ ശ്രദ്ധയിൽപ്പെടാൻ വിടാതെ അതിസുന്ദരമായ ആ കെട്ടിടത്തെ മാറ്റിനിർത്തുന്നു. വശ്യസുന്ദരമായതും തനികേരളീയ ശൈലിയിലുള്ളതുമായ അതിന്റെ കൂര മരച്ചില്ലകൾക്കിടയിലൂടെ സൂക്ഷിച്ചുനോക്കിയാലേ നമ്മുടെ കണ്ണിൽപ്പെടുകയുള്ളൂ. അതിന്റെ ഭംഗികൾ ആവോളം നുകരാൻ നമുക്കു സാദ്ധ്യമാവണമെങ്കിൽ ഉയർന്ന ആ മതിൽക്കെട്ടിന്റെ സ്ഥാനത്ത് തുറന്ന കമ്പിവേലി വരണം. യൂണിവേഴ്സിറ്റി കോളേജിലെ മലയാളം വകുപ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തെക്കുറിച്ചാണ് ഇപ്പറഞ്ഞത്. പരിരക്ഷകിട്ടാതെ അതിവേഗം ആയുസ്സറ്റുകൊണ്ടിരിക്കുകയാണ് കേരളീയ വാസ്തുവിദ്യയുടെ ഉത്തമമാതൃകയായ ആ ഹർമ്മ്യം.

വിനോദസഞ്ചാരികളെ ആകർഷിക്കാൻ തിരുവനന്തപുരത്തിന്, മുമ്പ് നൈസർഗ്ഗികമായി നിഷ്കളങ്കത മാത്രമാണ് അലങ്കാരമായുണ്ടായിരുന്നത്. ഇന്നാകട്ടെ നക്ഷത്രാകാശത്തെ മറച്ചുകൊണ്ട് മാനംമുട്ടിനിൽക്കുന്ന നക്ഷത്രഹോട്ടലുകളും കോൺക്രീറ്റ് ധൂർത്തുകളായി ബീഭത്സത പൂണ്ടുനിൽക്കുന്ന ഗവൺമെന്റ്മന്ദിരങ്ങളും കൊണ്ടു നിറയുകയാണ്. വികാസ്ഭവൻ എത്ര അറപ്പുളവാക്കുന്ന ഒരു ബ്രഹ്മാണ്ഡവൈകൃതമാണ്! ബേക്കറി ജംഗ്ഷനിലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മന്ദിരം നഗരത്തിലെ ഏറ്റവും വിചിത്രമായ കോൺക്രീറ്റ് വൈകൃതമാണെന്ന് ബേക്കർ ചൂണ്ടിക്കാട്ടുന്നു. വാസ്തുവിദ്യാപരമായ ആനമണ്ടത്തരമാണത്. അവിടെ ശീർഷാസനത്തിൽ നിൽക്കുന്ന നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും ഒട്ടും യോജിച്ച തരത്തിലല്ല അതിന്റെ നിർമ്മിതി. വാസ്തുവിദ്യ എങ്ങനെയായിക്കൂടാ എന്നതിന് താൻ തന്റെ വിദ്യാർത്ഥികൾക്ക് ചൂണ്ടിക്കാട്ടിക്കൊടുക്കുന്ന ഒരു കോൺക്രീറ്റ് വൈകൃതമാണ് ആർ.ബി.ഐ. കെട്ടിടമെന്ന് ബേക്കർ പറയുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ തിരുവനന്തപുരത്തിനകത്തും ചുറ്റിലുമായി പൊങ്ങിവന്നിട്ടുള്ള 'ആധുനിക' മന്ദിരങ്ങളിൽ ഒരൊറ്റയെണ്ണംപോലും തന്നെ ആകർഷിച്ചു നിറുത്തിയിട്ടില്ലെന്ന് ബേക്കർ സങ്കടപ്പെടുന്നു. പുതുതായി കെട്ടിയ മ്യൂസിയം ഹാൾമന്ദിരം മാത്രമാണ് ഏറെക്കുറെ ഇതിനൊരു അപവാദം.

ബേക്കർ പറയുന്നു. "നാഗർകോവിലിലേക്കു പോകുമ്പോഴെല്ലാം പത്മനാഭപുരം കൊട്ടാരത്തിൽച്ചെന്ന് അര മണിക്കൂറെങ്കിലും ചെലവിടാതിരിക്കാൻ എനിക്ക് കഴിയില്ല, ഒരിക്കൽപ്പോലും. തിരുവിതാംകൂർ വാസ്തുവിദ്യയുടെ ആ ഉദാത്ത മാതൃക എന്നെ ആകർഷിച്ചു ഭ്രമിപ്പിക്കാതിരുന്നിട്ടില്ല. അതുപോലെ എന്നെ വശീകരിക്കുന്ന പ്രാചീനമന്ദിരങ്ങൾ ചിലത് തിരുവനന്തപുരത്തുമുണ്ട്. പക്ഷെ, കഴിഞ്ഞ പത്തുകൊല്ലത്തിനിടയിൽ ഉയർന്നിട്ടുള്ള 'മോഡേൺ' മന്ദിരങ്ങൾ എല്ലാം എന്നെ അലോസരപ്പെടുത്തുകയേ ചെയ്യുന്നുള്ളൂ. ഈ മോഡേൺ മന്ദിരങ്ങൾ തലകീഴായ പിരമിഡ്പോലെയാണ് ആകാശത്തേയ്ക്കു പടർന്നു നിൽക്കുന്നത്. താഴത്തെ നില വീതികുറഞ്ഞത്. മേലോട്ടു പോകുന്തോറും വീതി കൂടി പടരും. പങ്കജ് ഹോട്ടൽ അതിനുദാഹരണമാണ്. പുതുതായി ഉയരുന്ന ബഹുനിലക്കെട്ടിടങ്ങൾ മിക്കതിന്റെയും നില അതുപോലെതന്നെ. ഇതൊക്കെ കാണുമ്പോഴും എനിക്ക് സ്വാസ്ഥ്യം നഷ്ടപ്പെടുന്നു. വല്ലാത്ത അരക്ഷിതബോധം എന്റെ മനസ്സിൽ പടരുന്നു."

നഗരത്തിന്റെ ശ്വാസകോശങ്ങളാണ് തുറസ്സായ സ്ഥലങ്ങൾ. തിരുവനന്തപുരത്തെ തുറസ്സായ സ്ഥലങ്ങളെ പണ്ടേ നശിപ്പിക്കുന്ന വിധത്തിലുള്ള അതിക്രമങ്ങളും നിയമലംഘനങ്ങളും ഗവൺമെന്റ് വകുപ്പുകളും സ്വകാര്യവ്യക്തികളും വൻതോതിൽ നടത്തിക്കൊണ്ടിരിക്കുന്നു. അത്യാവശ്യത്തിനുള്ള തുറന്ന സ്ഥലങ്ങൾ പോലുമില്ലാതെ നഗരം വീർപ്പുമുട്ടുന്നു. പാളയത്തെ സ്റ്റേഡിയം പുതുക്കിപ്പണിയിൽ ഈ പ്രദേശത്തിന്റെ ഭംഗിയെ ഇതിനകം തന്നെ വികലപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അതിവേഗതയിൽനടക്കുന്ന സ്റ്റേഡിയം 'വികസനം' തെറ്റായ നഗരാസൂത്രണത്തിന്റെ മകുടോദാഹാരണമെന്ന് സ്കെച്ചുകളുടെയും പ്ലാനുകളുടെയും സഹായത്തോടെ ബേക്കർ തെളിയിക്കുന്നു.

# 2

## ഒരു സിതാർ ഒരു മനസ്സ്

ഇന്ത്യൻ സംഗീതത്തിന് മറുനാട്ടുകളിൽ മേൽവിലാസമുണ്ടാക്കിക്കൊടുത്ത മഹാനായ കലാകാരനാണ് പണ്ഡിറ്റ് രവിശങ്കർ. രവിശങ്കറുടെ ജ്യേഷ്ഠൻ ഉദയശങ്കറുടെ നൃത്തസംഘമാണ് ഒരർത്ഥത്തിൽ ഇന്ത്യൻ കലയെ മറുനാട്ടുകളിൽ ആദ്യമായി കൊണ്ടുചെന്നെത്തിച്ചതും അതിനോടു പാശ്ചാത്യരുടെ താല്പര്യമുണർത്താൻ നിമിത്തമായതും. ആ നൃത്തസംഘത്തിലെ ഒരംഗമായി ലോകം ചുറ്റവേ, ബാലനായ രവിശങ്കർക്ക് ഭാരതീയ കലയോട് പാശ്ചാത്യർക്കുള്ള അഭിനിവേശമെന്തെന്ന് നേരിട്ടറിയാൻ കഴിഞ്ഞു. പിന്നീട് വടക്കേ ഇന്ത്യൻ വീണയായ സീതാറുമായിചെന്ന് സംഗീതത്തിന്റെ മാന്തികാനുഭൂതികൊണ്ട് ലോകം കീഴടക്കാൻ രവിശങ്കർക്ക് പ്രചോദനമായത് ആ അറിവ് ആകണം. കിഴക്കും പടിഞ്ഞാറും തമ്മിൽ പില്ക്കാലത്തുണ്ടായ സർഗ്ഗസംഗമങ്ങൾക്കും സർഗ്ഗസംവാദങ്ങൾക്കുമെല്ലാം വഴിതെളിച്ചത് രവിശങ്കറുടെ സംഗീത പര്യടനങ്ങളാണ്.

കലാകൗമുദിക്ക് അനുവദിച്ച ഒരു കൂടിക്കാഴ്ചയിൽ പണ്ഡിറ്റ് രവിശങ്കർ അക്കാലത്തെക്കുറിച്ച് ഓർത്തതിങ്ങനെയാണ്: “ഒന്നും രണ്ടും ദിവസമൊന്നുമല്ല, മുപ്പതു കൊല്ലക്കാലം വിദേശങ്ങളിൽ ഞാൻ നന്നേ പാടുപെട്ടു. എന്തായാലും ഞാനെന്റെ പയനീയറിംഗ് വർക്ക് ചെയ്തുകഴിഞ്ഞു എന്നതിൽ എനിക്ക് ആത്മസംതൃപ്തിയുണ്ട്. ഇപ്പോൾ ഞാനേതാണ്ട് ഡെൽഹിയിലും വാരാണസിയിലുമായി സ്ഥിരതാമസമായ മട്ടിലാണ്. എട്ടു മാസവും അവിടങ്ങളിൽ കഴിഞ്ഞുകൂടുന്നു. നാലുമാസം സഞ്ചാരം. ഒരു കാര്യം എനിക്ക് തീർത്തുപറയാനാവും. എന്റെ കഠിന പ്രയത്നംകൊണ്ടും ഞാൻ തെളിച്ച വഴി മറ്റു സംഗീതജ്ഞൻമാർ പിന്തുടർന്നതുകൊണ്ടും പടിഞ്ഞാറ് ഇന്ത്യൻ സംഗീതം ആസ്വദിക്കപ്പെടാനുള്ള ഒരാവേശം ഉണർത്താൻ കഴിഞ്ഞു. അവിടെച്ചെന്നു കാണാതെ അതെത്രമാത്രം ശക്തമാണെന്നകാര്യം നിങ്ങൾക്ക് മനസ്സിലാക്കാനാവില്ല. ന്യൂയോർക്ക്, ലണ്ടൻ, ബോസ്റ്റൺ, പാരിസ്, ബെർലിൻ, സാൻഫ്രാൻസിസ്കോ, ലോസേഞ്ചലസ്, സിഡ്നി എന്നുവേണ്ട ലോകത്തിലെ എല്ലാ വൻനഗരങ്ങളിലും ഭാരതീയ സംഗീതം ആസ്വദിക്കാനും മനസ്സിലാക്കാനും കഴിവുള്ള വലിയൊരു ആസ്വാദകവൃന്ദത്തെ സൃഷ്ടിക്കാൻ കഴി

ഞ്ഞിട്ടുണ്ട് എന്നത് നേട്ടം തന്നെ. എല്ലാറ്റിനും സ്ഥിതിവിവരക്കണക്കിന്റെ പിമ്പേപോകാനാണല്ലോ നമുക്ക് താല്പര്യം. സ്ഥിതിവിവരക്കണക്കുവെച്ച് നോക്കിയാൽ, ഇന്ത്യാക്കാരിൽ എത്ര ശതമാനം പേരാണ് നമ്മുടെ ശാസ്ത്രീയ സംഗീതം ആസ്വദിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതെന്നു പറയൂ. എഴുപതുകോടി ജനങ്ങളിൽ എത്രപേർ? തമിഴ്നാട്ടിലും ആന്ധ്രയിലും കർണ്ണാടകത്തിലും കേരളത്തിലുമൊക്കെ കുറേ നല്ല അസ്വാദകർ ഉണ്ടെന്നതു ഭാഗ്യം. വടക്കോട്ടു പോയാൽ മഹാരാഷ്ട്രയിലും ബംഗാളിലുമൊഴികെ മറ്റെവിടെയാണ് ശാസ്ത്രീയ സംഗീതം ആസ്വദിക്കപ്പെടുന്നത്? ഇന്ത്യയിൽ ജനിച്ചു എന്നതുകൊണ്ട് എല്ലാരും യോഗവിദ്യയും ശാസ്ത്രീയ സംഗീതങ്ങളുമൊക്കെ അറിഞ്ഞിരിക്കുമെന്ന് കരുതുന്നത് തെറ്റാണ്. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിൽ ഇന്ത്യൻകലയോടും തത്ത്വചിന്തയോടും സംഗീതത്തോടുമെല്ലാമുള്ള താല്പര്യം വളരെ ആഴത്തിലായിക്കഴിഞ്ഞിട്ടുണ്ട്. വലിയ വലിയ സർവകലാശാലകൾ ഭാരതീയ വിഷയങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടുമുണ്ട്. വാർത്താവിനിമയ സൗകര്യങ്ങൾ കാരണം ലോകം വളരെ ചുരുങ്ങിച്ചെറുതായിരിക്കുന്നു. സംഗീതത്തോട് ഇന്ത്യാക്കാരും പാശ്ചാത്യരുമായ അസ്വാദകർ എങ്ങനെ പ്രതികരിക്കുന്നു എന്നു ചോദിച്ചപ്പോഴാണ് രവിശങ്കർ ഇവ്വിധം വിശദീകരിച്ചത്. രവിശങ്കർ ഗ്ലാമറിന്റെയും പബ്ലിസിറ്റിയുടെയും പിറകെ ചെല്ലുന്നുവെന്നും പടിഞ്ഞാറൻ നാടുകളിൽ അദ്ദേഹം ആർഷിച്ചുകൂട്ടിയ സാധാരണക്കാരായ ആസ്വാദകർക്ക് ഭാരതീയ സംഗീതത്തിന്റെയോ സിതാർപോലുള്ള സംഗീതോപകരണത്തിന്റെയോ സങ്കീർണ്ണതകളൊന്നും അറിഞ്ഞുകൂടെന്നും ഉസ്താദ് വിലായത്ഖാൻ ഈയിടെയും ആവർത്തിച്ച് ആരോപണമുന്നയിച്ചത് ഈ ലേഖകൻ ഓർത്തുപോയി. സിതാറിന്റെ അടിസ്ഥാന സ്വഭാവങ്ങൾ അറിയാവുന്നവർ കുറച്ചെങ്കിലുമുള്ള ഇന്ത്യയിലാകണമായിരുന്നു രവിശങ്കർ ആ സംഗീതോപകരണത്തെ പോപ്പുലറൈസ് ചെയ്യേണ്ടിയിരുന്നതെന്നും വിലായത്ഖാന് അഭിപ്രായമുണ്ട്. സിതാറിൽ രവിശങ്കർ നടത്തുന്ന പുത്തൻപരീക്ഷണങ്ങൾ നമ്മുടെ ശാസ്ത്രീയ സംഗീതത്തിന്റെ വിശുദ്ധിയെ വല്ലാതെ വികലമാക്കുന്നുവെന്നും അദ്ദേഹം ആരോപിക്കുന്നു. പടിഞ്ഞാറ് ആദ്യമായി സിതാർ കച്ചേരി നടത്തിയ കലാകാരനാണ് ഉസ്താദ് വിലായത്ഖാൻ. ഉസ്താദ് വിലായത്ഖാന്റെ ആരോപണങ്ങളോട് എന്താണ് പ്രതികരണമെന്നാരായാൻ നാവോങ്ങിയെങ്കിലും അതു വേണ്ടെന്നുവച്ചു. തന്റെ നേരെ മാത്രമല്ല തന്റെ ഗുരു ഉസ്താദ് അലാവുദ്ദീൻഖാന്റെ നേരെപോലും യാഥാസ്ഥിതികർ പരീക്ഷണങ്ങളുടെ പേരിൽ ചാടിവീണിട്ടുണ്ടെന്ന കാര്യം രവിശങ്കർ "മൈ മ്യൂസിക് മൈ ലൈഫി"ൽ എഴുതിയത് ഓർമ്മവരുന്നു. വിവാദങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കരുതെന്ന് ആദ്ദേഹം നേരത്തെ വിനയപൂർവ്വം വിലക്കുകയും ചെയ്തിരുന്നു. വിവാദങ്ങൾക്കു നടുവിലാവുക രവിശങ്കറെ സംബന്ധിച്ചിടത്തോളം പുത്തിരിയൊന്നുമല്ലല്ലോ. നമ്മുടെ യുവകലാകാരന്മാർക്ക് വിനയമില്ല എന്നു പ്രസ്താവിച്ചതിന് സരോദ് വിദഗ്ധൻ അംജദ് അലിഖാനും ഒരു രചനയുടെ കർത്തൃത്വത്തെച്ചൊല്ലി കഥക് ആചാര്യൻ പണ്ഡിറ്റ് ബ്രിജ്ജു മഹാരാജും കഴിഞ്ഞ കൊല്ലം രവിശങ്കർക്കെതിരെ തിരിഞ്ഞതും അതിനുള്ള പ്രതികരണങ്ങളുണ്ടായതുമൊക്കെ ഇന്ത്യൻ കലാരംഗത്ത് കോളിളക്കം സൃഷ്ടിച്ചതാണല്ലോ.

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ പിറന്നാൾ ഉപഹാരമായി സൂര്യ ഒരുക്കിയ

വേദിയിൽ സിതാർ മീട്ടാനായിരുന്ന പണ്ഡിറ്റ രവിശങ്കർ കഴിഞ്ഞയാഴ്ച തിരുവനന്തപുരത്തെത്തിയത്. ശ്രീപത്മനാഭസ്വാമിക്ഷേത്രദർശനം കഴിഞ്ഞ് ഭക്തിയുടെ വിശുദ്ധിയിൽ നേർത്തൊതുങ്ങിയിരിക്കവേയാണ് രവിശങ്കറെ കണ്ടത്. സംസാരം സ്വാഭാവികയും മതകാര്യങ്ങളിൽ തുടങ്ങി. അദ്ദേഹം പറഞ്ഞു:

“മതം നമ്മുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. മതത്തിന് രണ്ടു വശങ്ങളുണ്ട്. അതിന്റെ അഗാധമായ തലം വളരെയേറെ സ്വകാര്യവും വൈയക്തികവുമായ ഒന്നാണെന്നാണ് എന്റെ അനുഭവം. നിങ്ങൾ എത്രമാത്രം ചടങ്ങുകൾക്കും അനുഷ്ഠാനങ്ങൾക്കും വിധേയനാണോ എത്രമാത്രം മതഭാന്തനാണോ എന്നത് വച്ചളക്കേണ്ട കാര്യമല്ല അത്. മതവിശ്വാസം മനുഷ്യന്റെ ജിവിതശൈലിയെ അലങ്കോലപ്പെടുത്തുംവിധമാകരുത്. ഞാനൊരു മതവിശ്വാസിയാണ്. എന്നാൽ ഒരു മതത്തിലെയും മതഭ്രാന്തിനോട് എനിക്ക് യോജിപ്പില്ല. മതത്തിന്റെ പേരിൽ നിങ്ങൾ അന്യോന്യം വെറുക്കാൻ തുടങ്ങിയാൽ, തമ്മിലടിക്കാൻ തുടങ്ങിയാൽ അത് ഏതു മതത്തിന്റെയും പ്രശസ്തിക്ക് ഹാനികരമാണ്.”

സർവ്വമതസാരവുമേകം എന്നുതന്നെയാണ് പണ്ഡിറ്റ് രവിശങ്കറിന്റെ ഉറച്ച വിശ്വാസം. മതങ്ങളെല്ലാം നല്ല കാര്യങ്ങളേ പറയുന്നുള്ളൂ. നിർഭാഗ്യവശാൽ നമ്മളിൽ പലരും ആ നല്ല കാര്യങ്ങളെയല്ല, അവർക്ക് ചില മതഭ്രാന്തന്മാർ കൊടുക്കുന്ന തെറ്റായ വ്യാഖ്യാനങ്ങളെയാണ് വിശ്വസിക്കുന്നത്. വർഗ്ഗീയകലാപങ്ങൾ ഈയിടെ രാജ്യത്ത് പെരുകുന്നതിൽ രവിശങ്കർ നൊമ്പരം കൊണ്ടു. സംഗീതസാധനയിലൂടെ മതങ്ങളുടെ അതിരുകൾ മായ്ച്ചുകടന്ന കലാകാരനാണ് രവിശങ്കർ. വിശ്വാസം കൊണ്ട് മുസ്ലീമായ ഉസ്താദ് അലാവുദ്ദീൻഖാന്റെ മക്കൾ അലി അക്ബർ, അന്നപൂർണ്ണ എന്നവരോടൊപ്പമിരുന്നാണ് രവിശങ്കർ ആ ഗുരുമുഖത്തുനിന്ന് സംഗീതം പഠിച്ചത്. ഹൃദയഹാരിയായ രാഗങ്ങളായ ലളിതിലൂടെയും യമൻ കല്യാണിലൂടെയും ബിഹാഗിലൂടെയും മീയാൻ കി മൽഹാറിലൂടെയുമൊക്കെ ഒരു ഹൃദയബന്ധം വളർത്തിയെടുക്കുകയായിരുന്നു രവിശങ്കറും ഗുരുപുത്രി അന്നപൂർണ്ണയും തമ്മിൽ. രവിശങ്കർ വിവാഹം കഴിച്ചത് ഉസ്താദ് അലാവുദ്ദീൻഖാന്റെ മകൾ അന്നപൂർണ്ണയെ ആണ്. ഉദയശങ്കറിന്റെ നൃത്തസംഘത്തിന്റെ പിന്നണിയിൽ കുറേക്കാലം ഉസ്താദ് അലാവുദ്ദീൻഖാനും പ്രവർത്തിച്ചിരുന്നു. അക്കാലത്തെ പരിചയമാണ് പില്ക്കാലത്ത് ഗാഢമായ ഒരു കുടുംബബന്ധത്തിലെക്കും രവിശങ്കറെയും ഉസ്താദ് അലാവുദ്ദീൻഖാനെയും അടുപ്പിച്ചത്. സംഗീതത്തിന്റെ വിശുദ്ധിയിൽ മതത്തിന്റെ അതിരുകൾ അലിയിച്ചുമാറ്റിയ രവിശങ്കർ കലയും മതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സംസാരിച്ചപ്പോൾ കൗതുകം തോന്നി. ആദ്ദേഹം പറഞ്ഞു:

“ശാസ്ത്രീയസംഗീതമാകട്ടെ അതുമല്ലെങ്കിൽ ശാസ്ത്രീയനൃത്തമാകട്ടെ, പ്രീചീനമായ ഏതു കലാരൂപത്തെയും മതവുമായി ബന്ധപ്പെടുത്താതെ നമുക്ക് ചിന്തിക്കാനേയാവില്ല. മതവും നമ്മുടെ പാരമ്പര്യവുമായും കലകൾ ആഴത്തിൽ വേരോടി നിൽക്കുന്നുവെന്നതു തന്നെയാണ് കാരണം. എന്നാൽ മതമെന്നതിനേക്കാൾ ആദ്ധ്യാത്മികത എന്ന വാക്കുപയോഗിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. സംഗീതത്തിന്റെ ഉദാത്തതലങ്ങളിലേക്ക് നിങ്ങൾ ഉയരുമ്പോൾ അതിന് അനുഷ്ഠാനസ്വഭാവമില്ലാതാവുന്നു. അപ്പോൾ ഏറെ പ്രധാനമാകു

ന്നത് ആദ്ധ്യാത്മികഭാവമാണ്. അതാണ് കലകളിൽ നമ്മൾ നിലനിർത്തേണ്ടതും.''

സംഗീതത്തിനു് അല്ലെങ്കിൽ കലയ്ക്ക് മതംപകർന്നേകുന്ന അളവിൽ ആദ്ധ്യാത്മികാനുഭൂതി പ്രദാനം ചെയ്യാനാവുമോ എന്നു ചോദിച്ചപ്പോൾ രവിശങ്കർ പറഞ്ഞു, തീർച്ചയായും കലയ്ക്കതിനുകഴിയുമെന്ന്. അദ്ദേഹം വിശദീകരിച്ചു:''ഹരിദാസ് സ്വാമിയുടെയും ത്യാഗരാജ സ്വാമിയുടെയും അതുപോലുള്ള മഹത്തുക്കളും ആത്മീയ ഗുരുക്കളുമായ സംഗീതജ്ഞൻമാരുടെയും കാര്യമെടുക്കാം. സാമാന്യ ജനങ്ങൾക്കായി ആലപിക്കാൻ അവർ ഒരിക്കലും മിനക്കെട്ടിരുന്നില്ല. ഈശ്വരാരാധനയായിട്ടാണ് അവർ സംഗീതം ആലപിച്ചിരുന്നത്. അവരുടെ ആ സിദ്ധിവേറൊന്നാണ്. നമ്മളൊക്കെ അങ്ങനെയായാൽക്കൊള്ളാമെന്നെനിക്കാഗ്രഹമുണ്ട്. നിർഭാഗ്യവശാൽ, എല്ലാ കലാകാരന്മാർക്കും അവരെത്രതന്നെ മതാനുയായികളായാലും ആദ്ധ്യാത്മികമാർഗ്ഗികളായാലും ശരി, അവർക്ക് ബഹുജനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ആളുകൾ ടിക്കറ്റെടുത്ത് സംഗീതം കേൾക്കാൻ വരുന്നു. കമ്മിറ്റ്മെന്റിന്റെ പ്രശ്നം വരുന്നതപ്പോഴാണ്. അതൊരു ദൂഷണവൃത്തമാവുന്നു. അങ്ങനെയാണ് നമ്മുടെ കലയുടെ മറ്റൊരു വശമായ, ഗ്യാലറിക്കുവേണ്ടിയുള്ള പാടൽ, പതിവായിത്തീരുന്നത്. അടിസ്ഥാനപരമായി സംഗീതം ശാന്തരസവും കരുണരസവും ഭക്തിരസവുമൊക്കെയാണ്. അല്പാല്പം ഹാസ്യരസവും. പക്ഷെ, പിന്നീട് വന്നുചേർന്നതാണ് സംഗീതത്തിൽ അദ്ഭുതരസവും മറ്റെല്ലാ ഗിമ്മിക്കുകളും. എങ്ങനെ കൈയ്യടി വാങ്ങാമെന്നുള്ള ഉന്നത്തിലാണ് ആ ഗിമ്മിക്സ്. നിർഭാഗ്യവശാൽ നമ്മുടെ സംഗീതത്തിൽ അഭ്യാസപ്രകടനങ്ങൾ (acrobatics) കുറച്ചൊക്കെ വന്നു പോകുന്നത് അതുകൊണ്ടാണ്. എന്നാൽ അതൊരു സന്തുലിതമായ ആളവിൽ മാത്രമേ ആകാവൂ. നമ്മൾ നമ്മുടെ കലയെ വിൽക്കുന്നവെന്നതുകൊണ്ടുതന്നെ ആളുകൾ ടിക്കറ്റെടുത്തു കയറുന്ന ഹാളുകളിൽ പരിപാടി അവതരിപ്പിക്കേണ്ടിവരുന്നു. ജനങ്ങളെ താൻ കണക്കിലെടുക്കുന്നില്ല എന്ന് കലാകാരന് എങ്ങനെ പറയാനൊക്കും? അങ്ങനെ പറയുന്നയാൾക്ക് ജനങ്ങളുടെ മുമ്പിൽ കച്ചേരി നടത്താൻ അർഹതയില്ല. സ്വന്തം മുറിക്കകത്ത് ഒറ്റയ്ക്ക് അടച്ചുപൂട്ടിയിരുന്ന് അറിയാവുന്നത് പാടി സ്വയം കേൾപ്പിച്ചാൽ മതിയല്ലോ. അപ്പോൾ നമ്മൾ ഒരു കോപ്രമൈസിൽ എത്തേണ്ടതുണ്ട്. കഴിയുന്നിടത്തോളം സ്വയം ആത്മാർത്ഥത കാട്ടി നമുക്കാവുന്നതൊക്കെ ചെയ്യാം. പക്ഷെ, ജനങ്ങളെ ആഹ്ലാദിപ്പിക്കാൻ വേണ്ടി പൂർണ്ണമായും കോപ്രമൈസ് ചെയ്യുന്നതും നന്നല്ല. ഉദാത്തതലങ്ങളിലേക്കാനയിച്ചുകൊണ്ടും ശ്രോതാക്കളെ ആഹ്ലാദിപ്പിക്കാമല്ലോ.''

ജനങ്ങളുടെ ആദ്ധ്യാത്മികബോധം ഉയർത്താൻ സംഗീതം തീർച്ചയായും ഉപകരിക്കുമെന്ന് രവിശങ്കർ കരുതുന്നു. കലയ്ക്ക് അക്കാര്യത്തിൽ വലിയൊരു പങ്കാണുള്ളതെന്നും അദ്ദേഹം പറയുന്നു. സംഗീതത്തിന് അക്കാര്യത്തിൽ കൂടുതൽ സാദ്ധ്യതകളുണ്ടെന്ന് കരുതാനുണ്ടോ എന്നാരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ''സംഗീതം മറ്റെന്തിനേയും പോലെതന്നെ. സംഗീതത്തെ സൗകര്യത്തിന് മതവുമായിത്തന്നെ താരതമ്യപ്പെടുത്താം. സാത്വികനായ ഒരു മതഗുരുവിനെയും സൂത്രവിദ്യകൾ കാട്ടുന്ന താന്ത്രികനെയും എടുക്കാം. അതുപോലെ സംഗീതത്തിന് മനുഷ്യന്റെ ഇന്ദ്രിയങ്ങളെ ലൗകീകമായി ഇക്കിളിപ്പെടുത്താനും കഴിയും. സംഗീതം വാമമാർഗ്ഗിയുകമല്ലോ. സംഗീതത്തിനുമുണ്ട് പല ഭാവങ്ങൾ; പല

തലങ്ങൾ. ചില സംഗീതം ശ്രോതാക്കളെ ആദ്ധ്യാത്മിക ഔന്നത്യങ്ങളിലേക്കാനയിച്ച ആത്മീയസംതൃപ്തി പ്രദാനം ചെയ്യുന്നു. ഇക്കാലത്തെ പോപ്പും ഡിസ്കോയും പോലുള്ള മറ്റുചിലത് നിങ്ങളുടെ ലൗകിക തൃഷ്ണകളെ തീക്ഷ്ണമായി ഉണർത്തുംവിധം ഉത്തേജകസ്വഭാവമുള്ളതാണ്. അതും സംഗീതം തന്നെ. നല്ലതോ ചീത്തയോ എന്നതല്ല ഇവിടെ പ്രശ്നം. അതിന് വികാരോത്തേജകത്വം കൂടുതലുണ്ടെന്നതു ശരിയാണ്. നാടോടി സംഗീതജ്ഞർക്കാകട്ടെ സംഗീത പ്രകാസനത്തിന് അവരുടേതായ തനിമയാർന്ന ശൈലിയുണ്ട്. ഏതു സംഗീതത്തിനും അതിന്റേതായ ഇഫക്റ്റ് ഉണ്ട്. ഒരു രാഗം, അതു വെറും ആരോഹണവും അവരോഹണവും മാത്രമല്ല. അതൊരു നല്ല കൃതിയാണ്; അത് ഇന്നിന്ന താളങ്ങളിലാണ് എന്നൊക്കെ പറയാനാവും. അതിനുമൊക്കെയപ്പുറം എന്തൊ അതിൽ ഉണ്ട്. ആ എന്തോ ഒന്നിനെ വാക്കുകൾക്കതീതമായ ആഴം ആ അനുഭൂതിക്കുണ്ട്. അനുഗ്രഹീതരായവർക്കു മാത്രം അവർക്ക് പ്രകാശിപ്പിക്കാനാവുന്ന അവാച്യമധുരമായ സിദ്ധിവിശേഷമാണത്.'' പണ്ഡിറ്റ് രവിശങ്കർ തന്റെ സംഗീത വീക്ഷണം വ്യക്തമാക്കി. ഒരു യഥാർത്ഥ ഗുരുവുമായി സഹവസിച്ച് ശരിക്കുള്ള അഭ്യസനം നടത്താതെ ആർക്കും ഒരു നല്ല 'പെർഫോർമർ' ആകാൻ കഴിയില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നഗരങ്ങളിലെമ്പാടും കൂണുകൾപോലെ പൊങ്ങുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളിലൂടെ ഇന്ത്യൻ ക്ളാസ്സിക്കൽ സംഗിതം വർദ്ധമാനമായ തോതിൽ വാണിജ്യവല്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രവണതയിലേക്ക് ശ്രദ്ധ ക്ഷണിച്ചപ്പോൾ രവിശങ്കർ പറഞ്ഞു: ''വടക്കേ ഇന്ത്യയിലെമ്പാടും ഗന്ധർവ്വ മഹാവിദ്യാലയങ്ങൾ സ്ഥാപിച്ച മഹാനായ ഒരു സംഗിതജ്ഞനം സംഗിതാദ്ധ്യാപകനുമായിരുന്ന വിഷ്ണുദിഗംബർ. അദ്ദേഹത്തോട് പലരും ചോദിച്ചിരുന്നു, പണ്ഡിറ്റ്ജി, താങ്കൾ എത്ര താൻസന്മാരെ സൃഷ്ടിച്ചുവിട്ടു? അതിന് അദ്ദേഹത്തിന്റെ മറുപടി ഇതോയിരുന്നു. ഒരു താൻസനെപ്പോലും സൃഷ്ടിക്കാൻ എനിക്ക് ഇതേവരെ സാധിച്ചിട്ടില്ല. പക്ഷെ ഒട്ടനവധി നല്ല 'ഖാൻസന്മാ'രെ സൃഷ്ടിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. 'ഖാൻ' എന്നു പറഞ്ഞാൽ അർത്ഥം കാത് എന്നാണ്; ഖാൻസൻ എന്നതിന് നല്ല ചെവിയുള്ളവൻ എന്നും.''

ഇന്ത്യൻ സംഗീതത്തിന്റെ സമകാലീന അവസ്ഥ മുമ്പത്തേക്കാളും വളരെ ഭേദമാണെന്നാണ് രവിശങ്കറുടെ അഭിപ്രായം. എന്നിരിക്കലും, ഇനിയുമെത്രയോ വളരേണ്ടിയുമിരിക്കുന്നു. യോഗവിദ്യപൊലെതന്നെ ക്ലാസ്സിക്കൽ സംഗീതത്തിന്റെ അഭ്യസനവും കിന്റർഗാർട്ടൻ ഘട്ടംതൊട്ടേ ആരംഭിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ കുട്ടിയെ മനസ്സും ശരീരവും സ്വരതാളങ്ങളിൽ ആമഗ്നമാക്കി വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ.

1920 ഏപ്രിൽ 7-ാം തീയതി വരാണസിയിലാണ് രവിശങ്കർ ജനിച്ചത്; ഝലവാർ മഹാരാജാവിന്റെ ദിവാനായിരുന്ന ഒരു ബംഗാളി ബ്രാഹ്മണന്റെ മകനായി. ബാല്യകാലത്ത് ഏകാന്തതയും സ്വരരാഗങ്ങളുമായിരുന്നു രവിശങ്കറിന്റെ കളിക്കൂട്ടുകാർ. പാശ്ചാത്യനാട്ടുകളിൽ ആദ്യമായി ഒരു ഇന്ത്യൻ ബാലേ അവതരിപ്പിച്ചത് ലണ്ടനിൽവച്ച് രവിശങ്കറിന്റെ പിതാവായിരുന്നു (ലണ്ടനിൽ അദ്ദേഹം വക്കീൽപ്പണി നടത്തുകയായിരുന്നു). ആ നൃത്തനാടകത്തിൽ പങ്കെടുത്തുകൊണ്ടായിരുന്നു ഉദയശങ്കറിന്റെ കലാപ്രവേശം. ഉദയശങ്കറിന്റെ നൃത്തസംഘത്തോടൊപ്പം ബാലനായ രവിശങ്കർ ലോകംചുറ്റി. ജ്യേഷ്ഠന്റെ സംഗീ

തോപകരണങ്ങൾ എടുത്തുപെരുമാറി സ്വന്തമായി സംഗീത പരിശീലനം നടത്താൻ അപ്പോഴൊക്കെ അവസരമുണ്ടായി. സരോദായിരുന്ന രവിശങ്കറിന്റെ അക്കാലത്തെ ഇഷ്ട വാദ്യം. നൃത്തനാടകങ്ങളിൽ ചില്ലറ വേഷങ്ങൾ കെട്ടുകയും ചെയ്തു. പതിനാറാം വയസ്സിൽ സ്വന്തമായൊരു നാലുമിനിട്ട് നൃത്തം കഥക് ശൈലിയിൽ കോറിയോഗ്രാഫ് ചെയ്ത് രവിശ ങ്കർ ഒറ്റയ്ക്ക് അവതരിപ്പിച്ച് പാരീസിലെ നിരൂപകരുടെ പ്രശംസ പിടിച്ചുപറ്റി. നൃത്തപര്യട നങ്ങൾക്കിടയിൽ ഇന്ത്യയിൽ വന്നുതുടങ്ങിയ ഇടവേളകളിൽ രവിശങ്കർ കഥക്കും കഥക ളിയും പഠിച്ചു. ഗുരു ശങ്കരൻ നമ്പൂതിരിപ്പാടിൽ നിന്നാണ് കഥകളി അഭ്യസിച്ചത്. വലി യൊരു നർത്തകനാവുകയായിരുന്നു, അന്നത്തെലക്ഷ്യം. ഉസ്താദ് അലാവുദ്ദീൻ ഖാനുമായു ള്ള അടുപ്പം രവിശങ്കറെ സിതാറിനോടും അടുപ്പിച്ചു. ഹിന്ദുസ്ഥാനി സംഗീതാചാര്യനായ താൻസെന്റെ പാരമ്പര്യത്തുടർച്ചയിൽപ്പെട്ട ഉസ്താദ് വസീർഖാന്റെ ശിഷ്യനാണു ഉസ്താദ് അലാവുദ്ദീൻഖാൻ. ബീൻകർ ഖരാണയിൽപ്പെട്ട സംഗീതജ്ഞന്മാരാണ് അവരിരുവരും. അലാവുദ്ദിൻഖാന്റെ ശിഷ്യനായ രവിശങ്കറും അങ്ങനെ ബീൻകർ ഖരാണയിൽപ്പെടുന്നു. താൻസന്റെ പിൻമുറക്കാർ രണ്ടു ഖരാണകളായാണ് പിരിഞ്ഞത്. അദ്ദേഹത്തിന്റെ മകൻ ബിലാസ്ഖാന്റെ നേതൃത്വത്തിൽ റബാബിയാഖരാണയും മകൾ സരസ്വതിയുടെ പിൻതുടർച്ചക്കാർ ബീൻഖരാണയുമായി. സരസ്വതിയുടെ ഭർത്താവ് നബാതഖാൻ (മതം മാറ്റത്തിന് മുമ്പ് മിശ്രസിംഗ്) 'ബീൻ' എന്ന സംഗീതോപകരണം വായിക്കുന്നതിൽ അതിപ്രഗല്ഭനായിരുന്നു. സിതാർ എന്ന മാന്ത്രികവീണയുമായി രവിശങ്കർ ലോകം കീഴടക്കാൻ ഇറങ്ങി പുറപ്പെട്ടത് അതിനുശേഷമാണ്. യെഹൂദി മെനുഹിൻപോലും ആ നാദനിർത്ധരിക്കുമുന്നിൽ തലകമ്പിട്ടു. 1967 ലെ മനുഷ്യാവകാശദിനത്തിൽ ഐക്യ രാഷ്ട്രസഭയിൽ ആ സംഗീതപ്രതിഭകൾ ഒത്തുകൂടി-വയലിൻ-സിതാർ യുഗ്മക്കച്ചേരിയിൽ ബീറ്റിൽസും റോളിങ് സ്റ്റോൺസും രവിശങ്കറിന്റെ സിതാറിന്റെ ലഹരിയിൽ മയങ്ങി വീണു. ബീറ്റിൽസിലെ ജോർജ് ഹാരിസൺ, രരവിശങ്കറുടെ ശിഷ്യത്വം സ്വീകരി ക്കാൻ ബോംബേയിലെ കിന്നര സംഗിത വിദ്യാലയത്തിൽ വന്നുതങ്ങാനും തയ്യാറായി. പാശ്ചാത്യനാട്ടുകളിലെമ്പാടും യവാക്കളും ഹിപ്പികളും സിതാറിന്റെ "സൈക്കഡെലിക്" ലഹരിയിൽ മുങ്ങി രവിശങ്കറുടെ ആരാധകരായി. പടിഞ്ഞാറ് ഒരു "സിതാർ സ്ഫോടനം" നടന്നു. പക്ഷെ, യഥാർത്ഥത്തിലുള്ള ഇന്ത്യൻ സംഗീതമല്ല, സിതാറിന്റെ മനോഹരനാദം മാത്രമാണ് പോപ്പ്ഗായകരെയും ആസ്വാദകരെയും ഭ്രമിപ്പിച്ചതെന്നാണ് രവിശങ്കറിന്റെ പക്ഷം. രവിശങ്കർ സിതാറിൽ 'രാഗമാല' മീട്ടിയും സുബിൻമേത്ത ലോകപ്രശസ്തമായ ന്യൂ യോർക്ക് ഫിൽഹാർമോണിക് ഓർക്കസ്ട്രയെ നയിച്ചുകൊണ്ടു ന്യൂയോർക്കിൽ 1981-ൽ അവതരിപ്പിച്ച സംഗീതപരിപാടി, രവിശങ്കറുടെ പടിഞ്ഞാറൻ നേട്ടങ്ങളിൽ ഈയടുത്ത കാലത്ത് ഏറ്റവും ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു.

ഇത്രയും കാലത്തെ സംഗീത സപര്യയ്ക്കിടയിൽ മറക്കാനാവാത്ത അനുഭവങ്ങൾ ഒട്ടേറെ ഉണ്ടായിക്കാണുമല്ലോ, അതിലേതെങ്കിലും ഒന്ന് ഓർമ്മിക്കാമോ എന്നു ചോദിച്ചപ്പോൾ രവിശങ്കർ കണ്ണുകളിൽ തിളക്കവുമായി പറഞ്ഞുതുടങ്ങി: "ഒട്ടനവധി അനുഭവങ്ങളുണ്ട്. ഏറ്റവുമൊടുവിലത്തെ അനുഭവമാണെല്ലോ നമ്മൾ ഏറ്റവുമാദ്യം ഓർക്കുക. അങ്ങനെയാ ണെങ്കിൽ, എന്റെ മനസ്സിലാദ്യം ഓടിയെത്തുന്ന സംഭവം നടന്നത് ഇക്കഴിഞ്ഞ ഫെബ്രു

വരിയിലാണ്. ശ്രീരാമകൃഷ്ണന്റെ വാസസ്ഥലമായിരുന്ന ദക്ഷിണേശ്വറിൽ ഞാനൊരു കച്ചേരി നടത്തുകയായിരുന്നു. ക്ഷേത്രം തൊട്ടുരുമ്മി ഗംഗയൊഴുകുന്നു. ക്ഷേത്രത്തിന്റെ വിസ്താരമേറിയ അകത്തളത്തിൽ പതിനാറായിരത്തിനും പതിനെണ്ണായിരത്തിനും മദ്ധ്യേ വരുന്ന ആൾക്കൂട്ടം. അതൊരു സൗജന്യക്കച്ചേരിയായിരുന്നു. ശ്രോതാക്കളുടെയിടയിൽ യാചകരുണ്ടായിരുന്നു. കുഷ്ഠരോഗികളുണ്ടായിരുന്നു, വഴിവാണിഭക്കാരുണ്ടായിരുന്നു. അവർ എത്ര ശ്രദ്ധയോടെയായിരുന്നെന്നോ എന്റെ കച്ചേരി കേട്ടത്. ശ്രീചൈതന്യ മഹാപ്രഭുവിന്റെ അഞ്ഞൂറാം ജന്മദിനാഘോഷത്തിന്റെ ആരംഭമായിരുന്നു അത്. പുരിയിൽനിന്ന് എഴുന്നള്ളിച്ചുകൊണ്ടുവന്ന ദേവവിഗ്രഹം അരങ്ങിനു പിറകിൽ പ്രതിഷ്ഠിച്ചിരുന്നു. മൂന്നുമണിക്കൂർ നേരം ഞാൻ എല്ലാം മറന്ന് സിതാർ മീട്ടി. സാധാരണക്കാരായ മനുഷ്യർക്കുവേണ്ടി. അതെനിക്കൊരിക്കലും മറക്കാനാവാത്ത അനുഭവമാണ്.”

# 3

## ഏങ്ങലടിക്കുന്ന ഇന്ത്യയിലൂടെ

ഭോപാലിൽ തേങ്ങലുകൾ അടങ്ങുന്നില്ല.[1] കണ്ണീർ നിലയ്ക്കുന്നില്ല. അവിടത്തെ ജനങ്ങളിലെ നടുക്കം തീരുന്നില്ല. നടന്നത് ഇനിയും നടന്നേക്കുമോ എന്ന ആശങ്ക. നടന്നതിന്റെ ഭീകരമായ ഓർമ്മകൾ അവരെ കൂടുതൽ നിസ്സഹായരാക്കുന്നു. ഇരുട്ടത്ത് കറുത്ത പൂച്ചകളെപ്പോലെ പാഞ്ഞുവന്ന മരണം അവിടെ നിന്ന് ഇനിയും പോയിട്ടില്ല എന്നുകണ്ടു് അവർ ഏങ്ങലടിക്കുന്നു. ഞങ്ങൾക്കു മുംമ്പിലിരുന്ന കുട്ടികൾ പേടിച്ചരണ്ട് എണീറ്റോടാൻ ആയുന്നു.

ഭോപാലിന്റെ ഈ പുതിയ ദുരന്തം ഞങ്ങൾ കണ്ടതു് യൂണിയൻ കാർബൈഡ് കീടനാശിനി ഫാക്ടറിക്കു മുന്നിലെ ജെ. പി. നഗറിലായിരുന്നു. ഫാക്ടറിയിൽനിന്നും അല്പം അകലമേയുള്ളൂ കൂലിവേലക്കാർ തിങ്ങിപ്പാർക്കുന്ന ഈ ചേരിക്ക്. വിഷവാതകച്ചോർച്ചയിൽപ്പെട്ട് ഏറ്റവുമധികം നാശം സംഭവിച്ചത് ഈ കോളനിയിലായിരുന്നു.

ലോകത്താകെ നടുക്കംസൃഷ്ടിച്ച ഭോപാൽസംഭവം നടന്ന് നൂറ്റിഅറുപത്തിഅഞ്ചാംദിവസം അവിടെ 'ഭോപാൽ' എന്ന നാടകം അവതരിപ്പിച്ചു. കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ 'ഭാരത് വിജ്ഞാൻ കലാമോർച്ച'യിലെ അംഗങ്ങളാണ്. ഈ നാടകത്തിലൂടെ ഭോപാൽ ദുരന്തം, വീണ്ടും ഭോപ്പാലുകാരുടെ മനസ്സിൽ കൊണ്ടുവന്നത്. വിഷവാതകച്ചോർച്ചയിൽ ഓർമ്മയ്ക്കു സമർപ്പിക്കപ്പെട്ടതാണ് ഈ ഭാരതവിജ്ഞാൻ കലാമോർച്ച. കഴിഞ്ഞ ഡിസംബറിൽ ഭോപാലിൽ നടന്നത് യാദൃച്ഛികമായി ഒരു ദുരന്തമല്ലെന്നും, അതൊരു കൂട്ടക്കൊലയാണെന്നും, മനുഷ്യനന്മ ചെയ്യേണ്ട ശാസ്ത്രത്തിന്റെ അശാസ്ത്രീയവും മനുഷ്യത്വഹീനവുമായ ദുരുപയോഗം കൊണ്ടാണതെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ വെണ്ടി രൂപം നൽകിയതായിരുന്നു ഈ ശാസ്ത്രകലാജാഥ. കലയുടെ ശാസ്ത്രപ്ര

[1] ഇന്ത്യയിലെ ചില പ്രദേശങ്ങളുടെ പ്രശ്നങ്ങളെയും തേങ്ങലുകളെയും പറ്റിയാണ് കെ. വേലപ്പൻ എഴുതുന്നത്. ആ പ്രദേശങ്ങളിലൂടെ ഈയിടെ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു ജാഥയുടെ കൂടെ അദ്ദേഹം സഞ്ചരിക്കാനിടയായി. ഇന്ത്യ അതിന്റെ എല്ലാ പ്രശ്നങ്ങളോടും കൂടി ലേഖകന്റെ മനസ്സിലൂടെ ഒന്നു മിന്നിമറയുകയാണിവിടെ.

ചരണം എന്ന വിപുലമായ ലക്ഷ്യവും ഇതിനുണ്ടായിരുന്നു. ഒരു മാസക്കാലംകൊണ്ട്, കർണ്ണാടകം, മഹാരാഷ്ട്ര, ആന്ധ്ര, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഹര്യാനാ എന്നീ സംസ്ഥാനങ്ങളിലും ഡെൽഹിയിലുമായി നൂറോളം ഇടങ്ങളിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകർ കലാപരിപാടികൾ അവതരിപ്പിച്ചു.

ഈ മോർച്ച അവതരിപ്പിച്ച നാടകമാണ് ഭോപാലുകാരെ വീണ്ടും വേദനിപ്പിച്ചത്; വിപത്സാദ്ധ്യതകൾ വീണ്ടും നാടകത്തിലൂടെ പ്രവചനംപോലെ തെളിഞ്ഞു കണ്ടപ്പോൾ അവർ ഞെട്ടി. നാടകം തീരവേ അവർ യൂണിയൻ കാർബൈഡിനെതിരെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചു...

ബാംഗ്ലൂരിൽ നിന്നായിരുന്നു തുടക്കം. മെയ്ദിനത്തിൽ കർണ്ണാടക മുഖ്യമന്ത്രി രാമകൃഷ്ണ ഹെഗ്ഡേയാണ് ഭാരത് വിജ്ഞാൻ കലാമോർച്ച ഉദ്ഘാടനം ചെയ്തത്. ബാസവൻ ഗുഡിയിലെ ടാഗോർ പാർക്കിൽ ഹെഗ്ഡേ സാധാരണക്കാരനെപ്പോലെ ഒരു സ്വകാര്യക്കാറിൽ വന്നിറങ്ങി. അകമ്പടി സേവയ്ക്ക് പരിവാരമോ പോലീസ് സന്നാഹമോ ഒന്നുമില്ല. ആകാശവാണി, ദൂരദർശൻ എന്നീ ബഹുജനസമ്പർക്ക മാധ്യമങ്ങളെ കേന്ദ്രഗവൺമെന്റ് തങ്ങളുടെ പ്രചാരണോപാധികളാക്കുന്നെന്നും സംസ്ഥാന ഗവൺമെന്റുകളുടെ നിയന്ത്രണത്തിലാകണം അവയെന്നുമായിരുന്നു അദ്ദേഹം പറഞ്ഞത്. പത്രങ്ങൾ പ്രാധാന്യത്തോടെ ആ പ്രസംഗം പ്രസിദ്ധീകരിച്ചു. മഴ പെയ്യിക്കാൻ ശിവബാലയോഗിയുടെ യജ്ഞത്തിനുള്ള ഒരുക്കങ്ങൾ കർണ്ണാടക വാട്ടർ അൻഡ് സീവറേജ് ബോർഡ് നടത്തുന്ന അവസരമായിരുന്നു അത്. ജനങ്ങളിൽ ശാസ്ത്രാവബോധം വളർന്നാലേ അന്ധവിശ്വാസങ്ങൾക്കറുതി വരികയുള്ളൂവെന്ന് ഹെഗ്ഡേ പ്രസംഗിച്ചു.

സ്ത്രീപീഡനത്തിന്റെ ദുരന്തകഥ അയവിറക്കി നില്ക്കുകയാണ് ഹാവേരി. വടക്കൻ കർണ്ണാടകത്തിലെ ഈ ചെറു പട്ടണത്തിൽ ഏതാനും മാസംമുമ്പ് ഒരു സ്ത്രീധനവധം നടന്നു. ഇരുപത്തൊന്നുകാരിയായ സുനിതയെ ഭർത്താവും അമ്മായിയമ്മയുംകൂടി ചുട്ടുകൊന്നു. വനിതകളടക്ക്ക്കം ആയിരക്കണക്കിനാളുകൾ പ്രതിഷേധപ്രകടനങ്ങൾ നടത്തി. കന്നഡസാഹിത്യമണ്ഡപ് ആണ് നേതൃത്വം കൊടുത്തത്. പണക്കാരായ ഭർത്താവും കൂട്ടരും, ഉന്നതങ്ങളിൽ സ്വാധീനിച്ച് കേസ് തേച്ചുമാച്ചുകളയുമോ എന്നാണ് നാട്ടുകാരുടെ ഭയം. ഹാവിരിയിലെ ഒരു തെരുവോരത്ത് ശാസ്ത്രകലാജാഥാംഗങ്ങൾ 'സീത' അവതരിപ്പിച്ചു. പീഡനങ്ങളേറ്റ് സഹികെട്ട് ഒടുവിൽ ശക്തിസ്വരൂപിണിയായി ചങ്ങലപൊട്ടിച്ചുണരുന്ന സ്ത്രീത്വമാണ് പ്രമേയം. നാടകം കണ്ട സ്ത്രീകൾ ഒരുക്കൂട്ടംവന്ന് ജാഥാംഗങ്ങളോട് ചോദിച്ചു: ഞങ്ങൾ ചങ്ങല പൊട്ടച്ചെറിഞ്ഞ് ഉണരണമെന്നാണല്ലേ? ശരിയാണ്, ഞങ്ങൾ പലേടത്തും നീർദ്ദയം അവഹേളിതയാവുന്നത്. വടക്കൻ കർണ്ണാടകത്തിൽ അതിരൂക്ഷമാണ് പരിസ്ഥിതി പ്രശ്നം. വരും തലമുറകളിൽ നിന്നും നമ്മൾ കടംവാങ്ങിയ ഈ ഭൂമിയെ കേടേല്ക്കാതെ കാത്തു സൂക്ഷിച്ച് തിരികെയേല്പിക്കുക നമ്മുടെ കടമയാണ് എന്ന് പ്രതീകാത്മാകമായി ആവിഷ്കരിക്കുന്ന 'ഭൂമി' എന്ന സംഗീതശില്പം വടക്കൻ കർണ്ണാടകക്കാർക്ക് വളരെ ഇഷ്ടപ്പെട്ടു.

തുംഗഭദ്ര കർമ്മപാപങ്ങൾ കഴുകിക്കളയുന്ന പുണ്യനദി. വരൾച്ചയിലും നേർത്തു മെലി

ഞ്ഞ നദിയൊഴുകുന്നു. നദിയുടെ മാറിലെ വിശാലമായ മണൽത്തിട്ടമേൽ ഒരു അത്താഴം. കവിത ചൊല്ലൽ. നിറയുന്ന നിലാവ്. നിലാവിൽ വെള്ളിവരികളായി തിളങ്ങുന്ന നീർച്ചാലുകൾ. പെട്ടെന്ന് ചന്ദ്രന്റെ വക്ക് കറുക്കാൻ തുടങ്ങുകയായി. ഗ്രഹണമാണെന്ന്. നദിയുടെ വിശാലതയിൽ അവിടവിടെ മന്ത്രോച്ചാരണങ്ങളുടെ കുടുക്കഴിഞ്ഞു ചിതറുന്നു. നീർച്ചാലുകളിലൂടെ ദിപനാളങ്ങൾ ഒഴുകി നീങ്ങുന്നു. ഒന്നല്ല, രണ്ടല്ല; ഒത്തിരിയെണ്ണം അരണ്ട വെളിച്ചത്തിൽ അകലങ്ങളിൽ അനങ്ങുന്ന ആൾരൂപങ്ങളെ അവ്യക്തമായി കാണാം. സുമംഗലിമാർ ആരതിപൂജ നടത്തുകയാണ്.

തുംഗഭദ്രാതീരത്ത് ഹരിപരേശ്വർ ക്ഷേത്രം രണ്ടാംകാശി എന്ന പുകൾ പെറ്റതാണ്. പക്ഷെ, ക്ഷേത്രക്കടവും വ്യവസായശാലകൾ തുപ്പുന്ന രാസമാലിന്യം കുമിഞ്ഞ് അശുദ്ധമായിരിക്കുന്നു. വിശുദ്ധയായ ഈ പുണ്യനദിയും വിഷമായിക്കൊണ്ടിരിക്കുന്നു. ഗ്വാളിയർ റയോൺസിന്റെ വക ഹരിഹർ പൊളിഫൈബേഴ്സ് പുറന്തള്ളുന്ന മാലിന്യം തുംഗഭദ്രയെ മറ്റൊരു കാളിന്ദിയാക്കുന്നു. നദിയിൽ ഇടയ്ക്കിടെ മീനുകൾ കൂട്ടം കൂട്ടമായി ചത്തുപൊന്തുന്നു. മെദ്ലേരി, പരേബിദരി, ഹരനഗരി, ഐരണി, ബേലൂർ എന്നീ ഗ്രാമങ്ങളിൽ മീൻപിടിച്ചു പുലരുന്നവരുടെ ജിവിതം ഗതിമുട്ടി. മെദ്ലേരി ഗ്രാമത്തിൽനിന്നുള്ള ദുർഗ്ഗപ്പാ ബാർക്കി എന്ന മത്സ്യത്തെഴിലാളി പറഞ്ഞത് 1972-ൽ പോളി ഫൈബർ ഫാക്ടറി സ്ഥാപിക്കുന്നതിനു മുമ്പ് ആണ്ടിൽ പന്ത്രണ്ടുമാസവും തങ്ങൾ മീൻപിടിച്ചു പുലർന്നിരുന്നുവെന്നും ഇപ്പോൾ നാലഞ്ചുമാസം പട്ടിണികിടക്കേണ്ടിവരുന്നു എന്നുമാണ്. സംഘടിതമായി പ്രതിഷേധം മത്സ്യതൊഴിലാളികളുടെ ഭാഗത്തുനിന്നും ഉയർന്നുതുടങ്ങിയിരിക്കുന്നു.

“ഉഡുഗ സിഡിലാബഡബ ബന്ദേ... മഴയെ നോക്കെ സുരസലില്ലവോയ...” ഇടിമിന്നലായിവന്നു; പക്ഷെ,താങ്കൾ ഞങ്ങൾക്കു മഴയായില്ല. യുഗങ്ങളായി ഉറങ്ങികിടന്നിരുന്ന ഞങ്ങളെ താങ്കൾ വന്നു വിളിച്ചുണർത്തി; പക്ഷെ, ഞങ്ങൾക്കൊരു പുതിയ പ്രഭാതം താങ്കൾ തന്നില്ല. ഞങ്ങളുടെ കൈകളിലെ ഇരുമ്പു ചങ്ങലുകൾ പൊട്ടിച്ചെറിയാൻ ആഹ്വാനം ചെയ്തു; എന്നിട്ട് താങ്കളോ മറ്റൊരു സ്വർണ്ണച്ചങ്ങലവീഴാൻ കൈനീട്ടിക്കൊടുത്തു”— നാടൻ ഈണത്തിൽ നാഗരാജൻ കവിത ചൊല്ലുകയാണ്. യതിരാജും ഗംഗാധരസ്വാമിയും അതേറ്റു പാടുന്നു. കർണ്ണാടകത്തിലെ പ്രസിദ്ധനായ ദലിത കവിയുടെ വരികൾ. ഡോ: അംബേദ്കറെ സംബോധന ചെയ്തുകൊണ്ടുള്ള കവിത. മുതലാളിത്ത നവോത്ഥാനത്തിന്റെ ഭ്രമാത്മകത പൊട്ടിച്ചു കടന്ന് ചരിത്രത്തിന്റെ കടിഞ്ഞാൺ പിടിച്ചെടുക്കാൻ ആയുന്ന അടിച്ചമർത്തപ്പെട്ടവന്റെ ആകാംക്ഷകൾ മുറുകുന്ന വരികൾ. നാഗരാജനും കൂട്ടരും പാടുകയാണ്. ആ പാട്ടിന്റെ കാമ്പിൽ മനമുടക്കി നീത്യാനന്ദൻ മൂകനായിരിക്കുന്നു. നിത്യനന്ദനെ അറിയില്ലേ; നാഗരാജൻ നേരത്തെ പരിചയപ്പെടുത്തിയതോർക്കുന്നു. നിത്യാനന്ദൻ രണ്ടുകൊല്ലം മുമ്പുവരെ ഫാദർ നിത്യാനന്ദ സ്വാമിയായിരുന്നു. മതപരിവർത്തനത്തിനു നേതൃത്വം കൊടുക്കാനായിരുന്നു ഫാദർ നിത്യാനന്ദ സ്വാമിയെ മത നേതാക്കൾ വടക്കൻ കർണ്ണാടകത്തിലെ ആ വിദൂര ഗ്രാമത്തിലേക്കു നിയോഗിച്ചത്. ഫ്രാൻസിസ്കൻസഭയിൽപ്പെട്ട കപൂചിയൻസ് വിഭാഗത്തിൽ സന്യാസിയായിരുന്നു, ഫാദർ രൂക്ഷമായ കർഷകസമരങ്ങളിലൂടെ ഫാദർ നിത്യാനന്ദസ്വാമി സഖാവ് നിത്യാനന്ദനായി മാറിയ കഥ ആവേശകരമാണ്. ഗുണ്ടുറാവിന്റെ ഭരണകാ

ലത്ത് കോളിളക്കം സൃഷ്ടിച്ച നരഗുണ്ട കർഷക സമരത്തിലൂടെ വളർന്ന നേതാവാണ് അദ്ദേഹം. തന്റെ പൗരോഹിത്യ ജീവിതകാലത്തെപ്പറ്റി ചോദിച്ചപ്പോൾ നിത്യാനന്ദൻ അർത്ഥംവെച്ചൊന്നു ചിരിച്ചു. ഗ്രാമീണർക്ക് മതപ്രബോധനത്തെക്കാളേറെ രാഷ്ട്രീയവല്ക്കരണമാണ് ആവശ്യമെന്ന് ബോദ്ധ്യംവന്ന ഫാദർ നിത്യാനന്ദ സ്വാമി ചൂഷകരായ ജന്മികൾക്കെതിരെ കർഷകത്തൊഴിലാളികളെ നയിച്ചു. പള്ളിയും ജന്മിത്വവും ഭരണകൂടവും തമ്മിലുള്ള ഗൂഢബന്ധത്തെക്കുറിച്ച് അനുഭവത്തിലൂടെ മനസ്സിലാക്കിയ നിത്യാനന്ദൻ ളോഹ ഊരിയെറിഞ്ഞിട്ട് ജനങ്ങളോടൊപ്പം പൊരുതിനിൽക്കാൻ തന്നെ തീരുമാനിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷക സംഘത്തിന്റെ ഹുബ്ളി ജില്ലാക്കമ്മിറ്റി സെക്രട്ടറിയാണ് നിത്യാനന്ദൻ ഇപ്പോൾ. "ഞാൻ ജനങ്ങളെ 'കൺവേർട്ട്' ചെയ്യാനാണ് പോയത്. പക്ഷെ ജനങ്ങൾ എന്നെ 'കൺവേർട്ട്' ചെയ്തു". നിത്യാനന്ദന്റെ കണ്ണുകളിൽ തിളക്കം.

"ഞാനും നിങ്ങളുടെ കൂടെ വരുന്നു." ഭൂദാൻ പോച്ചംപള്ളിയിൽ ശാസ്ത്രകലാപരിപാടികൾ കണ്ട് ആവേശംകൊണ്ട പോച്ചമ്മ എന്ന ആദിവാസി സ്ത്രീയുടെ പ്രതികരണമതായിരുന്നു. പോച്ചമ്മയുടെ മനസ്സിലെ തീ ഊതിയുണർത്താൻ ശാസ്ത്രകലാജാഥയ്ക്കു കഴിഞ്ഞെന്നോ? ആ തീ തെലുങ്കാനയുടേതാണ്. ഹൈദരാബാദിന്റെ പ്രാന്തപ്രദേശത്ത് വിജനമായ പാറക്കൂട്ടങ്ങൾക്കപ്പുറം ഒറ്റപ്പെട്ടുകിടക്കുന്ന ഈ ഗ്രാമം തെലുങ്കാനാ കർഷകസമരത്തിന്റെ ഈറ്റില്ലമാണ്. വാരിക്കുന്തവും വില്ലമ്പും നെഞ്ചൂക്കുകാട്ടി തോക്കൻകുഴലുകളോടെതിരിട്ട ആ വിപ്ലവവീര്യം ഗ്രാമീണരുടെ ഓർമ്മകളിൽനിന്നുപോലും വററിത്തോർന്നതുപോലെ. പുതിയ തലമുറയ്ക്ക് ചരിത്രത്തിന്റെ തീപാറുന്ന ആ ഏടിനെപ്പറ്റി കേട്ടുകഥകൾ പോലുമില്ലാത്തതുപോലെ. മുതിർന്നതലമുറയും അക്കാലഘട്ടം മിക്കവാറും മറന്ന അവസ്ഥയിലാണ്. വളരെ പ്രായംചെന്നവരോടു ചോദിച്ചപ്പോൾ അവർക്ക് തെലുങ്കാനാ സമരനാളുകളെക്കുറിച്ച് നേരിയ ഓർമ്മയുണ്ടെന്ന് പറഞ്ഞു. അന്നത്തെ സായുധസമരത്തിൽ പങ്കെടുത്തവർ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ എന്നു ചോദിച്ചപ്പോൾ അവർ പറഞ്ഞു: ഉണ്ട്. പാപ്പിറെഡ്ഡി. മൂപ്പർക്ക് ഉപ്പോൾ ഒന്നിനും വയ്യ. വീട്ടിൽ തളർന്നിരുപ്പാണ്. 1952 ഏപ്രിൽ 18-ാം തീയതിയാണ് തെലുങ്കാനാസമരത്തിന്റെ രണഭൂമിയായ പോപ്ചപള്ളി ഗ്രാമം ഭൂദാൻ പോച്ചംപള്ളിയായത്. വനോബാഭാവെ ഭൂദാനപ്രസ്ഥാനത്തിന് തുടക്കമിട്ടത് അന്ന്" ഈ ഗ്രാമത്തിൽ വച്ചായിരുന്നു. ഹൈദരാബാദിലെ ഭൂപ്രഭുവായ വെതിര രാമചന്ദ്രറെഡ്ഡി ദാനമായി കൊടുത്ത നൂറേക്കർ ഭൂമി നൂറു ഹരിജന കുടുംബങ്ങൾക്ക് വിനോബാഭാവെ വീതിച്ചുകൊടുത്ത സംഭവം എല്ലാവരും ഓർക്കുന്നു. 1982 ഏപ്രിലിൽ അതിന്റെ മുപ്പതാം വാർഷികം സർക്കാർ ചെലവിൽ ആർഭാടപൂർവ്വം ആഘോഷിച്ചതോടെ പുതിയ ലതമുറയുടെ മനസ്സിലും നിറഞ്ഞ ഭൂദാനമാഹാത്മ്യം. ഭൂപ്രഭുക്കളും ജവഹരലാൽ നെഹ്റുവും കൂടിച്ചേർന്ന് തെലുങ്കനാനയിൽ കിളിർത്ത വിപ്ളവത്തിന്റെ നാമ്പുകളെ മുളയിലേ നുള്ളിക്കളയാൻ പ്രയോഗിച്ച ആ സൂത്രം ഫലിച്ചു. ഒരിക്കൽ തീജ്ജ്വാലകൾ പ്രവഹിച്ച പോച്ചംപള്ളിയടെ സിരകളിൽ ഇന്ന് ആലസ്യത്തിന്റെ ശൈത്യമുറഞ്ഞുനില്ക്കുന്നു. തമ്മിലടിച്ചും അന്യോന്യം നെഞ്ചുപിളർന്നും സ്വയം നശിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അന്ധ്രയിൽ ചരിത്രത്തെ കൊഞ്ഞനംകത്താൻ ഇപ്പോഴും മുതിരുന്നു. വനോബാഭാവെയ്ക്ക് ഭൂദാനം

ചെയ്ത വെതിര രാമചന്ദ്രറെഡ്ഡി, തെലുങ്കാനാ സമരത്തിലെ പടനായരകിലൊരാളായ രാവി നാരായണ റെഡ്ഡിയുടെ അളിയനാണ്. രാവി നാരായണ റെഡ്ഡി രണ്ടുപ്രാവശ്യം നൽഗൊണ്ട പാർലമെന്ററി സീറ്റിൽ കമ്മ്യൂണിസ്ററ് സ്ഥാനാർത്ഥിയായി നിന്നു ജയിച്ചു. പിന്നെ തോറ്റു.

നർമ്മദയുടെ ശവങ്ങൾ ഒഴുകിനടത്തന് ആറുമാസം മുമ്പായിരുന്നു. ഭോപാൽ വിഷവാതകച്ചോർച്ചയുടെ തൊട്ടടുത്ത നാളുകളിൽ നിരവധി അനാഥപ്രേതങ്ങളെ കരയ്ക്കെടുത്തു സംസ്കരിച്ച കാര്യം ഓർക്കുമ്പോൾ വിവശരാവുന്നു. മദ്ധ്യപ്രദേശ് ഗവൺമെന്റ് യൂണിയൻ കാർബൈഡിന്റെ സ്വാധീനത്തോടെ ഭോപാൽ കൂട്ടക്കൊലയെക്കുറിച്ചുള്ള യഥാർത്ഥ വിവരങ്ങൾ മറിച്ചുവയ്ക്കുകയാണെന്നാണ് പൊതുവെ പറഞ്ഞുകേട്ടത്.

തീക്കാറ്റിൽ ചുരുണ്ടുനിവരുന്ന പൊടിപടലം 'ചെങ്കൽനഗര'ത്തിന്റെ മുഖം മറയ്ക്കുന്നു. ആ അതാര്യതയിലും ഇംപ്രഷണിസ്റ്റുചരിത്രത്തിലെന്നവണ്ണം തെളിയുന്ന മനുഷ്യരൂപങ്ങൾ. ഖാഗ്രയിൽ പതിപ്പിച്ച കണ്ണാടിത്തുണ്ടുകൾ വെട്ടിതിളങ്ങുന്നു. നക്ഷത്രസംഘാതമായി, ചൂഡികളുടെ കിലുകിലുക്കം ശിരസ്സിൽ ഉങ്കറ്റ് അണിഞ്ഞ രാജസ്ഥാനിവനിതകൾ. ഒടകവണ്ടിക്കാരന്റെ പഗ്ഡിയയുടെ ചുവപ്പുനിറം. മരുഭൂമിയുടെ വിശാലമായ ക്യാൻവാസിൽ നിറപ്പകിട്ടുകൾ വാരിയണിഞ്ഞ് മനുഷ്യൻ സ്വയംരചിക്കുന്ന പ്രകൃതിസൗന്ദര്യങ്ങൾ. പ്രകൃതിയുടെ നഗ്നമായ ഊഷ്രതയ്ക്കുമേൽ വർണ്ണക്കൂട്ടുകൾ ചാലിച്ചു ചേർക്കുന്ന മനുഷ്യന്റെ നിഷ്കളങ്കമായ സൗന്ദര്യാവബോധം. നിർമ്മലാ നായർ എന്ന പാലക്കാട്ടുകാരിയെ രാജസ്ഥാനിൽ പിടിച്ചുനിറുത്തിയിരിക്കുന്നതും പച്ചമനുഷ്യന്റെ ഈ സൗന്ദര്യത്തുടിപ്പുകൾതന്നെ. ആഞ്ചുകൊല്ലംമുമ്പ് ഈ നാട്ടിൽ വന്നിറങ്ങിയപ്പോൾ തന്റെ മനസ്സിൽ ആദ്യം തറഞ്ഞതു് രാജസ്ഥാനി സ്ത്രീകളുടെ ചിത്രമായിരുന്നെന്ന് നിർമ്മല ഓർമ്മിക്കുന്നു. അവർ പറയുന്നു. എനിക്കു തിരിച്ചുപോകാൻ പറ്റുന്നില്ല. ഏതോ ഒരു അദൃശ്യശക്തി എന്നെ ഇവരോടടുപ്പിച്ചു നിറുത്തുമ്പോലെ. രണ്ടു കൊല്ലക്കാലം നിർമ്മല തിലോണിയയിലെ സോഷ്യൽവർക്ക് ആൻഡ് റിസർച്ച് സെന്ററിൽ സാമൂഹ്യ പ്രവർത്തനം നടത്തി. പിന്നെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ചേർന്നു പഠിച്ചു. രാജസ്ഥാൻ ഗവൺമെന്റിന്റെ വിമൻസ് ഡെവലപ്മെന്റ് പ്രോജക്ടിൽ ജോലിനോക്കുകയാണ് നിർമ്മല ഇപ്പോൾ. തിലോണിയയിൽ സഹപ്രവർത്തകനായിരുന്ന വാസുവാണ് നിർമ്മലയുടെ ഭർത്താവ്. തമിഴ്നാട്ടുകാരനായ വാസു ജയ്പ്പൂരിലെ സ്റ്റേറ്റ് റിസോഴ്സ് സെന്ററിലാണ്. സതിസമ്പ്രദായം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെടാൻ പോന്നവിധം അന്ധവിശ്വാസത്തിലാണ്ടുകിടക്കുന്ന രാജസ്ഥാനി സ്ത്രീകളുടെ അകംകണ്ണു തുറപ്പിക്കാനുള്ള ശ്രമത്തിലാണ് നിർമ്മല.

ഡെൽഹിയിൽ ഏറ്റവും പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് മംഘോൾപുരി. അടിയന്തിരാവസ്ഥക്കാലത്തെ ചേരിനിർമ്മാർജ്ജനത്തിനിരകളായി മാറേണ്ടിവരുന്നവരുടെ റീസെറ്റിൽമെന്റ് കോളനി. കഴിഞ്ഞ നവംബറിൽ നടന്ന ലഹള ഏറ്റവും കൂടുതലായി ബാധിച്ച സ്ഥലങ്ങളിലൊന്ന്. മംഗേൾപുരിയിലെ ചേരിനിവാസികൾ വികാരനിർഭരമായി ശാസ്ത്രകലാജാഥയോടു പ്രതികരിച്ചു. നഗരവികസനത്തിന്റെ ഫലമായി പുമ്പോക്കുകളിലേക്കൊതുക്കിത്തള്ളപ്പെട്ട ഈ ആഴക്കു വൃത്തത്തിലിറങ്ങിച്ചെന്ന് അറി

വിന്റെ വെളിച്ചം വിതറാൻ കഴിഞ്ഞ നാലുകൊല്ലമായി ഇന്ദ്രാണി നെച്ചൂരി ശ്രമിക്കു ന്നു. എസ്. എഫ്. ഐ. അഖിലിന്ത്യാ പ്രസിഡന്റ് സീതാറാം നെച്ചൂരിയുടെ പത്നി യാണത്ര ഇന്ദ്രാണി. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ പഠനത്തിനുശേഷം മംഗോൾപുരിയിലെ പാവപ്പെട്ടവരുടെ നടുവിലേക്ക് ഇറങ്ങിച്ചെന്ന ഇന്ദ്രാണി സ്ത്രീകളെയും യുവാക്കളെയും സംഘടിപ്പിച്ച വർഗ്ഗബോധം വളർത്തുന്നു. നവംബർ കലാപസമയത്തു പാവപ്പെട്ട സിക്കുകാരെ സംരക്ഷിക്കുന്നതിനും ലഹളയിൽ കൊല്ലപ്പെട്ടവരുടെ വിധവ കളെ സമാശ്വാസിപ്പിക്കുന്നതിനുമുള്ള ഡി. വൈ. എഫ്. ഐ-യുടെ പ്രവർത്തനങ്ങൾ നയിച്ചത് ഇന്ദ്രാണിയായിരുന്നു. അടിസ്ഥാന വർഗ്ഗത്തിലേക്കിറങ്ങിച്ചെന്ന് അവരിലൊ രാളായി മാറി ദുഃഖവും ദുരിതവും പങ്കിട്ട് വിശ്വാസമാർജ്ജിച്ച് സംഘടനാപ്രവർത്തനം നടത്തുന്ന ഇന്ദ്രാണിയുടെ ശൈലി ഉത്തരേന്ത്യയിലെമ്പാടും പ്രസക്തമാണെന്നുതോന്നു ന്നു.

ഭോപാൽ കൂട്ടക്കൊലയ്ക്ക് ഉത്തരവാദിയായ യൂണിയൻ കാർബൈഡിന്റെ ഉല്പന്നങ്ങൾ ബഹിഷ്കരിക്കാനുള്ള ആഹ്വാനവുമായാണ് കേരളശാസ്ത്ര സാഹിത്യപരിഷത്തിന്റെ ശാസ്ത്ര കലാജാഥ ഒരുമാസക്കാലം അഖിലിന്ത്യാ പര്യടനം നടത്തിയത്. ഭാഷയുടെയും പ്രാദേശി കതയുടെയും അതിരുകൾ മറികടന്ന് ഈ സന്ദേശം ഇന്ത്യയാകമാനം എത്തിക്കാൻ കലാ ജാഥയ്ക്ക് കഴിഞ്ഞു. നാടക രംഗത്തെ പ്രതിഭാശാലികൾ മുതൽ ചേരിനിവാസികൾ വരെ കലാജാഥയുടെ സാദ്ധ്യതകളെന്തെന്ന് തിരിച്ചറിഞ്ഞു. വേഷവും ഭാഷയും വ്യത്യസ്തമാ ണെങ്കിലും ഇന്ത്യക്കാരുടെ ഹൃദയവികാരങ്ങൾ ഒരേപോലെയാണെന്നും ജാഥംഗങ്ങൾക്കു ബോദ്ധ്യപ്പെട്ടു.

# 4

## ഓണമെന്നാൽ...

ഋതുചക്രത്തിന്റെ തിരിയലിനിടയിൽക്കൂടി നമ്മുടെ മുറ്റത്തേക്ക് മറ്റൊരു ഓണംകൂടി ഇതാ വരുന്നു. അണിഞ്ഞൊരുങ്ങുന്ന ഓണവഴികൾ എന്റെ മുമ്പിലിണ്ട്. ഇത് കച്ചവടക്കാരുടെ തന്ത്രവഴികളാണ്. ഈ തന്ത്രവഴികളിൽ നിന്നുകൊണ്ടുതന്നെ ഞാൻ ആ മഹാകവിയുടെ വരികൾ ഓർക്കട്ടെ:

പോവല്ലേ പോവല്ലേ ഓണപ്പൂവേ!
ജീവനിൽ ജീവനാമോണപ്പൂവേ!
തൈക്കുളിർ കാറ്റും മുകിലുകളും
പൂക്കളും പാട്ടും പറവകളും
പിഞ്ചുകിടാങ്ങളുമോണവില്ലും
നെഞ്ചലിഞ്ഞൊത്തു കളിച്ചതെങ്ങോ,
സുന്ദരമാനന്ദ സമ്പൂർണ്ണമാമാ-
മന്ദിരത്തിൻ പടിവാതിൽ ചൂണ്ടി,
മാനുഷരെല്ലാരുമൊന്നുപോലാം
മാവേലിനാടിൻ വഴികൾ ചൂണ്ടി,
തുള്ളിവരും പുലരോണക്കാറ്റിൽ-
ത്തുള്ളിക്കളിക്ക നീയോണപ്പൂവേ!
തുള്ളിവരുന്ന നിലാവൊളിയിൽ-
ത്തുള്ളിവിരിയൂ നീ കണ്മണിയേ
കാറ്റിലിണങ്ങിക്കളിക്ക, ജീവൻ
പോറ്റിപ്പുലർത്തുമെൻ പൊൻ
        കിനാവേ!

മഹാകവി കുഞ്ഞിരാമൻ നായർക്ക് ഈ ഓണപ്പൂക്കൾ ഭൂമി കാണാനിറങ്ങിയ നക്ഷത്രക്കുഞ്ഞുങ്ങളായിരുന്നു. ഭൂമി നഷ്ടപ്പെട്ട ആ നക്ഷത്രക്കുഞ്ഞുങ്ങളെപ്പറ്റി പാടാൻ ഇന്ന് ആ കവി ഇല്ല. അദ്ദേഹം നമ്മുടെ മാനത്തു വിരിയുന്ന മഴവില്ലിന്റെയും ഭൂമിയിൽ വിരിയുന്ന പൂക്കളുടെയും കവിയായിരുന്നു. നമ്മുടെ നദികളുടെയും മരങ്ങളുടെയും പാട്ടുകാരനായിരുന്നു. നമ്മുടെ കാർമേഘങ്ങളുടെയും തിരമാലകളുടെയും പാട്ടുകാരനായിരുന്നു. ഓ, എന്തിനീ ഈ ചിങ്ങത്തിലും ആ കവിയുടെ പാട്ട് പാടുന്നേ? കുഞ്ഞിരാമൻനായർ കവിതയുടെ ഭ്രാന്താലയത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്ത വെറുമൊരു സ്വപ്നജീവിയായിരുന്നു. എന്തിനോ, ആ സ്വപ്നജീവിയുടെ പാട്ട് ഈ കാണവഴികളിലൂടെ നടക്കുമ്പോഴും ഞാൻ പാടുന്നു. ഇങ്ങനെ പാടിക്കൊണ്ടിരിക്കേ, പരലോകത്തുള്ള ആ മഹാകവിയോട് ഇങ്ങനെ പറയാനും തോന്നുന്നു. ഓണത്തിന്റെ നിറം ഇവിടെ വല്ലാതെ മങ്ങിപ്പോയിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ തുറകൾക്കും ഉന്മേഷം പകർന്ന ആ പഴയകാലത്തെ ഓണം ഇന്നില്ല. ഞങ്ങൾ വെറും സാമ്പത്തിക മനുഷ്യരായി മാറിയിരിക്കുന്നു. ജീവിതത്തിന്റെ മൽസരങ്ങൾക്കും പാട്ടുകൾക്കുമിടയിൽ ഞങ്ങൾക്ക് സ്വപ്നങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. മാവേലി ഞങ്ങൾക്ക് വെറുമൊരു മാവേലിസ്റ്റോറായി മാറിയിരിക്കുന്നു. ഓണനിലാവിപ്പോൾ സർക്കാർ ചെലവിൽ വൈദ്യുതിയിലൂടെയാണൊഴുകുന്നത്. ഓണത്തെക്കുറിച്ച് പാട്ടു പാടുന്ന സ്വപ്നജീവികളായ കവികൾ പോലും ഞങ്ങളുടെ ഇടയിലിന്നില്ല.

ഇത്തവണ ഓണത്തെക്കുറിച്ചുള്ള ചിന്തകളുമായി ഞാൻ കുറേ സാധാരണ മനുഷ്യരെ സമീപിച്ചു. ഓണമെന്നാൽ നിങ്ങൾക്കെന്താണ് എന്ന ഒരു ചോദ്യം മനസ്സിലുണ്ടായിരുന്നു. ആദ്യം കണ്ടത് തിരുമലക്കാരനായ ഒരു നാരായണൻ നായരെയാണ്. അമ്പത്തിയേഴു വയസ്സുള്ള നാരായണൻനായർ പെയിന്റടിക്കുന്ന ഒരു തൊഴിലാളിയാണ്. നാരായണൻ നായരുടെ നേർക്ക് ഞാൻ എന്റെ ചോദ്യം എടുത്തിട്ടു. നാരായണൻനായർ പറഞ്ഞു: “എല്ലാവരെയുംപോലെ ഓണം എനിക്കും ഒരാഘോഷം തന്നെ. പണ്ടാണെങ്കിൽ വലിയൊരാഘോഷം. ഇപ്പോഴാകട്ടെ പാടുപ്പെട്ടു ജീവിക്കാനുള്ള ബദ്ധപ്പാടാണ്. മുമ്പൊക്കെ അഞ്ചാറുദിവസം ആഘോഷമായിരിക്കും. ഇപ്പോൾ ഒരു ദിവസം മാത്രം. ഇപ്പോൾ എന്തോന്ന് ഓണക്കളി? ടൂറിസ്റ്റ് വാരാഘോഷം കാണുന്ന തന്നെയാണ് ഇപ്പോഴത്തെ ആഘോഷം. പിള്ളേരെല്ലാം അതു കാണാൻ ഉത്സാഹത്തോടെ പോകും. ഞങ്ങളൊക്കെ കുട്ടികളായിരുന്നപ്പോൾ ഓണക്കാലത്ത് ഊഞ്ഞാൽ കെട്ടും. അർദ്ധരാത്രിയിൽപ്പോലും നിലാവിലൂഞ്ഞാലാടും. ഇന്നെങ്ങനെയാ ഊഞ്ഞാലു കെട്ടുന്നേ? മൂന്നു സെന്റ് തറയിൽ ഒരു മരമില്ല. ഉള്ളത് ഒരു തൈമാവ് മാത്രം. പിന്നെ, എവിടെ ഊഞ്ഞാലുകെട്ടികൊടുക്കാൻ? പിള്ളേർ വാശിപിടിച്ച കരഞ്ഞാൽ വീട്ടിനുള്ളിൽ പേരിനൊരുഞ്ഞാലിട്ടു കൊടുക്കും. മക്കളും കൊച്ചുമക്കളുമായി പതിനൊന്ന് അംഗങ്ങളുണ്ട് വീട്ടിൽ. പണ്ടാണെങ്കിൽ പത്തുരൂപാ ചക്രമുണ്ടെങ്കിൽ കാര്യമെല്ലാം ഭംഗിയായി നടക്കും. ഇന്നാണെങ്കിൽ നൂറുരൂപ ഉണ്ടെങ്കിലും ഒന്നും നടക്കില്ല. ഇപ്പോൾ, വാസ്തവത്തിൽ ഓണമൊന്നും ആഘോഷിക്കുന്നില്ല. ഒരു പായസം – അതുതന്നെ ഓണം. പണ്ട് രണ്ടു രൂപയ്ക്ക് മലക്കറി വാങ്ങിയാൽ അതുതന്നെ സുഭിക്ഷം. ഇപ്പോഴാണെങ്കിൽ പതിനഞ്ചുരൂപയ്ക്ക് വാങ്ങിയാലും ഒരു നേരത്തേക്കു വരില്ല. വന്നുവന്ന് കടശ്ശിയിൽ ഓണം തന്നെ ഇല്ലാതാകുമെന്നാണു തോന്നുന്നത്. ജീവിക്കാൻ

വഴിയില്ലാതാവുമ്പോൾ, ഓരോ ദിനവും തള്ളിവിടാൻ പാടുപെടുമ്പോൾ എന്ത് ഓണം."

"നമ്മക്കെന്തോരു ഓണം സാറേ" എന്നു പറഞ്ഞുകൊണ്ടാണ് മലക്കറിക്കച്ചവടക്കാരി സുഭദ്ര തുടങ്ങിയത്. അമ്പത്തിമൂന്നു വയസ്സുള്ള സുഭദ്ര കൊഞ്ചിറവിളക്കാരിയാണ്. സുഭദ്ര പറയുകയായിരുന്നു: "നമ്മക്കെന്നും ഒരുപോലെ തന്നെ. ഓണച്ചന്തയും മാവേലിസ്റ്റോറുമൊക്കെ വന്ന് ഞങ്ങൾ ഗതികേടിലായി. ഇവിടെ ഞങ്ങൾ വില കുറച്ചുകൊടുത്താലും ആളുകൾ സൂപ്പർമാർക്കറ്റിൽച്ചെന്ന് കൂടുതൽ വിലകൊടുത്തു വാങ്ങുകയേ ഉള്ളൂ. ഇന്നു പറിച്ചെടുക്കുന്ന മലക്കറി കൊടുക്കാമെന്നു പറഞ്ഞാലും വേണ്ട. സൂപ്പർമാർക്കറ്റിൽ കിട്ടുന്ന പല ദിവസം കഴിഞ്ഞതും വാടിയതുമായ മലക്കറിമതി അവർക്ക്. അതാണിപ്പോഴത്തെ ഫാഷൻ. സൂപ്പർമാർക്കറ്റ് വരുന്നതിനുമുമ്പ് നല്ല കച്ചവടം കിട്ടുമായിരുന്നു. അന്നൊക്കെ ദിവസം നൂറുരൂപയ്ക്ക് വില്ക്കുമായിരുന്നു. ഇപ്പോൾ കച്ചവടം വളരെ മോശമാണ്. ഉള്ളതുപോലെയൊക്കെ കഴിഞ്ഞുകൂടുന്നു. 364 ദിവസവും കഷ്ടപ്പെടുന്ന ഞങ്ങളൊക്കെ ഓണത്തെപ്പറ്റി എന്തു പറയാനാ. ഒരു ദിവസമെങ്കിലും എന്റെ കുട്ടികൾ നാലുപേരെപ്പോലെ വൃത്തിയായിരിക്കണം."

കരകൗശല വില്പനക്കാരൻ അപ്പിച്ചെട്ടിയാരെയാണ് ഞാൻ പിന്നീട് കണ്ടത്. അമ്പത്തിയേഴുകാരനായ അപ്പിച്ചെട്ടിയാർ പറഞ്ഞു: "പഴയ ആചാരങ്ങളൊന്നും ഇന്നില്ല. ഓണം ആഘോഷിക്കാനുള്ള ഉത്സാഹം മനുഷ്യന്റെ സാമ്പത്തികശേഷിയെ ആശ്രയിച്ചാണിരിക്കുന്നത്. ഓണവില്പനയ്ക്കായി ഒന്നുമില്ല. പിന്നെ എന്തോന്ന് ഓണം? ഓണാഘോഷം ഉദ്ഘാടനം ചെയ്യാൻ ഇത്തവണ രാജീവ് ഗാന്ധി വരുമെന്നു കേൾക്കുന്നു. അപ്പോൾപിന്നെ എല്ലാടവും പൊലീസ് ബന്തവസ്സുതന്നെയാവും. എല്ലാവരും സമത്വത്തോടെ കഴിഞ്ഞുവന്ന കാലത്തിന്റെ ഓർമ്മയാണല്ലോ മാവേലിയുടെ ഐതിഹ്യം. ആ കാലം ഇനി വരാൻ പോകുന്നില്ല. നമ്മൾ തമ്മിലടിച്ച് മരിക്കും. നാട് അങ്ങനെയാണ് പോകുന്നത്? ആർക്കും എന്തും ചെയ്യാമെന്നായിരിക്കുന്നു. ഈ നശിച്ച കാലത്ത് എന്ത് ഓണം?"

"ആവണിഅവിട്ടവും ദീപാവലിയുമൊക്കെ കഴിഞ്ഞിട്ടേ ഞങ്ങൾക്ക് ഓണം പ്രധാനപ്പെട്ടതാകുന്നുള്ളൂ. ഞാൻ തമിഴ് ബ്രാഹ്മണനാണ്. വലുതായിട്ടൊന്നും ഓണാഘോഷം ഞങ്ങൾ തമിഴ് ബ്രാഹ്മണർക്കില്ല. പോറ്റിമാർക്കാണ് ഓണം കൂടുതലാഘോഷം. എന്നിരിക്കിലും ഓണദിവസം പായസം വയ്ക്കലും വിശേഷാൽ ഊണുമൊക്കെ ഉണ്ടാവും" പഴവങ്ങാടി ചെറിയ ഗണപതിക്കോവിലിലെ പൂജാരി കൃഷ്ണന് ഓണത്തെക്കുറിച്ച് മറ്റൊന്നും പറയാനില്ല.

എന്തെല്ലാം സംഭവിച്ചാലും മലയാളികൾ ഉള്ളിടത്തോളംകാലം ഓണവുമുണ്ടാകുമെന്നാണ് വെങ്ങാനൂർ മുട്ടക്കാട്ടെ റിട്ടയേഡ് പൊലീസ് കോൺസ്റ്റബിൾ നാണുക്കുട്ടൻനായർക്ക് പറയാനുള്ളത്. ഓണമെന്നു കേൾക്കുമ്പോൾ, തന്നെ സംബന്ധിച്ചിടത്തോളം കുറേ പണച്ചെലവു മാത്രമാണെന്നായിരുന്നു പത്മനാഭസ്വാമിക്ഷേത്രം മതിലകം ഗാർഡ് അനന്തകൃഷ്ണപിള്ളയ്ക്ക് പറയാനുണ്ടായിരുന്നത്. കടം വാങ്ങിയെങ്കിലും കുട്ടികൾക്കും മറ്റും പുതുവസ്ത്രങ്ങൾ വാങ്ങണം. ഓണത്തിന് നാല് ദിവസം ലീവെടുക്കണം.

വളക്കച്ചവടക്കാരൻ വിജയരങ്കനാണ് അടുത്ത കഥാപാത്രം. നാല് തലമുറ മുമ്പ് തിരുനെൽവേലിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് മാറിത്താമസിച്ചതാണ് വിജയരംഗന്റെ കുടുംബം. പത്മനാഭസ്വാമിക്ഷേത്രത്തിലെ ജോലിക്കായി മഹാരാജാവ് വിളിച്ചു വരുത്തിയതാണ്. തമിഴരാണെങ്കിലും വിജയരങ്കന്റെ കുടുംബത്തിന് വലിയ ആഘോഷമാണ്. ഇത്രയേ സംഭവിക്കാറുള്ളൂ. ഓണനാളിൽ പുതിയ വസ്ത്രങ്ങൾ ധരിക്കും; മക്കളെയും പുതിയ വസ്ത്രങ്ങൾ ധരിപ്പിക്കും. പായസം വച്ച് ചോറുണ്ണും. വിജയരങ്കൻ പറഞ്ഞു: "എന്തുവന്നാലും അന്ന് പായസവും പ്രഥമനമൊക്കെ വയ്ക്കും." വിജയരങ്കന് പണ്ട് ഓണക്കാലത്ത് നല്ല വളക്കച്ചവടമായിരുന്നു. ഇന്ന് വളക്കച്ചവടം വളരെ കുറവാണ്.

പാളയം മാർക്കറ്റിലെ മൺചട്ടിക്കച്ചവടക്കാരൻ കുട്ടന് അറുപത്തിനാല് വയസ്സായി. മൺചട്ടികൾ നമ്മുടെ കാലത്തിലൂടെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പക്ഷേ കുട്ടൻ ഇപ്പോഴും ആ കച്ചവടം വിട്ടിട്ടില്ല. പണ്ടൊക്കെ ഓണക്കാലത്ത് മൺകലങ്ങൾക്ക് നല്ല ചെലവായിരുന്നു. കുട്ടൻ പറഞ്ഞു: "ഓണക്കച്ചവടമെല്ലാം പണ്ടായിരുന്നു. പണ്ടുണ്ടായിരുന്നതിന്റെ നാലിലൊരംശം ഇപ്പോൾ ഇല്ല. അലുമിനിയം കലങ്ങൾ വന്നതോടെ മൺചട്ടിക്ക് ഡിമാന്റില്ലാതായി; അലുമിനിയം കലത്തിൽ വേവിച്ചാൽ രോഗം പിടിപെട്ടുമെങ്കിൽക്കൂടി. വിറകു ലാഭം കരുതിയാവാം ആളുകൾ അലുമിനിയം കലം വാങ്ങുന്നത്."

ബീൻസ്, കാരറ്റ്, കാളിഫ്ളവർ മുതലായ മലക്കറികളാണ് വേണ്ടത്. ഓണക്കാലത്തു മലക്കറി കച്ചവടമൊക്കെ വളരെ കുറഞ്ഞുപോയി."

ലോട്ടറി ടിക്കറ്റ് വില്പനക്കാരൻ ഗോപാലകൃഷ്ണൻനായർക്ക് ഓണക്കാലം നല്ല കച്ചവടത്തിന്റെ കാലമാണ്. ഓണക്കാലത്തു കേരള ലോട്ടറി ടിക്കറ്റുകൾക്കാണ് ഏറ്റവും കൂടുതൽ ചെലവ്. ശരാശരി 150 ടിക്കറ്റ് ദിവസവും വില്ക്കും.

അവസാനം ഞാൻ എന്നോടു തന്നെ ചോദിച്ചു: ഓണമെന്നാൽ എനിക്കെന്താണ്?

ആറ്റുനോറ്റിരുന്ന ബോണസ്സു കാലം എന്ന ഉത്തരമാണ് എനിക്കാദ്യം കിട്ടിയത്. മറ്റു മാസങ്ങളിൽ ഞാനുണ്ടാക്കിയ കട ബാദ്ധ്യതകളിൽ നിന്ന് ചെറുതായൊരു മോചനം ഈ ഓണക്കാലത്താണ് എനിക്കുണ്ടാവുന്നത്.

ഞാൻ വെറും ജീവിതമാണ്. പ്രശ്നങ്ങളുടെ പൊള്ളലുകളിലൂടെ പുലരുന്ന ജീവിതം. സ്വപ്നങ്ങൾക്ക് ഇടമില്ലാത്ത മനസ്സ്. മനസ്സിൽ സ്വപ്നങ്ങളില്ലെങ്കിൽ എന്ത് ആഘോഷം? ബഹുഭൂരിപക്ഷം സാധാരണക്കാരുടെയും അവസ്ഥ ഇതാണ്. എന്നാലും ഓണം വരികയാണ്. ചിങ്ങനിലാവുണ്ട്. അവിടവിടെ പൂക്കളുമുണ്ട്. നമ്മുടെ കണ്മുന്നിലെ പൂക്കളോട് ആ മഹാകവിയെപ്പോലെ ഒരു ദിവസമെങ്കിലും നമുക്കും പാടാം; പോവല്ലേ, പോവല്ലെ ഓണപ്പൂവേ...

# 5

## ഇവിടെ ഒരു മഹാരാജാവ് നിശ്ശബ്ദനായി ജീവിക്കുന്നു

ഒരു മണൽത്തരിയൊച്ചപോലും കേൾക്കാവുന്നത്ര പേലവമായ നിശ്ശബ്ദത. മുതിർന്ന തലമുറകളുടെ ഭക്ത്യാദരങ്ങളും ഈ തലമുറയുടെ കൗതുകവും കലർന്ന് ഏകാഗ്രസാന്ദ്രമായ അന്തരീക്ഷം. മഹാരാജാവ് ധ്യാനനിമഗ്നനായി കൈക്കുപ്പിനിൽക്കുകയാണ്. കുറുപ്പിന്റെ കൈയിൽനിന്ന് വില്ലുവാങ്ങി ഞാൺ തൊടുത്ത് ടാറിട്ട റോഡിനുനടുവിൽ കെട്ടുകാഴ്ചയായി നിൽക്കുന്ന കാട്ടിലേക്ക് അമ്പെയ്യുന്നു. പൊടുന്നനെ ഉയരുന്ന ശംഖനാദവും പഞ്ചാരിയും നിശ്ശബ്ദതയുടെ മൂടലിനെ ഉടച്ചെറിയുന്നു. അമ്പ് തുളച്ചുതകയറിയ കരിക്കെടുത്ത് വില്ലുക്കുറുപ്പിന്റെ കൈയിലേല്പിച്ചിട്ട് മഹാരാജാവ് നടന്നുനീങ്ങുന്നു. പള്ളിവേട്ട കഴിഞ്ഞുള്ള തിരിച്ചെഴുന്നള്ളത്ത്. മെർക്കുറിലൈറ്റുകളുടെ പ്രകാശത്തിലലിയാൻ മടിച്ചുവീഴുന്ന തീവെട്ടി വെട്ടത്തിൽ വിനയംകൊണ്ട് നേർത്തൊതുങ്ങി ഒരു മിന്നൽപ്പിണർപോലെ ദിവ്യനായി ഇതാ നമ്മുടെ മഹാരാജാവ്. ഇപ്പോൾ, വഞ്ചീശ മംഗളത്തിന്റെ ചേണുറ്റശീലകൾ ഇരുപുറവും തിങ്ങിനിറഞ്ഞുനിൽക്കുന്ന മുതിർന്നവരുടെ ഓർമ്മകളിൽ സുഗന്ധം തേകാനെത്തുന്നുണ്ടാവാം. അനുഷ്ഠാനത്തിന്റെ മാന്ത്രിക കാന്തിയും കെട്ടുകാഴ്ചയുടെ ദൃശ്യപ്പൊലിമയും അനുകരണത്തിലെ നാടകീയതയും ഒത്തിണങ്ങുന്ന ചടങ്ങുകൾ. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവങ്ങളോടനുബന്ധിച്ച്. ആണ്ടിൽ രണ്ടുതവണ ആവർത്തിക്കുന്ന വിശേഷാൽ ചടങ്ങുകളാണ് പള്ളിവേട്ടയും പള്ളി ആറാട്ടും. പ്രജാവത്സലനായ മഹാരാജാവും രാജഭക്തരായ പ്രജകളും തമ്മിൽ മുഖാമുഖം കാണുന്ന ആ മുഹൂർത്തങ്ങൾക്ക് ചരിത്രത്തിന്റെ നിറഞ്ഞ പ്രതീകഭംഗിയാണ്. പോയി മറഞ്ഞ ഒരു കാലഘട്ടത്തിന്റെ തുടിക്കുന്ന വികാരഭരിതമായ സന്ദർഭങ്ങൾ.

രാജവാഴ്ചയുടെ നന്മതിന്മകൾ നേരിട്ടനുഭവിച്ചറിയാൻ അവസരം കിട്ടാതെ ജനാധിപത്യത്തിന്റെ മടിത്തട്ടിൽ ജനിച്ചുവളർന്ന പുതിയ തലമുറയ്ക്ക് ജീവിക്കുന്ന ഒരു കൗതുകമാണ് ശ്രീചിത്തിരതിരുന്നാൾ ബാലരാമവർമ്മ മഹാരാജാവ്. പഴമക്കാർക്ക് കൺകണ്ടദൈവം. അനന്തശയന നഗരിയിൽ പള്ളികൊണ്ടരുളിയ പെരുമാൾ. നാടുവാണ പൊന്നു തിരുമേനിയോടുള്ള ഭക്തി പ്രകർഷം പഴമക്കാരുടെ വചനപരമ്പരകളിൽ ഗൃഹാതുരത്വത്തി

ന്റെ നൊമ്പരമുണർത്തിക്കൊണ്ട് ഇപ്പോഴും നിറഞ്ഞുനില്ക്കുന്നു. ചരിത്രത്തിന്റെ ഹൃദയമിടിപ്പ്. ഗതകാലമഹിമയുടെ ഊഷ്മളസാന്നിദ്ധ്യം. നൂറ്റാണ്ടുകളുടെ സഞ്ചിത സംസ്കാരത്തിന്റെ സ്നേഹോദാരത. ഇതാ ഇവിടെ ഒരു മഹാരാജാവ് നമുക്കിടയിലൂടെ ഒരു സാധാരണക്കാരനെപ്പോലെ നഗ്നപാദനായി നടന്നുപോകുന്നു. "രാജാക്കന്മാരുടെ രാജകുമാരൻ" എന്ന് പുകൾപെറ്റ ഇന്ത്യയിലെ ഏറ്റവും പ്രതിഭാശാലിയായ മഹാരാജാവ് ഹിസ്ഹൈനസ് ശ്രീപത്മനാഭദാസ വഞ്ചിപാല സർ ബാലരാമവർമ്മ കുലശേഖരകിരീടപതി മന്നെ സുൽത്താൻ മഹാരാജാ, രാജരാമരാജബഹദൂർ ഷംഷെർജംഗ് നൈറ്റ് ഗ്രാൻഡ് കമാൻഡർ ഒഫ് ദ മോസ്ററ് എമിനന്റ് ഓർഡർ ഒഫ് ദ ഇൻഡ്യൻ എമ്പയർ മഹാരാജാ ഒഫ് ട്രാവൻകൂർ.

ഇന്നാളൊരുദിവസം ഒരു ചുവപ്പൻ പ്രകടനമുണ്ടാക്കിയ ഗതാഗതച്ചൊരുക്കിൽ കുരുങ്ങി രാജവീഥിയിൽ ചലനമററുകിടന്ന കാറുകൾക്കിടയിൽ ചന്ദനനിറത്തിലുള്ള ആ ബെൻസ് കാറും കണ്ടു; അതിനുള്ളിൽ തൊഴുകൈയോടെ ഇരിക്കുന്ന ഹിസ്ഹൈനസ്സിനെയും. മറ്റൊരിക്കൽ ചാരിനിറത്തിലുള്ള നമ്പർ വൺ പ്രസിഡൻസ് കാർ വഴിയൊതുങ്ങിക്കൊടുക്കുന്നതും ഒരു സ്റ്റേറ്റുകാറും രണ്ടുമൂന്നു അകമ്പടിക്കാറുകളും അതിനെ ഓവർടേക്ക് ചെയ്തുപായുന്നതും കണ്ടിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ദർശനത്തിനുപോകവേ സ്വന്തം കാർ തകരാറായി വഴിയിൽ കിടന്നതുകാരണം മഹാരാജാവ് ഇറങ്ങിച്ചെന്ന് ആട്ടോറിക്ഷാ പിടിച്ച് ക്ഷേത്രത്തിലേക്ക് പോയവിവരം പത്രങ്ങളിൽ കൗതുകപ്പെട്ടിവാർത്തയായി വായിച്ചതും ഈയിടെയാണ്. ആറ് വെള്ളക്കുതിരകൾ വലിച്ച സ്വർണ്ണരഥത്തിൽ സകലമാന രാജകീയാഡംബരങ്ങളോടെയും എഴുന്നള്ളിയിരുന്ന പൊന്നുതമ്പുരാനാണ് ഒരു സാധാരണക്കാരനെപ്പോലെ ആട്ടോറിക്ഷായിൽ യാത്ര ചെയ്യുന്നത് എന്ന കാര്യം സങ്കല്പിക്കാൻ പോലും പഴമക്കാർക്ക് കഴിയുമെന്നു തോന്നുന്നില്ല. ചരിത്രത്തിന്റെ തേരുരുളലുകളേറ്റ് പുളകംകൊണ്ടിരുന്ന രാജവീഥി മഹാരാജാവിന്റെ വെറും പാദങ്ങളുടെ മാർദ്ദവമേറ്റുവാങ്ങിയപ്പോൾ ഒരു നിമിഷം തേങ്ങിപ്പിടഞ്ഞുവോ?

ഒരു ജന്മത്തിൽ രണ്ടുജീവിതം ജീവിക്കേണ്ടിവന്ന ദേഹമാണ് ശ്രീചിത്തിരതിരുനാൾ തിരുമനസ്സ്—ചെങ്കോലേന്തി നാടുവാണ മഹാരാജാവായും വോട്ടവകാശം രേഖപ്പെടുത്തി ജനാധിപത്യകടമ നിർവഹിക്കാൻ ചെല്ലുന്ന പൗരനായും. പ്രജകളുടെ കണ്ണിലുണ്ണിയായ രാജകുമാരൻ, പ്രജാവത്സലനായ മഹാരാജാവ്, തിരുവിതാംകൂർ കൊച്ചിയിലെ രാജപ്രമുഖൻ, പൗരമുഖ്യൻ, ഇന്ത്യാരാജ്യത്തിലെ പൗരൻ– ഈ അവസ്ഥാന്തരങ്ങളിലൂടെ കടന്നുപോയപ്പോഴും രാഷ്ട്രീയമാറ്റത്തിന്റെ കൊട്ടും നൊമ്പരം തൊഴുകൈയോടെ ഏറ്റുവാങ്ങിയ മഹാതിശയനാണ് ശ്രീചിത്തിരതിരുനാൾ തിരുമനസ്സ്. ചരിത്രത്തോട് നന്ദികേടുകാട്ടുന്നതിൽ ഒരുതരം ഭ്രാന്തമായ വ്യഗ്രതപ്രകടിപ്പിക്കുന്ന ഇക്കാലത്തിനുപോലും അവഗണിക്കാനാവാത്ത ഹൃദയാലുത്വമായി അദ്ദേഹം നമുക്കുമുന്നിലൂടെ നടന്നുപോകുന്നു. ആണ്ടിൽ ഒന്നോരണ്ടോ തവണമാത്രം പൊതുപരിപാടികളിൽ പങ്കെടുക്കാനായി മഹാരാജാവ് വന്നെന്നിരിക്കും; ഒരു സംഗീത സദസ്സ് ആസ്വദിക്കാൻ അല്ലെങ്കിൽ ഒരു നൃത്തം കാണാൻ. സൂര്യയുടെ നൃത്തസംഗീതോത്സവവേളയിലാവും അത്. സദസ്സിലേക്ക് തൊഴുകൈകളുമായി നമ്രശിരസ്കനായി നടന്നിറങ്ങിവരുന്ന മഹാരാജാവിന്റെ പാദം നോക്കി

വണങ്ങി തൊഴുന്ന പ്രായമായവർക്കിടയിൽ നില്ക്കുന്ന ചെറുപ്പക്കാർ എന്തുചെയ്യുമെന്നറിയാതെ പകയ്ക്കുന്നതും അപ്പോൾ കാണാം. തങ്ങളുടെ നേരെ അഭിവാദ്യത്തിന്റെ കൈകൂപ്പി നോക്കുന്ന മഹാരാജാവിന് പ്രത്യഭിവാദ്യം ചെയ്യണമോ വേണ്ടയോ എന്ന സംശയംകൊണ്ട് കൈയനക്കിയും കൈയനക്കാൻ മടിച്ചുനില്ക്കുന്ന ചെറുപ്പക്കാർ ജനാധിപത്യത്തിലെ പുത്തൻ കൂറുകാരാണ്. അവരോടൊപ്പവും ആദരവുണർത്തുന്ന മഹാലാളിത്യമായി തിരുവിതാംകൂറിലെ അവസാനത്തെ മഹാരാജാവ് സദസ്സിലിരിക്കുന്നു.

ഒരു മഹാമൗനത്തിന്റെ ഏകാന്ത വിശുദ്ധിയിൽ മുങ്ങിനിൽക്കുന്നു കവടിയാർ കൊട്ടാരം. ഒരു കാലത്ത് തിരുവിതാംകൂറിന്റെ ഹൃദയമിടിപ്പുകളെ നിയന്ത്രിച്ചിരുന്നത് ഇവിടമാണ്. തിരവിതാംകൂറിന്റെ രാജകൊട്ടാരം ഈ കൂറ്റൻ കൊട്ടാരക്കെട്ടുകൾക്കുള്ളിലെ ഇടനാഴികളിലും കൊത്തളങ്ങളിലും ചരിത്രത്തിന്റെ ഒരു ചീള് ഇപ്പോഴും തുടിച്ചുനിൽക്കുന്നു. ഭൂതകാലം അദൃശ്യസാന്നിദ്ധ്യമായി കവടിയാർ കുന്നിൽ മുഴങ്ങിനില്ക്കുന്നു. തിരുമുറ്റങ്ങളിൽ നിതാന്തവസന്തമുണർത്തി നിർത്താൻ ഇവിടെ പൂന്തോട്ടങ്ങളില്ല. കുന്നിൻപുറങ്ങളിൽ കാടും പടലും പിടിച്ചുകിടക്കുന്നു. പ്രതാപത്തിന്റെ ഐശ്വര്യം തെളിഞ്ഞുനിന്നിരുന്ന വിളക്കുകൾ ഇന്നില്ല. പാതയോരങ്ങളിൽ വിളക്കുകാലുകൾ മാത്രം എല്ലുകൾ പോലെ എഴുന്നുനിൽക്കുന്നു. എങ്കിലും ഈ കൊട്ടാരക്കെട്ടുകൾ ദിവ്യമായ ഒരു പ്രൗഢിയോടെ അറുപത്തഞ്ചേക്കർ വരുന്ന കവടിയാർ കുന്നിൽ നിറഞ്ഞുനിൽക്കുന്നു.

ആൾക്കൂട്ടങ്ങളിൽനിന്നും പബ്ലിസിറ്റിയിൽ നിന്നുമെല്ലാം അകന്നുമാറി പ്രാർത്ഥനയിലും വായനയിലും മുഴുകി ശ്രീചിത്തിരതിരുനാൾ മഹാരാജാവ് കവടിയാർ കൊട്ടാരത്തിൽ കഴിയുന്നു. വെളുപ്പിന് അഞ്ചരമണിക്ക് തിരുമനസ്സിന്റെ ഒരു ദിവസം ആരംഭിക്കുന്നു. രാവിലെ ഏഴേകാലിന് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേക്ക് തിരിക്കും. ശ്രീപത്മനാഭസ്വാമി ദർശനം കഴിഞ്ഞ് എട്ടരമണിയോടെ തിരികെ കൊട്ടാരത്തിലെത്തും. വരുന്ന പാടെ കൊട്ടാരവളപ്പിലുള്ള ഗണപതിവിഗ്രഹത്തെ തൊഴുതതിനുശേഷമേ മഹാരാജാവ് കൊട്ടാരത്തിനുള്ളിലേക്കു കടക്കുകയുള്ളൂ. പിന്നീടുള്ള സമയം പ്രാർത്ഥനയും വായനയുമായി കഴിയും. ഒന്നര ഇഡ്ഡലിയും ഒരു ഗ്ലാസ്‌വെള്ളത്തിൽ ഒരു തുള്ളി പാൽ ഇറ്റിച്ചു വീഴ്ത്തിയതുമാണ് മഹാരാജാവിന്റെ പ്രാതൽ (രാവിലെ ഏഴുമണിക്ക്). ഉച്ചയ്ക്ക് പന്ത്രണ്ടരയ്ക്ക് നാലുകൂട്ടം കറിയോടെ ചോറൂണ്. വൈകുന്നേരം നാലരയ്ക്കു സ്പർട്ട് കലക്കിയത് കുടിക്കും. രാത്രി എട്ടരമണിക്കുള്ള അത്താഴത്തിനും ചോറും കറികളുംതന്നെ. രാജകുടുംബത്തിലെ കൊച്ചുകുട്ടികൾ വരുന്ന ദിവസങ്ങളിൽ ഏറെസമയം അവരെ കഥകൾ പറഞ്ഞുരസിപ്പിച്ചും അവർക്ക് വാത്സല്യം നൽകിയും ചെലവഴിക്കും. കുട്ടികൾക്കാർക്കെങ്കിലും അസുഖംവരികയാണെങ്കിൽ അവർക്കരികിലിരുന്ന് ശുശ്രൂഷിക്കാനും സാന്ത്വനമോതാനും കൂടുതൽ സമയം ചെലവിടും. ഇടയ്ക്കിടെ വിശിഷ്ടാതിഥികൾക്കായി ഒരുക്കുന്ന കൊട്ടാരംവിരുന്നു സൽക്കാരങ്ങളിൽ ആതിഥേയനായി പങ്കെടുക്കുമ്പോഴാണ് ആ വലിയ മനസ്സിലെ അറിവിന്റെ അപാരമായ ഖനികൾ തുറക്കപ്പെടുന്നത്. വിരുന്നുകാരിൽ ഓരോരുത്തരുടേയും അരികിൽചെന്ന് അവരവരുടേതായ വിഷയങ്ങളിൽ ഏറ്റവും ആധുനികമായ വിശദാംശങ്ങളെക്കുറിച്ചുപോലും ചർച്ച ചെയ്യും. എന്നാൽ രാഷ്ട്രീയമോ വിവാദവിഷയങ്ങളെപ്പറ്റിയോ ഒരിക്കലും തിരുമനസ്സ് പരാമർശിക്കാറില്ല. തന്റെ വാക്കുകൾ ഒരു മനുഷ്യനേയും

വേദനിപ്പിക്കുന്നതാകരുത് എന്ന അതീവ നിഷ്കർഷയുള്ള മഹാരാജാവ് ആർക്കും അഭിമുഖസംഭാഷണം അനുവദിക്കാറില്ല.

ചെങ്കോലേന്തി നടുവാണിരുന്ന കാലത്ത് ശ്രീചിത്തിരതിരുനാൾ തിരുമനസ്സ് എന്നും രാവിലെ ഒരുമണിക്കൂർ കുതിരസവാരി നടത്തിയിരുന്നു. മഹാരാജാവിന്റെ കുതിരകൾ ഉട്ടാക്ക്മണ്ട് കുതിരപ്പന്തയങ്ങളിൽ സമ്മാനം നേടിയിട്ടുണ്ട്. കുതിരസവാരി കഴിഞ്ഞാൽ പിന്നെ ടെന്നീസ് കളിയാണ്. ടെന്നീസ് തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്ക് ഒരു ഹരമായിരുന്നു. പാനസ് ടെന്നീസ് കോർട്ട് ഇപ്പോൾ ശ്രീചിത്തിരതിരുനാൾ തിരുമനസ്സിന്റെ കൊച്ചുശേഷക്കാരായ മാർത്താണ്ഡവർമ്മയും ആദിത്യവർമ്മയും കൂട്ടുകാരോടൊത്തു ഫുട്ബോളും മറ്റും കളിക്കാൻ ഉപയോഗിക്കുന്നു. അവരിരുവരും മാർഇവാനിയോസ് കോളേജ് വിദ്യാർത്ഥികളാണ്. പതിനഞ്ചുകാരനായ ആദിത്യവർമ്മയാണ് രാജകുടുംബത്തിലെപ്രായം കുറഞ്ഞ അംഗം.

സ്വന്തം സുഖസൗകര്യങ്ങളെപ്പോലും ഗണ്യമാക്കാതെ "എന്റെ പ്രജകൾ, അവരുടെ ഐശ്വര്യം, എന്റെ രാജ്യം, അതിന്റെ ശ്രേയസ്സ്" എന്ന ഏകവിചാരത്തോടുകൂടി പതിനെട്ടു വർഷം രാജ്യം ഭരിച്ച ആശ്രിതവത്സലനായ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് തിരുമനസ്സിന്റെ ഭരണനന്മകളെ അനുസ്മരിക്കാനും പബ്ളിസിറ്റിയിൽ നിന്നെല്ലാം അകന്നുമാറി ഒതുങ്ങികഴിയുമ്പോഴും നിശ്ശബ്ദമായി ജനക്ഷേമപ്രവർത്തനങ്ങൾക്കായി കയ്യയച്ചുസഹായിച്ചുകൊണ്ടിരിക്കുന്ന പത്മനാഭദാസനെ ആദരിക്കാനും ഈ വരുന്ന നവംബറാണ്. ഏറ്റവും പറ്റിയ മാസം.

നവംബർ ഒന്നാം തീയിതി ശ്രീചിത്തിരതിരുനാൾ മഹാരാജാവ് എഴുപത്തഞ്ചാം വയസ്സിലേക്ക് കാൽകുത്തുന്നു. ആട്ടത്തിരുനാൾ ഘോഷയാത്രകളുടെ നിറം മങ്ങാത്ത ഓർമ്മകൾക്കു ചിന്തേരിടാൻ പഴമക്കാർക്ക് ഒരവസരം കൂടി. ഘോഷയാത്രകളിൽ പൊന്നുതമ്പുരാൻ എഴുന്നള്ളിയിരുന്ന മനോഹരരഥം തിരുവനന്തപുരം മൃഗശാലയിലെ ജിറാഫ്കൂട്ടത്തിൽ കെട്ടിയിരിക്കുന്നു. ഗീതോപദേശത്തിന്റെ മാതൃകയിൽ സ്വാതിതിരുനാൾ മഹാരാജാവ് പണിയിച്ച അമൂല്യമായ ആ ചരിത്ര സ്മാരകത്തെ സംരക്ഷിക്കാമെന്ന് വാക്കുകൊടുത്തിട്ട് പുതിയ ഭരണാധികാരികൾ ഏറ്റുവാങ്ങിയതാണ്. ആ അപൂർവ്വരഥത്തെ കാറ്റിനും മഴയ്ക്കും പീഡിപ്പിക്കാൻ വിട്ടുകൊടുത്തുകൊണ്ട് അവർ അവഹേളിക്കുന്നത് നമ്മുടെ ചരിത്രാഭിമാനത്തെയാണ്. ആ രഥത്തിൽ തന്നെയാണ് സമ്പൂർണ്ണാധികാരങ്ങളോട് സിംഹാസനാവരോഹണം നടത്തിയ ഹാളിൽ പൊന്നുതമ്പുരാൻ രാജവീഥിയിലൂടെ, ആയിരക്കണക്കിനു തടിച്ചുകൂടിനിന്നിരുന്ന പ്രജകളുടെ കണ്ണിന്നമൃതമായി പള്ളി എഴുന്നള്ളിയത്. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഏറ്റവുമധികം ശബളാഭമായികൊണ്ടാടപ്പെട്ട ആ അധികാരാവരോഹണത്തിന്റെ അമ്പത്താറാം വാർഷികം ഈ നവംബർ ആറാം തീയതിയാണ്. 1931 നവംബർ 6 ന് കിരീടമണിഞ്ഞപ്പോൾ ഇരുപതുവയസ്സുമാത്രമായിരുന്നു തിരുമനസ്സിനു പ്രായം. 1924 സെപ്തംബർ 1-ാം തീയതി പന്ത്രണ്ടാം വയസ്സിൽ ശ്രീചിത്തിരതിരുനാൾ തിരുമനസ്സ് രാജസിംഹാസനമേറിയതാണ്. പുത്രന് പ്രായപൂർത്തിയാകുംവരെ ഭരണകാര്യങ്ങളുടെ ചുമതല വഹിച്ചത് റീജൻറായി അധികാരം കൈയാളിയ വഞ്ചിരാജ്യ

രാജേശ്വരിധർമ്മ സംവർദ്ധിനി ശ്രീമൂലം തിരുനാൾ ശ്രീസേതുപാർവതീഭായി മഹാറാണി തിരുമനസ്സ് ആയിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉപദേശ പ്രകാരം മൈസൂറിൽ എഴുന്നെള്ളിയിരുന്ന് ശ്രീചിത്തിരതിരുനാൾ തിരുമനസ്സ് ഭരണ പരിശീലനം നേടി. പി.സി. ദത്ത് ഐ.സി.എസ്. ആയിരുന്നു തിരുമനസ്സിന്റെ ട്യൂട്ടർ. 1930 ഏപ്രിൽ മുതൽ അട്ടത്തകൊല്ലം ജൂലായ് വരെ പതിനഞ്ചുമാസം തിരുമനസ്സ് ബാംഗ്ലൂരിൽ എഴുന്നള്ളി ഇരുന്നു. വൈസ്രോയിയും ഗവർണർ ജനറലുമായ വെല്ലിങ്ടൺ പ്രഭുവിനെ സന്ദർശിച്ച് ഭരണശേഷി ബോദ്ധ്യപ്പെടുത്തിഅനുമതിനേടിയ ശേഷമായിരുന്നു തിരുമനസ്സു രാജ്യഭാരം കൈയേറ്റത്. ഗവർണർ ജനറലിന്റെ പ്രതിനിധിയായി ലഫ്റ്റനന്റ് കേണൽ എച്ച്.ആർ.എൻ. പ്രിച്ചാഡ് ചടങ്ങിൽ സംബന്ധിക്കാനെത്തിയിരുന്നു. മുപ്പത്തൊന്നു കതിനാവെടികൾ ദിഗംബരങ്ങളെ ഭേദിച്ചുകൊണ്ടു മുഴങ്ങി. മുപ്പത്താറുതടവുകാരെ മാപ്പുകൊടുത്തു വിട്ടയച്ചു. രാത്രി ഏഴുമണിക്ക് കോട്ടയ്ക്കകത്തുനിന്നും കവടിയാർകുന്നുകൊട്ടാരം വരെ നടന്ന ആഡംബര പൂർണ്ണമായ ഘോഷയാത്രയിൽ ആറുവെള്ളക്കുതിരകൾ വലിച്ച സ്വർണ്ണരഥത്തിൽ എഴുന്നെള്ളിയ കുലശേഖരപ്പെരുമാൾ ക്ഷേത്രജ്യോതിസ്സോടെ തിളങ്ങി. ഒൻപതു മണിക്ക് പടിചാർത്തി. നാടകം, കഥകളി, സംഗീതസദസ്സുകൾ എന്നിവ നടന്നു. പരേഡ് ഗ്രൗണ്ടിലെ 'ചിത്തിരനഗറി'ൽ എക്സിബിഷൻ നടന്നു. രണ്ടാഴ്ചക്കാലം നാടെങ്ങും 'ചിത്രോത്സവം' കൊണ്ടാടി. തിരുമനസ്സിലെ ആയുരാരോഗ്യങ്ങൾക്കായി പ്രജകൾ ഒന്നടങ്കം പ്രാർത്ഥിച്ചു. ഡർബാർ ഹാളിൽ വച്ചുകല്പിച്ചുചെയ്ത പ്രഖ്യാപനത്തിൽ തന്റെ ഏകലക്ഷ്യം രാജ്യശ്രേയസ്സാണെന്ന് ആ "ജനഹിതൈഷി" വ്യക്തമാക്കി.

"തിരുവിതാംകൂറിനെ സംബന്ധിച്ചുള്ള മറ്റെല്ലാകാര്യവും മറവിയിലാണ്ടുപോയാലും മഹാരാജാവിന്റെ ഈ ഒരൊറ്റ പ്രവൃത്തിയെ വരും തലമുറകൾ നന്ദിപുരസ്സരം ഓർക്കുകതന്നെ ചെയ്യും" എന്ന് മഹാത്മാഗാന്ധി പറഞ്ഞ ക്ഷേത്രവിളംബരത്തിന് അമ്പതാണ്ടു തികയുന്നത് വരുന്ന നവംബർ 12-ആം തീയതിയാണ്. അയിത്തജാതിക്കാർക്ക് പൊതുനിരത്തുകളും ക്ഷേത്രകവാടങ്ങൾ തുറന്നിടണമെന്നാവശ്യപ്പെട്ടുകൊണ്ട് സാമൂഹ്യപരിഷ്കർത്താക്കളുടെ നേതൃത്വത്തിൽ നടന്ന ധീരോദാത്തമായ സമരങ്ങളെ വിലകുറച്ചു കാണാനാവില്ല. എങ്കിലും ചരിത്ര വിഖ്യാതമായ ആ തിരുവെഴുത്തു വിളംബരത്തിലൂടെ തിരുവിതാംകൂർ മഹാരാജാവും അമ്മമഹാറാണിയും കാലഗതിയെ മുൻകൂട്ടികണ്ട് ആവശ്യത്തെ കാലേക്കൂട്ടി അംഗീകരിക്കുകയായിരുന്നു. രാജ്യതന്ത്രജ്ഞോചിതവും ഉദാരവുമായ ആ വിളംബരം എഴുതിച്ചുവരുത്തി തുല്യം ചാർത്തി പ്രസിദ്ധപ്പെടുത്താൻ കല്പന നൽകുമ്പോൾ മഹാരാജാവിന് ഇരുപത്തിനാലു വയസ്സു മാത്രമായിരുന്നു. "നമ്മുടെ പൊന്നു തമ്പുരാൻ ഇന്ന് ഒരു മഹാരാജാവിന്റെ സിംഹാസനത്തിലല്ല ആ അശോകചക്രവർത്തിയുടെ സിംഹാസനത്തിലത്രേ വാണരുളുന്നത്"—മഹാകവി വള്ളത്തോൾ ക്ഷേത്രപ്രവേശന വിളംബരത്തെ വാഴ്ത്തിക്കൊണ്ടു പറഞ്ഞു. രാമാനുജന്റെ കാലത്തിനപ്പുറം ഹിന്ദുമതത്തിലുണ്ടായ ഏറ്റവും വലിയ പരിഷ്ക്കാരമാണ് അതെന്ന് പലരും വിശേഷിപ്പിച്ചു. ആയിടയ്ക്ക് കൊളമ്പിൽ വച്ച് തിരുമനസ്സുകൊണ്ടു ചെയ്ത പ്രസ്താവനയിൽ ആ വിളംബരത്തിന്റെ ഹൃദയവും മനസ്സും പ്രതിഫലിക്കുന്നു! "നാം നമ്മുടെ കർത്തവ്യം നിർവഹിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈശ്വരന്റെ ഇരിപ്പിടങ്ങളായ ക്ഷേത്രങ്ങളിൽ ഹിന്ദുക്കളിൽ ഒരു വലിയ വിഭാഗത്തിന്

അനേകനൂറ്റാണ്ടുകളായി പ്രവേശനമില്ലായിരുന്നു. അത്തരം ഒരു നിരോധം കൊണ്ട് ഒരു കാലത്ത് വല്ല ഉപയോഗവുമുണ്ടായിരുന്നിരിക്കാമെങ്കിലും ഇപ്പോൾ അതുകൊണ്ട് പുരോഗതിയല്ല പ്രതിബന്ധം മാത്രമാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ അതു കൊണ്ടുണ്ടായ പ്രയോജനം എന്തുതന്നെയായിരുന്നാലും മനുഷ്യരാശിയോടു ചെയ്യുന്ന ഒരു അനീതിയാണ് അതെന്നു നമുക്കു തോന്നി. ഹിന്ദുമതത്തിൽ ഒരു കളങ്കമായിരുന്നു, അതെന്നുള്ളത് സ്പഷ്ടമാണ്. അതുകൊണ്ട് നാം വിളംബരം പുറപ്പെടുവിച്ചു..."

1912 നവമ്പർ 7-ആം തീയതിയാണ് ശ്രീചിത്തിരതിരുനാൾ തിരുമനസ്സിന്റെ ജനനം. രാജകുടുംബാംഗങ്ങളും തിരുവിതാംകൂറിലെ അമ്പതുലക്ഷത്തോളം വരുന്ന പ്രജകളും ആശിച്ചു കാത്തിരുന്ന ജനനമായിരുന്നു, അത്. രണ്ടു പതിറ്റാണ്ടായി രാജകുമാരൻമാരുടെ തുടരെയുണ്ടായ ദേഹവിയോഗങ്ങളിൽ ദുഃഖിക്കുകയായിരുന്നു നാട്. ആറാംമാസത്തിൽ ശ്രീചിത്തിരതിരുന്നാളിന് സ്വർണ്ണക്കരണ്ടിയിൽ ചോറൂട്ടി അന്നപ്രാശനം നടന്നു. രണ്ടാം ജൻമദിനത്തിൽ രാജകുമാരനെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ കൊണ്ടുപോയി. അന്നുമുതൽ ശ്രീചിത്തിരതിരുനാൾ പത്മനാഭദാസനായി. അഞ്ചാം വിദ്യാരംഭം കുറിച്ചു. ഡി. ഡബ്ളിയൂ. ഡോസ് വെൽ, ക്യാപ്റ്റൻ, സി. ഡി. ബി. ഹാർവി എന്നിവരായിരുന്നു രാജകുമാരന്റെ ട്യൂട്ടർമാർ. ഹിസ്റ്ററിയും സിവിക്സുമായിരുന്നു ശ്രീ ചിത്തിരതിരുനാളിന്റെ ഇഷ്ട വിഷയങ്ങൾ. ചെറുപ്പകാലത്തു തന്നെ മിലട്ടറി പരേഡുകൾ പരിശോധിച്ചു തുടങ്ങി. സ്കൗട്ടിൽ പ്രത്യേക താല്പര്യം പുലർത്തിയിരുന്നു. രാജകുമാരന് സ്കൗട്ടിലുള്ള പ്രാവീണ്യത്തെ ബേഡൽ പവൽ പ്രഭുതന്നെ പുകഴ്ത്തുകയുണ്ടായി. തിരുമാടമ്പ് ചടങ്ങ് (പൂണൂൽ ധാരണം നാലുദിവസം നീണ്ടുനില്ക്കുന്ന ചടങ്ങ്) കഴിഞ്ഞ് ഭരണകാര്യങ്ങളിലെ പരിശീലനവുമെല്ലാം കഴിഞ്ഞിട്ടാണ് ശ്രീചിത്തിര തിരുനാൾ തിരുവിതാംകൂർ മഹാരാജാവായി അധികാരമേറ്റത്.

കവടിയാർ കൊട്ടാരത്തിൽ സന്ദർശകരെ സ്വീകരിക്കുന്ന പുറത്തളത്തിലിരുന്ന് കാർത്തികതിരുനാൾ തമ്പുരാട്ടിയും അശ്വതിതിരുനാൾ തമ്പുരാട്ടിയും മാറിവന്ന ഇക്കാലത്തെക്കുറിച്ചു സംസാരിച്ചു. കൊടുങ്കാറ്റിന്റെ വേഗത്തിൽ ആഞ്ഞടിച്ച രാഷ്ട്രീയ മാറ്റത്തിന്റെ ആഘാതമേറ്റ് പതം വന്ന ആ സുമനസ്സുകൾക്ക് നഷ്ടസൗഭാഗ്യങ്ങളെയോർത്തും കൈവിട്ടുപോയ വിശേഷാധികാരങ്ങളെ ചൊല്ലിയും ദുഃഖമുണ്ടെന്നു തോന്നുന്നില്ല. കാലത്തിനൊപ്പം മനം കൊണ്ട് സുരസപ്പെട്ടുമ്പോഴും പാരമ്പര്യത്തിന്റെ ലളിതസുന്ദരങ്ങളായ നന്മകൾ വെടിയാൻ രാജകുടുംബാംഗങ്ങൾ തയ്യാറാവുന്നില്ല. എളിമ അവർക്ക് ഇപ്പോഴും ഭൂഷണമാവുന്നു. ഭൂതകാലത്തിന്റെ അവശേഷിക്കുന്ന നന്മകളെ പാടെ ഇല്ലായ്മ ചെയ്യാൻ ഒരുമ്പെട്ടിറങ്ങുന്ന ഇന്നത്തെ ലോകത്തെച്ചൊല്ലി കാർത്തികതിരുനാൾ തമ്പുരാട്ടി വ്യാകുലപ്പെട്ടു. ചരിത്രസ്മാരകങ്ങൾ സംരക്ഷണം കിട്ടാതെ നശിക്കുന്നു വെന്നു മാത്രമല്ല യാതൊരു വീണ്ടുവിചാരവുമില്ലാതെ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. കിഴക്കേകോട്ട ഇല്ലാതായാൽ പിന്നെ കോട്ടയ്ക്കകം എന്നു പറയുന്നതിലെന്തർത്ഥം?—അശ്വതിതിരുനാൾ ചോദിച്ചു. 'വൺ ഷുഡ് പ്രിസേർവ് വൺസ് ട്രഡിഷൻ'—കാർത്തികതിരുനാൾ പറഞ്ഞു. മാനംമുത്തികളായ കോൺക്രീറ്റ് സൗധങ്ങൾ പൊങ്ങിനിരന്ന് തലസ്ഥാനനഗരിയുടെ ചാരുത നഷ്ടപ്പെടുന്നതിൽ അശ്വതിതിരുനാൾ ഖേദം പ്രകടിപ്പിച്ചു. ജനസേവനത്തിന്റെ മാറിവരുന്ന സങ്കല്പ

ത്തിലെ പൊങ്ങച്ചത്തെച്ചൊലി അവർ നിർദ്ദോഷമായ ഫലിതം പൊട്ടിച്ചു. വനിതാക്ഷേമ പ്രവർത്തനങ്ങൾ നയിക്കാൻ രണ്ടു തമ്പുരാട്ടിമാരും സമയം കണ്ടെത്തുന്നുണ്ട്. ചുവരിൽ പതിഞ്ഞിരിക്കുന്ന രവിവർമ്മച്ചിത്രത്തിന്റെ നിറലയങ്ങളിൽ കണ്ണുടക്കുന്നു. കിളിവാതിലൂടെ നൂഴ്ന്നിറങ്ങുന്ന കാറ്റ് ചരിത്രകഥകൾ കാതിലൂതുന്നു...

വാഞ്ചിരാജ്യപ്രജകൾ രാജഭക്തികൊണ്ട് ആഹ്ളാദാതിരേകരായ മറ്റൊരവസരമായിരുന്നു ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ഇളയ സഹോദരി കാർത്തികതിരുനാൾ തമ്പുരാട്ടിയുടെ പള്ളിക്കെട്ട്. കാർത്തികതിരുനാൾ തമ്പുരാട്ടിയും ക്യാപ്റ്റൻ ഗോദവർമ്മരാജായും തമ്മിലുള്ള പള്ളിക്കെട്ട് 1934 ജനവരി 25-ആം തീയതി രാവിലെ പത്തിനും പതിനൊന്നിനുമിടയ്ക്കുള്ള മുഹൂർത്തത്തിൽ ആർഭാടസമന്വിതം നടന്നു. അതോടനുബന്ധിച്ചു നടന്ന ഘോഷയാത്ര കാണാൻ നാടിന്റെ നാനാഭാഗത്തുനിന്നും വന്ന പ്രജകൾ രാജവീഥിക്കിരുവശത്തും തിങ്ങിനിറഞ്ഞിരുന്നു. ഏഴു ദിവസം നീണ്ടു നിന്നു പള്ളിക്കെട്ടാഘോഷങ്ങൾ.

തമ്പുരാട്ടിമാരോട് വേണാട്ടിലെ ജനങ്ങൾക്കുള്ള ഭക്ത്യാദരങ്ങൾ പണ്ടു മുതല്ക്കേ സുവിദിതമാണ്. ആൺ വഴിതമ്പുരാക്കൻമാർ കാര്യപ്രാപ്തിനേടും വരെ പെൺ വഴി തമ്പുരാക്കൾ ഭരണസാരഥ്യം ഏറ്റെടുത്ത് രാജ്യത്തെ നയിച്ച കീഴ്വഴക്കം പണ്ടുമുതൽക്കേ വേണാട്ടിലുണ്ട്. മകയിരം തിരുനാൾ ആറ്റിങ്ങൽ മൂത്തറാണി റീജന്റ് (എ. ഡി. 1576–77) അശ്വതിതിരുനാൾ ഉമയമ്മറാണി റീജന്റ് (1676–1683) റാണി ഗൗരിലക്ഷ്മിഭായി റീജന്റ് (1810–1815), റാണി ഗൗരിപാർവതീഭായി റീജന്റ് (1815–1829), മഹാറാണി സേതുലക്ഷ്മീഭായി റീജന്റ് (1924–1931), തിരുവിതാംകൂറിലെ സമർത്ഥരായ രാജ്ഞിമാരുടെ പട്ടിക അങ്ങനെ നീളുന്നു. അടിമകൾക്ക് സ്വാതന്ത്ര്യം, അവ—സ്ത്രീകൾക്ക് മാറ്മറയ്ക്കാനുള്ള അവകാശം എന്നിവനല്കപ്പെട്ടതും പൂരപ്പാട്ടും ദേവദാസി സമ്പ്രദായവും നിർത്തൽ ചെയ്തതും സത്രങ്ങൾ എല്ലാർക്കുമായി തുറന്നു കൊടുത്തതും പോലുള്ള സാമൂഹ്യക്ഷേമ നടപടികളുണ്ടായതും ഈ റാണിമാരുടെ ഭരണ കാലങ്ങളിലാണ്. അയിത്തജാതിക്കാരുടെ മാഗ്നകാർട്ട എന്നറിയപ്പെടുന്ന ക്ഷേത്രപ്രവേശന വിളംബരത്തിനു പിന്നിലെ മുഖ്യപ്രേരക ശക്തി അമ്മമഹാറാണി സേതുലക്ഷ്മീഭായി തമ്പുരാട്ടിയായിരുന്നു. വനിതാ വിദ്യാഭ്യാസം തുടങ്ങുന്നതിലും വനിതാക്ഷേമ നടപടികളിലും ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾക്കൊക്കെ മാതൃകയായി തിരുവിതാംകൂർ. ഇദംപ്രഥമമായി ആൾ ഇന്ത്യാ വിമൻസ് കോൺഫറൻസ് ഒരു നാട്ടുരാജ്യത്തിൽ വിളിച്ചു കൂട്ടിയത് 1935 ഡിസംബറിൽ തിരുവനന്തപുരത്തായിരുന്നു. അമ്മമഹാറാണി കോൺഫറൻസിൽ അദ്ധ്യക്ഷയായി ഇരുന്നു. "മാമൂലിന്റെ മട്ടിത്തട്ടിൽ നിന്ന് ചാടിയെഴുന്നേറ്റ് പാശ്ചാത്യ രാജ്യങ്ങളിൽ പോലും എഴുന്നള്ളി പര്യടനം ചെയ്ത ഒന്നാമത്തെ വഞ്ചി മഹാരാജ്ഞി"യാണ് സേതുലക്ഷ്മീഭായി തമ്പുരാട്ടി.

തിരുവിതാംകൂർ ചരിത്രത്തിലെ അവിസ്മരണീയമായ കാലഘട്ടമാണ് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മയുടെ ഭരണകാലം. ഭരണതലത്തിലെ പരിഷ്കരണങ്ങളും സാമൂഹ്യമാറ്റത്തിനുതകുന്ന നിയമനടപടികളും ഒട്ടേറെ ഉണ്ടായി രാജവാഴ്ചയുടെ ആ അന്ത്യഘട്ടത്തിൽ. ഇക്കാലത്ത് തിരുവിതാംകൂർ കൈവരിച്ച വ്യാവസായിക പുരോഗതി അഭൂത

പൂർവമായിരുന്നു. ട്രാവൻകൂർ ടൈറ്റാനിയംപ്രോഡക്ട്സ്, എഫ്.എ.സി.റ്റി ട്രാവൻകൂർ സിറാമിക്സ് (കുണ്ടറ), ആലുവായിലെ ദ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ട്രാവൻകൂർ–കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സൗത്ത് ഇന്ത്യാ റബ്ബർ വർക്സ്, ശ്രീചിത്രാമിൽസ്, കുണ്ടറയിലെയും ആലുവായിലെയും അലുമിനിയം ഫാക്ടറികൾ, ദ ട്രാവൻകൂർ ഒഗേയ്ൽഗ്ളാസ് മാനുഫാക്ച്ചറിങ് കമ്പനി, ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് (പെരുമ്പാവൂർ), ബാലരാമവർമ്മടെക്സ്റ്റയ്ൽസ് ലിമിറ്റഡ് (ചെങ്കോട്ട), വിജയ മോഹിനി മിൽ, കയിലോൺ പെൻസിൽ ഫാക്ടറി, വഞ്ചിനാട് മാച്ചസ് ആൻറ് ഇൻഡസ്ട്രീസ് (പെരുമ്പാവൂർ), ട്രാവൻകൂർ റബ്ബർ വർക്സ് (ചാക്ക), പുനലൂർ പേപ്പർ മിൽസ് തുടങ്ങിയ വ്യവസായശാലകൾ സ്ഥാപിച്ച് കേരളത്തിൽ വ്യാവസായീകരണത്തിന്റെ അടിത്തറ പാകിയത് ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്താണ്. ഇന്ത്യയിൽ ആദ്യത്തെ സിമന്റ് ഫാക്ടറി തിരുവിതാംകൂറിൽ സ്ഥാപിതമായതും അക്കാലത്താണ്. പള്ളിവാസൽജലവൈദ്യുതപദ്ധതി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസ് തുടങ്ങിയവ പ്രവർത്തനമാരംഭിച്ചു. ഇതിനെല്ലാം ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ സഹകരണം മഹാരാജാവിനുണ്ടായിരുന്നു.

തിരുവിതാംകൂർ സർവ്വകലാശാല 1937 നവംബർ ഒന്നിനു ജന്മംകൊണ്ടു. ചിത്രാലയം ആർട്ട് ഗ്യാലറി, സ്വാതിതിരുനാൾ സംഗീത കോളേജ് എന്നിവ സ്ഥാപിതമായി. ഏഷ്യയിൽ ആദ്യമായി വധശിക്ഷ നിർത്തൽ ചെയ്തത് തിരുവിതാംകൂറിലായിരുന്നു, 1944 നവംബർ 11-ആം തീയതി ശ്രീചിത്തിരതിരുനാൾ മഹാരാജാവ് പുറപ്പെടുവിച്ച ഒരു വിളംബരത്തിലൂടെ. ഇന്ത്യയിലെ നാട്ടുരാജാക്കൻമാരിൽ ഏറ്റവും പ്രബുദ്ധനെന്നു പ്രസിദ്ധനായ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ കീഴിൽ ഒരു മാതൃകാരാജ്യമായി പരിലസിച്ച തിരുവിതാംകൂർ. 1933 ഡിസംബറിൽ തിരുവനന്തപുരം സന്ദർശിച്ച വൈസ്രോയി വെല്ലിങ്ടൺപ്രഭുമാഹാരാജാവിന്റെ കാര്യക്ഷമതയെ ശ്ലാഘിച്ചു.

സംസ്കാരത്തിന്റെ പുതിയ കാറ്റിനും വെളിച്ചത്തിനും കടന്നുവരാനായി രാജ്യത്തിന്റെ വാതിലുകൾ തുറന്നിടുകമാത്രമല്ല മഹാരാജാവ് ചെയ്തത്. കടലുകൾ കടന്ന് ചെന്ന് വിഭിന്ന സംസ്കാരങ്ങളെ മനം തുറന്നു മനസ്സിലാക്കാൻ മുതിരുകയും ചെയ്തു. കടലുകൾ താണ്ടിച്ചെന്ന് ഗ്രേറ്റ് ബ്രിട്ടണിലെത്തി അധികാരത്തിന്റെ പരമോന്നതസ്ഥാനവുമായി നേരിട്ട് സമ്പർക്കപ്പെട്ട ആദ്യത്തെ മഹാരാജാവാണ് ശ്രീചിത്തിരതിരുനാൾ. 1932 ലെ യൂറോപ്യൻ പര്യടനത്തിൽ മഹാരാജാവ് ലണ്ടൻ, ബ്രസ്സൽസ്, ബെർലിൻ, ജനീവ, മിലാൻ, വെനീസ്, റോം തുടങ്ങിയ നഗരങ്ങൾ സന്ദർശിച്ചു. വത്തിക്കാനിൽ ചെന്ന് പോപ്പ് പിയൂസ് പതിനൊന്നാമനെ കണ്ടു സംസാരിച്ചു. തിരുവിതാംകൂറിന്റെ പെരുമയും മഹിമയും വിദേശങ്ങളിൽ വിലമതിക്കപ്പെടാൻ ആ പര്യടനം ഏറെ ഉപകരിച്ചു. ചരിത്രത്തിലാദ്യമായി ഇംഗ്ളീഷ് രാജാവും സെക്രട്ടറി ഒഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും തിരുവിതാംകൂർ ഭരണാധികാരിയെ കൈനീട്ടി സ്വീകരിച്ചു. യൂറോപ്യൻ പര്യടനത്തിൽ ഇളയരാജാവും മഹാരാജാവിനെ അനുഗമിച്ചിരുന്നു. ഇതിനു മുന്നോടിയായി നേരത്തെ അമ്മ മഹാറാണി യൂറോപ്പ് സന്ദർശിച്ചിരുന്നു. 1937 ൽ നെതർലെഡ്സും ഈസ്റ്റ് ഇൻഡീസും മഹാരാജാവ് സന്ദർശിക്കുകയുണ്ടായി.

രാജാക്കൻമാരുടെ പ്രജാവാൽസല്യത്തിനും പ്രജകളുടെ രാജഭക്തിക്കും പണ്ടുമുതല്ക്കേ പ്രസിദ്ധമാണ് വേണാട്. ഇംഗ്ളീഷ് ഈസ്റ്റിന്ത്യാക്കമ്പിനിയുമായി ഉടമ്പടിയെത്തിയതു കാരണം പടയോട്ടങ്ങൾക്കും യുദ്ധങ്ങൾക്കും ഇറങ്ങിപ്പുറപ്പെടേണ്ട ആവശ്യം ഉണ്ടായില്ല. പൊതുവെ സ്വച്ഛമായ ഈ രാഷ്ട്രീയ സാഹചര്യമാണ് പ്രജാക്ഷേമതല്പരരാവാൻ തിരുവിതാംകൂറിലെ മഹാരാജാക്കൻമാരെ സഹായിച്ചത്. രാജകുടുംബത്തിന്റെ ഈ പ്രജാക്ഷേമനിരതത്വം അതിന്റെ പാരമ്യത്തിലെത്തിയത് ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്താണ്. ജനങ്ങളുടെ രാജഭക്തി കൊടുമ്പിരിക്കൊണ്ടു നിന്നതും അപ്പോൾ തന്നെ. ദിവാൻ സർ സി. പി. രാമസ്വാമി അയ്യർക്കെതിരെ ജനരോഷം തിളച്ചു മറിഞ്ഞപ്പോഴും രാജഭക്തിക്ക് ഒരു ഊനവും തട്ടിയില്ല. സ്വാതന്ത്ര്യസമരം ശക്തമായപ്പോഴും അങ്ങനെതന്നെയായിരുന്നു. കൊന്നുവെന്നും ചോരചൊരിഞ്ഞും നാടുവെട്ടിപ്പിടിച്ചും ആധുനിക തിരുവിതാംകൂറിന് അടിത്തറപാകിയ മാർത്താണ്ഡവർമ്മ മഹാരാജാവ് ശ്രീപത്മനാഭസ്വാമിയുടെ കാൽക്കൽ ഉടവാൾ വച്ച് രാജ്യം തൃപ്പടിദാനം ചെയ്ത് 1750 ജനുവരി 17-ആം തീയതി ശ്രീപത്മനാഭ ദാസൻ ആയത് സമൂഹ മനഃസക്ഷിയെ ചില്ലറയൊന്നുമല്ല സ്വാധീനിച്ചത്. ശ്രീപത്മനാഭനാണ് രാജ്യം വാണരുളുന്നത്. മഹാരാജാവ് ഒരു ആൾപ്പേരു മാത്രം. തിയോക്രസിയുടെ ഈ ദേശ്യഭേദം തിരുവിതാംകൂറിനെ അന്തഃചിദ്രങ്ങളാൽ ശിഥിലമാകാൻ വിടാതെ ഉറപ്പിച്ചു നിർത്തിയ വജ്റപ്പശയായി. ആസന്നമരണനായി കിടക്കവേ മാർത്താണ്ഡവർമ്മ മഹാരാജാവ് അനന്തരവൻ കാർത്തികതിരുനാൾ രാമവർമ്മയെ വിളിച്ച് എന്തു വന്നാലും ബ്രിട്ടീഷുകാരുമായുള്ള സ്നേഹത്തിനു ഹാനിവരുത്താൻ ഇടയാക്കരുതെന്ന് കല്പിച്ചുവത്രെ. ബ്രിട്ടീഷുകാരുമായി ഇടഞ്ഞാൽ അത് നീണ്ടുനില്ക്കുന്ന യുദ്ധത്തിനിടവരുത്തുമെന്നും തന്റെ രാജ്യം ശിഥിലമാകുമെന്നും മാർത്താണ്ഡവർമ്മ മഹാരാജാവ് ദീർഘവീക്ഷണം ചെയ്തിരിക്കണം. ശ്രീപത്മനാഭദാസനായി ശ്രീപത്മനാഭനുവേണ്ടി രാജ്യം ഭരിക്കുന്ന രാജാവ് പ്രജകളുടെ പ്രത്യക്ഷ ദൈവമായി. വേലുത്തമ്പി ദളവ പ്രക്ഷോഭം സംഘടിപ്പിച്ചത് അഴിമതിക്കാരായ ജയന്തൻ ശങ്കരൻ നമ്പൂതിരിക്കും ശങ്കരനാരായണൻ ചെട്ടിക്കും മാത്തുത്തരകനുമെതിരെയായിരുന്നു. വേലുത്തമ്പി യുദ്ധം ചെയ്തത് തിരുവിതാംകൂറിന്റെ ഭരണകാര്യങ്ങളിൽ അന്യായമായി കൈകടത്താൻ മുതിർന്ന ബ്രിട്ടീഷുകാരോടായിരുന്നു. ഉമ്മിണിത്തമ്പി കലാപം കൂട്ടിയത് കേണൽ മണറോയ്ക്കെതിരെയായിരുന്നു.

ബ്രിട്ടീഷുകാരുമായുള്ള തിരുവിതാംകൂറിന്റെ ബന്ധം എല്ലായ്പ്പോഴും മെച്ചപ്പെട്ടതായിരുന്നുവെന്നുപറയാൻ വയ്യ. അവരുടെ സാമ്രാജ്യത്വ കുത്സിത വൃത്തികൾ ദേശാഭിമാനികളായ തിരുവിതാംകൂറുകാരെ പലപ്പോഴും വേദനിപ്പിച്ചിട്ടുണ്ട്. ബ്രിട്ടീഷ് ഭരണാധികാരികളുടെ മേൽക്കോയ്മാപരമായ പീഡനങ്ങൾ തിരുവിതാംകൂർ മഹാരാജാക്കൻമാരിൽ പലരുടെയും സൈരം കെടുത്തുന്നയളവിൽ അതിക്രമിച്ചിട്ടുമുണ്ട്. എങ്കിലും സമാധാനപരമായ ആ സഹവർത്തിത്വത്തിനു ഉടവു തട്ടാതിരിക്കാൻ തിരുവിതാംകൂർ രാജവംശം ആദ്യന്തം ശ്രമിച്ചിരുന്നു. ആധുനികതയുടെ പുലരിവെട്ടത്തിലേക്ക് പ്രജകളെ നയിക്കാൻ ആ സഹവർത്തിത്വം വേണാട്ടരചന്മാരെ പ്രാപ്തരാക്കി എന്നതും ഓർക്കണം. ഇന്ത്യയിലെ മറ്റെല്ലാ നാട്ടുരാജ്യങ്ങൾക്കും മുമ്പേ സാമൂഹ്യമാറ്റത്തിന്റെ പാതയിൽ തിരുവിതാംകൂർ

ചെന്നെത്തിനിന്നതിനു പരോക്ഷ പ്രേരണയും അതാണ്.

ബ്രിട്ടീഷുകാരുമായുള്ള തിരുവിതാംകൂറിന്റെ ബന്ധത്തിന് ആദ്യവിത്തുകൾ പാകിയത് ഉമയമ്മറാണിയായിരുന്നു. ഈസ്റ്റിന്ത്യാകമ്പനിക്ക് അഞ്ചുതെങ്ങിൽ പണ്ടകശാലകെട്ടാൻ അനുമതി കൊടുത്തത് ആ രാജ്ഞിയായിരുന്നു. റാണി ഗൗരിലക്ഷ്മീഭായിയുടെ കാലത്ത് റെസിഡന്റായി വന്ന കേണൽ മൺറോ ദിവാൻ ഉദ്യോഗവും കുറെക്കാലം ഭരിച്ചു. റാണി ഗൗരിപാർവതീഭായിയുടെ കാലത്ത് റെസിഡന്റിന്റെ ഉപദേശം അനുസരിച്ചേ ദിവാന്മാരെ നിയമിക്കാവൂ എന്നു നിഷ്കർഷ വന്നു. അന്യദേശക്കാർ തിരുവിതാംകൂർ ദിവാന്മാരുമായി അടങ്ങിയത് അതോടെയാണ്. ഭരണകാര്യങ്ങളിൽ ബ്രിട്ടീഷുകാരുടെ കൈകടത്തൽ സ്വാതിതിരുനാൾ മഹാരാജാവിനെ കുറച്ചൊന്നുമല്ല അസ്വസ്ഥപ്പെടുത്തിയത്. റസിഡന്റ് കല്ലനോട് സ്വാതിതിരുനാൾ രൂക്ഷമായി ഇടഞ്ഞത് ബ്രിട്ടീഷ് മേല്ക്കോയ്മയുടെ പീഡനമേറ്റ് ആത്മഭിമാനം നൊന്തുണർന്നപ്പോഴാണ്. മനംനൊന്തു കിരീടം വെടിഞ്ഞ് സിംഹാസനത്തിൽ നിന്നിറങ്ങി പോകാൻപോലും ആലോചിച്ചതാണ് സ്വാതിതിരുനാൾ. ഒരു ഘട്ടത്തിൽ പൂർവ്വികരായ മഹാരാജാക്കന്മാർക്ക് മേൽമീശയുള്ളവരായിരുന്നു. സ്വാതിതിരുനാൾ മേൽമീശ വയ്ക്കുകയും സാംസ്ഥാനികച്ചടങ്ങുകളിൽ സംബന്ധിക്കുമ്പോൾ ഉടവാൾ ധരിക്കുകയും ചെയ്യുന്ന പതിവ് വേണ്ടെന്നുവച്ചു. അതിന് മഹാരാജാവിന്റെ വിശദീകരണം ഇങ്ങനെയായിരുന്നു: "നമ്മുടെ പൂർവ്വികരോ, അവർ സ്വാതന്ത്ര്യരായിരുന്നു. നാമോ, കേവലം ആജ്ഞാനുവർത്തി! എന്നു സ്വാതന്ത്ര്യം കിട്ടുമോ അന്നു നാം മേൽമീശവയ്ക്കുകയും ഉടവാൾ ധരിക്കുകയും ചെയ്യും." സ്വാതിതിരുനാളിനുശേഷം തിരുവിതാംകൂർ മഹാരാജാക്കന്മാർ ആരും തന്നെ മേൽമീശവയ്ക്കുകയോ സാംസ്ഥാനികച്ചടങ്ങുകളിൽ സംബന്ധിക്കുമ്പോൾ ഉടവാൾ ധരിക്കുകയോ ചെയ്തിട്ടില്ലത്രേ. തിരുവിതാംകൂറിൽ സ്വാതിതിരുനാളിന്റെ കാലത്താരംഭിച്ച ആധുനികവിദ്യാഭ്യാസമാണ് സാംസ്കാരികമാറ്റത്തിന്റെ പുതിയ തലമുറയെ സൃഷ്ടിച്ചു വിട്ടത്. ഇംഗ്ളീഷ് വിദ്യാഭ്യാസത്തിന് തിരുവിതാംകൂറിൽ തുടക്കമിട്ടത് അദ്ദേഹമായിരുന്നു. കലയുടെ കനകോജ്ജ്വലമായ ഒരു കാലമായിരുന്നു, അത്. ഭോജരാജാവിനെ അനുസ്മരിപ്പിക്കുന്ന കലാജീവിതം. ത്യാഗരാജസ്വാമികൾക്കുശേഷം കർണ്ണാടക സംഗീതത്തിലെ മഹാന്മാരായ വിഗ്ഗേയകാരന്മാരിലൊരാൾ. തിരുവിതാംകൂർ കൊട്ടാരത്തിലെ സംഗീത നൃത്തസദസ്സുകൾ ഇന്ത്യയിലെല്ലാഭാഗത്തു നിന്നുമുള്ള കലാകാരന്മാരുടെ ആശ്രയകേന്ദ്രമായി ധർമ്മരാജാവിന്റെ കാലത്താണ് (1758–1798) തിരുവിതാംകൂറിന്റെ രാജധാനി പത്മനാഭപുരത്തുനിന്ന് തിരുവനന്തപുരത്തേക്ക് മാറ്റിയത്. ധർമ്മരാജാവെന്ന് പുകൾപെറ്റ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂർ കൊട്ടാരത്തിനു സാഹിത്യ സൗരഭ്യം പകരാൻ കുഞ്ചൻ നമ്പ്യാരും ഉണ്ണായിവാര്യരും രാമപുരത്തുവാര്യരുമുണ്ടായിരുന്നു. സ്വാതിതിരുനാളിനു താരാട്ടെഴുതാൻ ഇരയിമ്മൻ തമ്പിയുണ്ടായിരുന്നു.

മനുഷ്യാന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ജനകീയ പ്രക്ഷോഭങ്ങളുടെ ധീരോദാത്തമായ ചരിത്രം കൂടിയാണ് തിരുവിതാംകൂറിന്റേത്. ആ പ്രക്ഷോഭണങ്ങളെ അടിച്ചമർത്താനുള്ള ക്രൂരത കാട്ടാതെ മനുഷ്യത്വത്തിന്റെ ഉദാരതയോടെയും നയതന്ത്രജ്ഞോചിതമായ ദീർഘവീക്ഷണത്തോടെയും നേരിടുകയാണ് തിരുവിതാംകൂർ മഹാരാജാക്കന്മാർ പൊതുവെ

ചെയ്തത്. തിരുവിതാംകൂറിന്റെ നെല്ലറയായ നാഞ്ചിനാട്ടിലെ ജനങ്ങൾ നാട്ടുകൂട്ടങ്ങൾ കൂടി കൃഷിയായുധങ്ങൾ ഉപേക്ഷിച്ച് നിസ്സഹകരണ പ്രക്ഷോഭം സംഘടിപ്പിച്ചത് മുഖ്യമായും അമിതമായ കരം അടിച്ചേല്പിച്ച റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരെയായിരുന്നു. മഹാരാജാവിന്റെ മാതുല തുല്യമായ വാത്സല്യം അതിനുശേഷം നാഞ്ചിനാട്ടുപിള്ളമാരെ വിശ്വസ്തരായ രാജസേവകരാക്കി മാറ്റുകയാണുണ്ടായത്. മാറുമറയ്ക്കൽ സമരത്തിന്റെ തുടക്കം തുറന്ന ജാതിപ്പോരാട്ടമായിരുന്നു. സാമൂഹ്യാനീതികൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ മഹാരാജാവിന്റെ അവസരോചിതമായ ഇടപെടലോടെ ഫലപ്രദമാവുന്ന വഴക്കമാണ് തിരുവിതാംകൂറിലുള്ളത്. പുരോഗമനപരമായ ഒട്ടേറെ നിയമനടപടികൾക്ക് അത് വഴിതെളിച്ചു. ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് (1860–1880) ദിവാൻ ടി. മാധവറാവുവിന്റെ സഹകരണത്തോടെയുണ്ടായ പുരോഗമനപരമായ പരിഷ്കാരങ്ങൾ തിരുവിതാംകൂറിന്റെ ആധുനികീകരണത്തെ ത്വരിതപ്പെടുത്തി. സെക്രട്ടറിയേറ്റ് മന്ദിരം പണിതത് അക്കാലത്താണ്. വിശാഖം തിരുനാൾ രാമവർമ്മ (1880–1885)യുടെയും ശ്രീമൂലം തിരുനാൾ രാമവർമ്മ (1885–1924)യുടെയും ഭരണകാലത്ത് കൂടുതൽ പരിഷ്കരണ നടപടികൾ ഉണ്ടായി. സർക്കാർ വിദ്യാലയങ്ങളിലുംഗവൺമെന്റ് സർവ്വീസുകളിലും അയിത്ത ജാതിക്കാർക്ക് പ്രവേശനമനുവദിച്ചത് ശ്രീമൂലം തിരുനാളാണ്. ഇന്ത്യയിൽ ആദ്യമായി 1888-ൽ ഒരു ലെജിസ്‌ളേറ്റീവ് കൗൺസിൽ തുറന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ഭരണപരിഷ്കാരം. കൂടുതൽ പ്രാതിനിധ്യത്തോടെ 1904-ൽ അതുശ്രീമൂലം പോപ്പുലർ അസംബ്ളി ആയി. ദിവാൻ രാജഗോപാലാചാരിയുടെ ദുർഭരണത്തെ നിശിതമായി വിമർശിച്ചതിനാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ടത്. വൈക്കം സത്യാഗ്രഹം (1924–1925) നടന്നതും ഇക്കാലത്താണ്. നായർ റെഗുലേഷൻ പാസ്സാക്കിയതോടെ ശ്രീമൂലം തിരുനാൾ മരുമക്കത്തായത്തിൽ നിന്നും മക്കത്തായത്തിലേക്കുള്ള വമ്പിച്ച സാമൂഹ്യ മാറ്റത്തിന് വഴിതെളിച്ചു. ലെജിസ്‌ളേറ്റീവ് കൗൺസിലിനെ വികസിപ്പിച്ച് ശ്രീമൂലം അസംബ്ളിയും ശ്രീചിത്രാസ്റ്റേറ്റ് കൗൺസിലുമാക്കി വിഭജിച്ചത് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവാണ്.

നൂറ്റാണ്ടുകളുടെ സാംസ്കാരത്തുടർച്ചയുടെ ഇങ്ങേത്തലയ്ക്കലെ കണ്ണിയാണ് ഇപ്പോഴത്തെ റോയൽ ഫാമിലി. പഴങ്കഥകളിലും ഐതീഹ്യങ്ങളിലും പൂണ്ടു കിടക്കുന്നു. വേണാട്ടു രാജവംശത്തിന്റെ ആദിമചരിത്രം. ഭാനുവിക്രമൻ എന്ന രാജാവിനെ പത്മനാഭ പുരത്തുവച്ച് പരശുരാമൻതന്നെ കിരീടം ധരിപ്പിച്ച് രാജാവായി അഭിഷേകം ചെയ്തുവെന്നാണ് ഐതീഹ്യം. ചേരരാജാക്കന്മാരുടെ പിന്തുടർച്ചക്കാരാണ് തിരുവിതാംകൂർ രാജകുടുംബം. ചേരമാൻപെരുമാൾ തന്റെ മൂന്നാം ഭാര്യയിലെ പുത്രനായ വീരകേരളനെ കലിയുഗം തുടങ്ങി 3412-ആം വർഷം തെക്കുവേണാട്ടുകരയും (നെയ്യാറ്റിൻകര) തിരുവിതാംകോട്ടും എഴുതിക്കൊടുത്ത് തുലാ പുരുഷദാനവും പത്മഗർഭവും ചെയ്ത് കിരീടം ധരിപ്പിച്ച് കുലശേഖരപ്പെരുമാളായി വാഴിച്ചുവെന്ന് കൊട്ടാരം ഗ്രന്ഥവരിയിൽ പറയുന്നു. കിഴക്ക് ഇരട്ടമലയുടെ അടുത്തുള്ള പന്നിവായ്ക്കലും തെക്കുപടിഞ്ഞാറ് കടലും വടക്ക് ഇടവാപൊഴിയുമായിരുന്നത്രെ ആ രാജ്യത്തിന്റെ അതിർത്തികൾ. കലിവർഷം തുടങ്ങി 3927-ആം വർഷത്തിൽ (എ.ഡി.825) ഉദയമാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ കൊല്ലവർഷം ആരംഭിച്ച

തായി പറയപ്പെടുന്നു. ഇടയ്ക്കിടെ കണ്ണികളറ്റ് മറവിയിലാണ്ടു കിടക്കുകയാണ് ആ ആദ്യ കാലങ്ങൾ. ക്രിസ്തുവർഷം ഒൻപതാം ശതകത്തിൽ തിരുവടികളെന്ന രാജാവ് നാടുവാണിരുന്ന കാര്യം അദ്ദേഹത്തിന്റെ തരിസ്സാപ്പള്ളി ചെമ്പുപട്ടയത്തിൽ നിന്ന് വ്യക്തമാണ്. തരിസാപ്പള്ളിക്കു കൊല്ലം പട്ടണത്തിലൊരു ഭാഗത്ത് സ്ഥലം നൽകിയതിനുള്ള പ്രമാണമാണ് പ്രസ്തുത പട്ടയം. അയ്യനടികൾ തിരുവടികൾക്കുശേഷം ആയിരത്തിനാല്പത്തിരണ്ടുവർഷം കഴിഞ്ഞ് അധികാരം കൈയേറ്റ ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ രാജാവാണ് ചേരരാജവംശത്തിലെ അവസാനത്തെ കണ്ണി. അശോകചക്രവർത്തിയുടെ ബി.സി.മൂന്നാം ശതകത്തിലെ ശിലാശാസനങ്ങളിൽ തെക്കെ ഇന്ത്യയിലെ പുരാതന ചേരരാജവംശത്തെ പരാമർശിക്കുന്നുണ്ട്.

കുറഞ്ഞത് അയ്യായിരം വർഷത്തെയെങ്കിലും സഞ്ചിത സുകൃതമാണ് ഒരു സജീവസാന്നിദ്ധ്യമായി നമ്മുടെയിടയിലൂടെ നഗ്നപാദനായി ഇതാ നടന്നിറങ്ങിവരുന്നത്. ഒരു സുവർണ്ണയുഗത്തിന്റെ അവസാനത്തെ കണ്ണി. ഒരിക്കൽ സിംഹാസനാരൂഢനായി രാജ്യംവാണ പൊന്നുതമ്പുരാൻ ഒരു സാധാരണ പൗരനായി നമ്മുടെയിടയിൽ വന്ന് ഇരിക്കുന്നു. സ്വാതിതിരുനാളിന്റെ നവരാത്രി കീർത്തനങ്ങളിലൊന്നു പാടി നിർത്തിയ യേശുദാസിനെ അനുമോദിക്കാൻ നമുക്കിടയിൽ, നമുക്കൊപ്പമിരുന്ന് ഒരുമഹാരാജാവ് കൈയടിക്കുന്നു; നിഷ്കളങ്കമായി ചിരിക്കുന്നു.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA